# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2021 ജനുവരി 14 / ദീപം 53 / നാളം 35 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.org





# വളർച്ചയുടെ വാക്സിൻ തേടി



**റ്റി.സി. മാത്യു**

ഇന്നലത്തെക്കാൾ മെച്ചപ്പെട്ട ഇന്ന്, ഇന്നത്തെക്കാൾ മെച്ചപ്പെട്ട നാളെ. എല്ലാവരുടെയും സ്വപ്നം അതാണ്. ശരാശരി ഇന്ത്യക്കാരന് ഇപ്പോൾ ആ സ്വപ്നം സഫലമാകില്ല.

2019 നെ അപേക്ഷിച്ചു തൊഴിലും വരുമാനവും കുത്തനെ ഇടിഞ്ഞ വർഷമാണ് കടന്നുപോയത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസി(എൻഎസ്ഒ)ന്റെ കണക്കനുസരിച്ച് ജനുവരി മുതൽ സെപ്റ്റംബർ 30 വരെ രാജ്യത്തു ജിഡിപിയിലുണ്ടായ കുറവ് 12 ശതമാനം വരും. ഡിസംബർ ആദ്യപാദത്തിൽ നേരിയ തോതിൽ വളർന്നാലും ജനുവരി - ഡിസംബറിലെ ജിഡിപി 10 ശതമാനം കുറഞ്ഞിരിക്കും.

## ജിഡിപി എന്നാൽ തൊഴിലും പണവും

ജിഡിപി (മൊത്ത ആഭ്യന്തരോത്പാദനം) എന്ന സാങ്കേതികപദം വികാരം ജനിപ്പിക്കുന്നതല്ല. രാജ്യത്ത് ഒരു വർഷമുണ്ടാകുന്ന സമ്പത്താണു ജിഡിപി എന്നു മനസ്സിലാക്കിയാലും കാര്യമില്ല. ഈ സമ്പത്താണ് വരുമാനമായും (ഉത്പന്നവില, കച്ചവടലാഭം) തൊഴിലായും (ശമ്പളം, കൂലി, കമ്മീഷൻ) നമുക്കു കിട്ടുന്നത് എന്നതാണു മനസ്സിലാക്കേണ്ടത്.

ജിഡിപി കൂടുന്നു എന്നാൽ വരുമാനവും തൊഴിലും കൂടുന്നു എന്നർഥം. ജിഡിപി കുറഞ്ഞാൽ വരുമാനവും തൊഴിലും കുറയും. ഏപ്രിൽ - ജൂണിൽ രാജ്യത്തു ജിഡിപി 23.9 ശതമാനം കുറഞ്ഞപ്പോൾ കോടിക്കണക്കിനാൾക്കാർക്കാണു തൊഴിൽ നഷ്ടമായത്.

## രണ്ടു വർഷം പിന്നിലാകും

ഇപ്പോൾ പറയുന്നു, 2020-ൽ ജിഡിപി പത്തു ശതമാനം കുറയുമെന്ന്; അടുത്ത വർഷം പത്തു ശതമാനം കൂടുമെന്നും. അപ്പോൾ എന്താണു സംഭവിക്കുക?

2019 ൽ 100 രൂപ വരുമാനം ഉണ്ടായി. 2020 ൽ 10 ശതമാനം കുറഞ്ഞപ്പോൾ വരുമാനം 90 രൂപയായി. 2021 ൽ 10 ശതമാനം കൂടുമ്പോൾ വരുമാനം (90+9) 99 രൂപ. രണ്ടു വർഷം മുമ്പുണ്ടായിരുന്നതിലും ഒരു രൂപ കുറവ്.

ആളോഹരിവരുമാനം ഇതിലും താഴെയാകും. ഓരോ വർഷവും ജനസംഖ്യ ഒന്നേകാൽ ശതമാനം കൂടുന്നുണ്ട്. രണ്ടു വർഷംകൊണ്ടു മൂന്നു കോടി ജനം വർധിച്ചു. അത്ര പേർക്കുകൂടി രാജ്യത്തെ സമ്പത്തു വീതം വയ്ക്കുമ്പോൾ 99 എന്നതു വീണ്ടും കുറയും.

## മഹാമാരിയായി തൊഴിലില്ലായ്മ

ഏഴും എട്ടും അതിലേറെയും ശതമാനം വളർന്നാൽ മാത്രമേ ഓരോ വർഷവും പഠിച്ചിറങ്ങുന്നവർക്കു തൊഴിൽ കൊടുക്കാൻ പറ്റൂ. അപ്പോൾ രണ്ടു വർഷം വളരാതിരുന്നാലോ? കൊവിഡിനെക്കാൾ വലിയ മഹാമാരിയായി തൊഴിലില്ലായ്മ മാറും.

2021 തുടങ്ങുന്നത് ഈ ഇരുണ്ട ചിത്രത്തോടെയാണ്. ഓഹരിവിപണികളിൽ കാളക്കൂറ്റന്മാർ കുതിച്ചുയരുന്ന ഓഹരിവിലയുടെ പേരിൽ അർമാദിക്കുമ്പോൾ യുവത്വം പണിയെവിടെ എന്നന്വേഷിച്ച് അലയുന്നു. പണിയുള്ളവരാകട്ടെ വെട്ടിക്കുറച്ച വേതനം എന്നു പുനഃസ്ഥാപിക്കും എന്നറിയാതെ വിഷമിക്കുന്നു.

## നയംമാറ്റങ്ങൾ തകൃതിയായി

പ്രതിസന്ധിവേളകൾ വലിയ സാമ്പത്തികനയം മാറ്റങ്ങൾക്ക് അവസരമാക്കുകപതിവാണ്. 1991 ൽ രണ്ടാഴ്ചത്തെ ഇറക്കുമതിക്കുപോലും വിദേശനാണ്യമില്ലാതെ വന്നപ്പോഴാണു സാമ്പത്തിക ഉദാരവൽക്കരണത്തിനു രാജ്യം തുടക്കമിട്ടത്. ബാങ്കിംഗിലും ഇൻഷ്വറൻസിലും അടക്കം വിദേശ മൂലധനത്തിനു പ്രവേശനം അനുവദിച്ചു. ഇറക്കുമതിച്ചുങ്കം കുറച്ചു. നികുതിനിരക്ക് താഴ്ത്തി. ലൈസൻസ് - പെർമിറ്റ് രാജ് അവസാനിപ്പിച്ചു.

ഇപ്പോൾ കൊവിഡ് പ്രതിസന്ധി വേറേ നയംമാറ്റങ്ങൾക്ക് അവസരമാക്കിയിരിക്കുകയാണു നരേന്ദ്ര മോദി സർക്കാർ. കൃഷി, തൊഴിൽ, ബാങ്കിംഗ് മേഖലകളിൽ ഒട്ടൊക്കെ സമഗ്രമായ മാറ്റങ്ങളാണു കൊണ്ടുവന്നിരിക്കുന്നത്.

## കൃഷിയെ സർക്കാർ കൈയൊഴിയുന്നു

കാർഷികപരിഷ്കാരങ്ങൾ ഒറ്റവാക്കിൽ പറഞ്ഞാൽ കാർഷികമേഖലയിൽനിന്നു സർക്കാർ പിന്മാറുന്നതാണ്. സ്വകാര്യമുതലാളിത്തത്തിനു കാർഷികമേഖല തുറന്നുകൊടുക്കുന്നു.

നിയന്ത്രിത കാർഷികവിപണികളെ (എപിഎംസി ചന്തകൾ) നിഷ്ഫലമാക്കാൻ നികുതിയില്ലാത്ത സ്വകാര്യചന്തകൾ അനുവദിക്കുന്നു. അവശ്യസാധന നിയമം പ്രയോഗത്തിൽ ഇല്ലാതാക്കുന്നു. ആർക്കും ഏതു സാധനവും ഏതളവിലും വാങ്ങി സൂക്ഷിക്കാം. കരാർകൃഷി സമ്പ്രദായം നിയമപരമാക്കുന്നു. കരാറിൽ കോടതിക്ക് ഇടപെടാൻ അധികാരമില്ലാതാക്കുന്നു. ഇതാണു പരിഷ്കാരങ്ങൾ

ഇതിനു ധാരാളം നേട്ടങ്ങൾ സർക്കാർ പറയുന്നു. ഇടനിലക്കാരെ ഒഴിവാക്കുന്നു; കർഷകന്റെ ഉത്പന്നം ആർക്കുവേണമെങ്കിലും കൊടുക്കാം എന്നു വരുന്നു; കമ്പനികളുമായി മുൻപേ കരാർ ഉണ്ടാക്കി കൃഷി ചെയ്ത് ഉത്പന്നം കമ്പനികൾക്കു കൊടുക്കാൻ പറ്റുന്നു. ഇങ്ങനെ പലതും.

പക്ഷേ, കർഷകർക്കുമാത്രം നേട്ടം മനസ്സിലാകുന്നില്ല. അതിന്റെ കാരണമറിയണമെങ്കിൽ ഇന്ത്യ ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യുന്നതും പയറുവർഗങ്ങളും ഭക്ഷ്യയെണ്ണയും ഇറക്കുമതിചെയ്യുന്നതും എന്തുകൊണ്ടാണെന്നറിയണം.

## താങ്ങുവിലയും സംഭരണവും

ഗോതമ്പും നെല്ലും സർക്കാർ താങ്ങുവില പ്രഖ്യാപിച്ചു സംഭരിക്കുന്നു. അതിനാൽ, കർഷകർ അവ കൂടുതൽ കൃഷി ചെയ്യുന്നു. താങ്ങുവിലയ്ക്കു വിൽക്കാമെന്നതിനാൽ നഷ്ടമില്ല.

പയറുവർഗങ്ങളും എണ്ണക്കുരുക്കളും സംഭരിക്കുന്നില്ല. താങ്ങുവില പ്രഖ്യാപിക്കാറുണ്ടെന്നു മാത്രം. സംഭരണമില്ലാത്തതിനാൽ വില കയറിയിറങ്ങും. കൃഷിക്കാർക്കു വരുമാനം ഉറപ്പില്ല.

ഇതുകൊണ്ട് കൂടുതൽ പേർ നെല്ലും ഗോതമ്പും കൃഷി ചെയ്യുന്നു. നിശ്ചിത വില ഉറപ്പുള്ള കരിമ്പും കൃഷി ചെയ്യുന്നു. ഇപ്പോൾ ധാന്യങ്ങളും പഞ്ചസാരയും കയറ്റുമതി ചെയ്ത് ഇന്ത്യ പണം നേടുന്നു.

അതേസമയം ഭക്ഷ്യയെണ്ണ ക്രൂഡ് ഓയിലും സ്വർണവും കഴിഞ്ഞാലുള്ള ഏറ്റവും വലിയ ഇറക്കുമതി ഇനമായി മാറി. എണ്ണക്കുരുക്കളും പയറുവർഗങ്ങളും കൃഷി ചെയ്താൽ സംഭരണമില്ല. കൊപ്രയ്ക്കു താങ്ങുവില പ്രഖ്യാപിക്കാറുണ്ടെങ്കിലും സംഭരിക്കാറില്ല. നാളികേരകർഷകൻ പാമോയിൽ കുത്തകകളുടെ കാരുണ്യത്തിലേക്കു വലിച്ചെറിയപ്പെടുന്നു.

ഈ അവസ്ഥ ധാന്യക്കർഷകർക്കും വരും. പുറമേ, കരാർ കൃഷി ആത്യന്തികമായി പഴയ ജമീന്ദാരിയായി മാറും; കർഷകർ പാട്ടക്കർഷകരും.

കുത്തക ഭക്ഷ്യസംസ്കരണക്കമ്പനികൾക്കും കുത്തക റീട്ടെയിൽ ശൃംഖലകൾക്കും കാർഷികോത്പന്നങ്ങൾ തോന്നും പടി സംഭരിച്ചു കൃത്രിമ ക്ഷാമമുണ്ടാക്കി കൊള്ളലാഭമെടുക്കാം. ആരും തടസം നിൽക്കില്ല.

## തൊഴിൽനിയമങ്ങളിലെ പൊളിച്ചെഴുത്ത്

തൊഴിൽനിയമപരിഷ്കാരം പ്രായോഗികമായി സ്ഥിരം ജോലി ആശയം ഇല്ലാതാക്കും. മിനിമം വേതനം, സാമൂഹ്യസുരക്ഷാപദ്ധതി തുടങ്ങിയവയിൽ തൊഴിലാളി അനുകൂല നടപടികൾ ഉണ്ട്. പക്ഷേ, ജോലി സമയം (എട്ടു മണിക്കൂറിനു പകരം 12 മണിക്കൂർവരെ എന്നാകും), കരാർ ജോലി വ്യവസ്ഥകൾ, ലേ ഓഫ് - പിരിച്ചുവിടീൽ വ്യവസ്ഥകൾ, പണിമുടക്കുവ്യവസ്ഥകൾ തുടങ്ങിയവയിൽ തൊഴിലാളികൾക്കു ദോഷകരമാണു മാറ്റങ്ങൾ. ഹയർ ആൻഡ് ഫയർ (എടുക്കുക, പറഞ്ഞുവിടുക) രീതി നിയമവിധേയമാക്കുന്നതാണു മാറ്റങ്ങൾ.

## ബാങ്കിംഗിലും മടങ്ങിപ്പോക്ക്

ബാങ്കിംഗിലും ചരിത്രം പിന്നോട്ടു നടക്കാനുതകുന്ന മാറ്റങ്ങളാണു വരുന്നത്. കോർപറേറ്റുകൾക്കു ബാങ്കുകൾ നടത്താൻ അനുമതി നൽകാൻ അന്തരീക്ഷം ഒരുക്കിക്കഴിഞ്ഞു. പഞ്ചാബ് ആൻഡ് മഹാരാഷ്ട്ര കോ ഓപ്പറേറ്റീവ് (പിഎംസി) ബാങ്കിനെ ഏതെങ്കിലും കമ്പനിക്ക് ഏല്പിച്ചുകൊടുത്തുകൊണ്ടാകും തുടക്കം. പിന്നീട് ദുർബല സ്വകാര്യ ബാങ്കുകൾ കൈമാറും. അതിനുശേഷം പൊതുമേഖലാബാങ്കുകൾ കാര്യക്ഷമമായ നടത്തിപ്പിനു സ്വകാര്യ സംരംഭകരുടെ കൈയിലേല്പിക്കും.

ലക്ഷ്മിവിലാസ് ബാങ്കിനെ സിംഗപ്പൂരിലെ ഏറ്റവും വലിയ ബാങ്കായ ഡിബിഎസിനു നൽകിയത് മറ്റൊരു നയംമാറ്റമായിരുന്നു. വിദേശ ബാങ്കിന് ഇന്ത്യയിലെ ബാങ്ക് ഏറ്റെടുക്കാൻ കഴിഞ്ഞു. ഇനിയും ഇത്തരം കൈമാറ്റങ്ങൾ പ്രതീക്ഷിക്കാം.

എയർ ഇന്ത്യ വീണ്ടും സ്വകാര്യ കമ്പനിയാകുന്നതും ബിപിസിഎൽ ഒരു പ്രവാസിവ്യവസായ ഗ്രൂപ്പിന്റേതാകുന്നതും ഈ വർഷം രാജ്യം കാണും.

ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ (എൽഐസി) ഓഹരികൾ വിൽക്കുന്നതും സ്റ്റോക്ക് എക്സ്ചേഞ്ചിൽ വ്യാപാരം ചെയ്യുന്നതും ഇക്കൊല്ലം കാണാം. രാജ്യത്തെ ഏറ്റവും വലിയ ഐപിഒ (പ്രഥമ ഓഹരി വില്പന) ആകേണ്ടതാണ് എൽഐസിയുടേത്. ഓഹരി വിറ്റാലും എൽഐസി ഇടപാടുകൾക്കുള്ള സർക്കാർ ഗാരന്റി തുടരുമെന്നു സർക്കാർ പറയുന്നുണ്ട്. പക്ഷേ, അത് അധികം വിശ്വസിക്കാൻ പറ്റില്ല. ■

# പ്രകാശവതിയായ സുഗതറ്റീച്ചർ

വിളക്കുമരം



ഡോ. സിറിയക് തോമസ്

സുഗതകുമാരി എന്നത് ഒരു വെറും പേരായിരുന്നില്ലല്ലോ. അവരുടെ കാഴ്ചയും വാക്കും കവിതയും പ്രവൃത്തിയും സമരവും പ്രതിഷേധവും പ്രക്ഷോഭണവും വിലാപവും വേദനയും കണ്ണുനീരുമെല്ലാം മനുഷ്യരെയും പ്രകൃതിയെയും മലകളെയും നദികളെയും അനാഥരെയും നിരാലംബരെയും അവഗണിക്കപ്പെടുന്നവരെയും അപമാനിക്കപ്പെടുന്നവരെയും പീഡിപ്പിക്കപ്പെടുന്നവരെയും ചൊല്ലിയായിരുന്നു. അറിയുന്നവർക്കും അറിയാത്തവർക്കും പോലും അവർ അമ്മയായിരുന്നു. അവരുടെ കവിതകൾ വായിച്ചവരും പ്രസംഗങ്ങൾ കേട്ടവരും അവരെ ആദരവോടെ റ്റീച്ചർ എന്നു വിളിച്ചു. പതിറ്റാണ്ടുകളോളം അവർ തിരുവനന്തപുരത്തെ ബാലഭവന്റെ ഡയറക്ടറായിരുന്നു. പിന്നീടവർ സ്വന്തപരിശ്രമത്തിൽ അനാഥരും നിരാലംബരുമായ പെൺകുട്ടികൾക്കായി 'അഭയ' എന്ന സ്ഥാപനം പടുത്തുയർത്തി. ആ വകയിൽ സുഗതകുമാരി റ്റീച്ചർ കേട്ട ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും കണക്കുണ്ടായിരുന്നില്ല. പക്ഷേ, ഒന്നും അവരെ തളർത്തിയില്ല. ഒന്നിലും റ്റീച്ചർ ഒട്ടും പതറിയതുമില്ല. അവർ സ്വന്തം മനഃസാക്ഷിയെ മാത്രം മാനദണ്ഡമാക്കിക്കൊണ്ടു താൻ നടന്ന വഴിയേ തന്നെ മുന്നോട്ടുപോവുകയായിരുന്നു.

ലളിത - പത്മിനി - രാഗിണിമാരെ ട്രാവൻകൂർ സിസ്റ്റേഴ്സ് എന്നായിരുന്നല്ലോ പറഞ്ഞിരുന്നത്. അവർ മൂവരും നൃത്ത-ചലച്ചിത്രരംഗത്തായിരുന്നു പേരെടുത്തിരുന്നത്. പിന്നീട് അക്കാമ്മ ചെറിയാനും റോസമ്മ പുന്നൂസും അവരുടെ ഇളയ സഹോദരി പെണ്ണമ്മയും സ്വാതന്ത്ര്യസമരകാലത്ത് സ്റ്റേറ്റ് കോൺഗ്രസ് രാഷ്ട്രീയത്തിലെ തിരുവിതാംകൂർ സഹോദരികൾ എന്നു പേരെടുത്തു. വർഷങ്ങൾക്കു ശേഷമാണ് ഹൃദയകുമാരിയും സുഗതകുമാരിയും സുജാതയും തിരുവനന്തപുരത്തു വിദ്യാഭ്യാസ-സാംസ്കാരികരംഗത്തു ട്രിവാൻഡ്രം സിസ്റ്റേഴ്സ് ആയത്. അവർ പ്രശസ്ത സ്വാതന്ത്ര്യസമര പ്രക്ഷോഭകനും ദേശീയവാദിയും ഗാന്ധിയനും കവിയുമായിരുന്ന സ്വാമി ബോധേശ്വരന്റെ മക്കളെന്ന നിലയിലാണ് ആദ്യമൊക്കെ ജനശ്രദ്ധയിൽപ്പെട്ടത്. പില്ക്കാലത്ത് പ്രഫ. ഹൃദയകുമാരി യൂണിവേഴ്സിറ്റി കോളജിൽ ഇംഗ്ലീഷ് അധ്യാപികയായി. തിരുവനന്തപുരം വിമൻസ് കോളജിന്റെ പ്രിൻസിപ്പലുമായി.

പ്രശസ്തയായ വിദ്യാഭ്യാസ പ്രവർത്തികയും പ്രഭാഷികയുമായിരുന്നു ഹൃദയകുമാരിറ്റീച്ചർ. ഇളയ സഹോദരി പ്രഫ. സുജാതയും ഗവൺമെന്റ് കോളജധ്യാപികയായി. മലയാളത്തിൽ ഒന്നാംതരം എഴുത്തുകാരിയും. പക്ഷേ, സ്കൂളിലോ കോളജിലോ പഠിപ്പിക്കാതെ റ്റീച്ചറായ ആളായിരുന്നു സുഗതകുമാരി. കേരളീയസമൂഹത്തെയും ജനങ്ങളെയും അവർ പഠിപ്പിച്ചതുപോലെ മറ്റാരും പഠിപ്പിച്ചിട്ടില്ല എന്നതാണ് സത്യം.



കവിതയും പ്രഭാഷണങ്ങളും പ്രക്ഷോഭണങ്ങളും സത്യാഗ്രഹ സമരങ്ങളും ലേഖനങ്ങളും മാധ്യമങ്ങളിലെ മുഖാമുഖങ്ങളുമൊക്കെയായി സുഗതറ്റീച്ചർ കേരളത്തിന്റെ പൊതുജീവിതത്തിൽ നിത്യസാന്നിധ്യമായി. റ്റീച്ചറുടെ കവിതകൾ വായനക്കാരെ പലപ്പോഴും കരയിച്ചു. പ്രസംഗങ്ങൾ കേൾവിക്കാരെ ചിന്തിപ്പിച്ചു. ലേഖനങ്ങൾ ജനങ്ങളെ പ്രചോദിപ്പിച്ചു. എല്ലാ അർത്ഥത്തിലും സുഗതകുമാരി കേരളത്തിനു മുഴുവനും റ്റീച്ചറായി. പരിസ്ഥിതിയുടെ സംരക്ഷികയായി. പ്രകൃതിയുടെയും ഭൂമിയുടെയും ആരാധികയായി. നമ്മുടെ നദികളുടെ മലിനീകരണത്തിനെതിരേയും നാട്ടിലെമ്പാടും മുന്നണിഭേദമില്ലാതെ സർക്കാർ പിന്തുണയോടെ ഉയർന്നുവന്ന ക്വാറികൾക്കെതിരേയും അവർ പ്രതിഷേധത്തിന്റെ കൊടുങ്കാറ്റുയർത്തി. വനനശീകരണത്തിനെതിരേ ശക്തമായി ശബ്ദമുയർത്തി. നാടുമുഴുവനും ശത്രുക്കളായപ്പോഴും ബോധേശ്വരന്റെ മകൾ നിർഭയയായി നിന്നു. അതായിരുന്നു സുഗതകുമാരി റ്റീച്ചർ.

റ്റീച്ചറോടു വ്യക്തിപരമായി ആഴപ്പെട്ട സൗഹൃദമുണ്ടാവുന്നത് നവഭാരതവേദി എന്ന പേരിൽ അഴിമതിക്കെതിരേ ഒരു പ്രതികരണപ്രസ്ഥാനത്തിനു രൂപം കൊടുത്ത കാലംമുതലാണ്. 1981 ലെ സ്വാതന്ത്ര്യദിനത്തിലായിരുന്നു സംഘടനയുടെ ആരംഭം. കോട്ടയം എം.ടി. സെമിനാരി ഹാളിൽ ചേർന്ന ഗാന്ധിഭക്തരുടെ ഒരു പ്രസ്ഥാനമായിരുന്നു അത്. ഡോ. സുകുമാർ അഴീക്കോടായിരുന്നു പ്രസിഡന്റ്. ഡി.സി. കിഴക്കെമുറി വർക്കിംഗ് പ്രസിഡന്റ്. ആർ.എം. മനയ്ക്കലാത്തും സുഗതകുമാരിയും കെ.ഇ. മാമ്മനും വൈസ് പ്രസിഡന്റുമാർ. ജനറൽ സെക്രട്ടറിയായി ഞാനും ട്രഷററായി ഫാദർ ജോർജ് വെള്ളാപ്പള്ളിയും സെക്രട്ടറിയായി ഡോ. ജോസ് പാറക്കടവിലും. അന്ന് സുഗതകുമാരിറ്റീച്ചർ നവഭാരതവേദി സമ്മേളനങ്ങളിലെ സ്ഥിരസാന്നിധ്യമായിരുന്നു. ആ സൗഹൃദം എന്നും നിലനിന്നു.

പില്ക്കാലത്തൊരിക്കൽ സംസ്ഥാന വനിതാകമ്മീഷനധ്യക്ഷയെന്ന നിലയിൽ അവരും റോസമ്മ പുന്നൂസും കൂടി പാലായിൽ വന്നപ്പോൾ ഞങ്ങളുടെ വീട്ടിൽ താമസിച്ചതുമോർക്കുന്നു. അന്നു ഞങ്ങളുടെ അമ്മയുള്ള കാലമായിരുന്നു. രാത്രി വൈകും വരെ അവർ രാഷ്ട്രീയനേതൃത്വത്തിൽ സംഭവിച്ച നിലവാരത്തകർച്ചയെക്കുറിച്ചുള്ള ചർച്ചയിൽ മുഴുകി. റ്റീച്ചറന്ന് അടുക്കളയിൽ കയറി അത്താഴം വച്ചതും കോളജുവിദ്യാർത്ഥിനികളായിരുന്ന എന്റെ മക്കൾ സീനയെയും സ്മിതയെയും മയമുള്ള ചപ്പാത്തിയുണ്ടാക്കാൻ പഠിപ്പിച്ചതും ഇന്നും മധുരമായ ഓർമതന്നെ.

പിന്നീടൊരിക്കൽ ടീച്ചർ വന്നത് 2006 ൽ എന്റെ പിതാവ് ആർ.വി. തോമസിന്റെ പേരിലുള്ള സംശുദ്ധവും മാതൃകായോഗ്യവുമായ പൊതുപ്രവർത്തനത്തിനുള്ള ആർ.വി. പുരസ്കാരം സ്വീകരിക്കുന്നതിനായിരുന്നു. ഏ.കെ. ആന്റണിയായിരുന്നു പുരസ്കാരസമർപ്പണം നടത്തേണ്ടിയിരുന്നത്. അവസാനനിമിഷമാണ് എ.കെ.ക്ക് ഡൽഹിയിൽത്തന്നെ നിൽക്കേണ്ടിവന്നത്. റ്റീച്ചറോട് ഞങ്ങൾ കാര്യം ധരിപ്പിച്ചപ്പോൾ ഏ. കെ. ആന്റണിയല്ലാതെ മറ്റൊരു രാഷ്ട്രീയനേതാവിൽ നിന്നും താൻ പുരസ്കാരം സ്വീകരിക്കുകയില്ലെന്നു നിലപാടു പറഞ്ഞു. ആരാണു ചടങ്ങിന്റെ അധ്യക്ഷനെന്നാരാഞ്ഞു. പാലാ ബിഷപ്പാണെന്നു പറഞ്ഞപ്പോൾ തിരുമേനി അവാർഡ് തന്നോട്ടെയെന്നായി. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിൽനിന്നു റ്റീച്ചർ പുരസ്കാരം സാദരം സ്വീകരിക്കുകയും ചെയ്തു. റ്റീച്ചറുടെ നിലപാട് ബിഷപ്പിനും വലിയ ബഹുമതിയായി. അന്ത്യകാലം വരെ ആദർശവതിയായി ജീവിച്ച ഒരു സോഷ്യൽ ആക്ടിവിസ്റ്റായിരുന്നു സുഗതറ്റീച്ചർ.

എന്നും ഗാന്ധിഭക്തയായിരുന്നു അവർ. കറതീർന്ന ദേശീയവാദിയും. റ്റീച്ചറുടെ കവിതകൾ മാത്രം മതി അതിനു തെളിവ്. 'അമ്പലമണികൾ' എന്ന കവിത റ്റീച്ചറുടെ ഹൃദയസ്പന്ദനമാണെന്നു വിശ്വസിക്കുവാനാണ് എനിക്കിഷ്ടം. 1981 ലെ സ്വാതന്ത്ര്യദിനത്തിലെഴുതിയ കവിതയാണ് അതിൽ ഏറ്റവും ഹൃദ്യം. സുഗതകുമാരി റ്റീച്ചറിന്റെ ധന്യസ്മരണയ്ക്കു മുന്നിൽ സ്നേഹാദര പുരസ്സരം ഹൃദയപ്രണാമം.

---

കവിത — സി. ഡോ. തെരേസ് ആലഞ്ചേരി S.A.B.S.

## സ്നേഹപൂർവം
## നിശാഗന്ധി



മഹാസങ്കടങ്ങളെ ധ്യാനിച്ചവനും സ്വർഗത്തിന്റെ തീരുമാനങ്ങൾക്കു സ്വയം സമർപ്പിച്ചവനും വിശുദ്ധ മൗനത്തിന്റെ ദാസനുമായ വിശുദ്ധ യൗസേപ്പിതാവിനെ നിശാഗന്ധിയോടുപമിക്കുന്നു.

ഉറക്കം വരാതെ നിശാഗന്ധിതൻ വിഷാദം
അറിവീല ഞാൻ സഖീ, നിന്നെ താങ്ങാനാവതില്ല
ഭൂമിതൻ ഗർഭത്തിൽ ഉറങ്ങും സുഗന്ധം
നേരിന്റെ ചിറകിൽ ഞാൻ ഏകനായ് വിതുമ്പുന്നു
വിരിയാൻ, പിന്നെ വിതുമ്പാൻ, നിമിഷങ്ങൾ ബാക്കി.
നെഞ്ചിലേക്കെറിയുന്നു മുനയുള്ള കല്ലുകൾ
സഖീ, നിൻ മേനിയിലും തറയ്ക്കുന്നല്ലോ ക്രൂരം
കൈവിട്ടു പോകാനെനിക്കാവതില്ല
നിലവിട്ടൊരസംസ്കൃതചിന്തയാൽ തളരവേ
വിഷാദക്കനവിൽ തളരണ്ടെന്നു
വിണ്ണിന്റെ സാന്ത്വനം
രക്ഷകൻ പിറന്നൂ, ജീവന്റെ കാവലായ്
മഞ്ഞിന്റെ നനവിൽ
ഉയരങ്ങളിൽ മുഴങ്ങുന്നു ശാന്തിതൻ ഗീതകം
ഇനി, വൈകാതെ പോവുക ഈജിപ്തിലേക്ക്
രാജഖഡ്ഗം വിഴുങ്ങുന്നതിൻ മുന്നേ,
ഒന്നുമെടുക്കാനില്ല; കുഞ്ഞും സഖിയുമായ് യാത്രയായി.
ഒരു മൗനനിസ്വനം കടലിരമ്പംപോൽ
ഒരു നിശ്ശബ്ദയാനം മരുഭൂമി മാത്രം
ആരോടുമുരിയാടാതെ മൗനം കുടിച്ച
വറുതിയിൽ വികൃതവിധിതൻ
നൊമ്പരം പേറി ഈജിപ്തിലേക്ക്...
അല്ലയോ, നിശാഗന്ധി
നിന്റെ ശ്വാസകോശങ്ങളിൽ വിഷാദമഗ്നിയോ,
നിന്റെ സ്വപ്നങ്ങളിൽ സംഘർഷനിശാരാഗമോ?
കാണെക്കാണെ മറയും നിൻസ്വരൂപം
ശേഷിച്ചതോ പരിമളം സുകൃതം
എന്തിതു വിതുമ്പുന്നുവോ, നിശാഗന്ധി?
പനിക്കുന്ന രാവിന്റെ കുളിരിൽ
പതറും മനസ്സിൻ ജ്വരങ്ങളിൽ
പതറാതെ കാത്തു നീ സഖിയെ, പുത്രനെ
നിൻ മൗനമുറിവിനാൽ.
ഇതു നിൻ തൃപ്തദുഃഖത്തിൻ ചരിതം
ഒരു രാവിന്റെ ആയുസ്സിൻ പേർ നിശാഗന്ധി
ഒരു രാവിന്റെ ആയുസ്സിൻ പേർ നിശാഗന്ധി

# അക്രമവാസന വളർത്തുന്ന ഓൺലൈൻ ഗെയിമുകൾ



ഗിഫു മേലാറ്റൂർ



**ഉ**ത്തർപ്രദേശിലെ ബുലന്ദ്ശഹർ ജില്ലയിലെ ഒരു സ്കൂളിൽ പത്താം ക്ലാസ് വിദ്യാർഥി സഹപാഠിക്കു നേരേ വെടിയുതിർത്ത വാർത്ത ഞെട്ടലോടെയാണ് കേട്ടത്. തലയിലും നെഞ്ചിലും വയറിലുമായി മൂന്നു തവണ വെടിയേറ്റ വിദ്യാർഥി തത്ക്ഷണം മരിച്ചു. ക്ലാസ് മുറിയിൽ ഇരിക്കുന്ന സീറ്റുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിലേക്കു നയിച്ചത്. തർക്കത്തിനൊടുവിൽ വിദ്യാർഥി വീട്ടിൽ പോയി അമ്മാവന്റെ തോക്കെടുത്തു വന്നാണ് സഹപാഠിയെ വെടിവെച്ചത്. കരസേനയിലെ ഉദ്യോഗസ്ഥനായ അമ്മാവൻ ലീവിനു വീട്ടിൽ വന്നതായിരുന്നു. വെടിവച്ച വിദ്യാർഥിയുടെ ബാഗിൽനിന്ന് മറ്റൊരു നാടൻതോക്കും പോലീസ് കണ്ടെടുക്കുകയുണ്ടായി.

**ഓൺലൈൻഗെയിമിൽ തോല്പിച്ചതിന്റെ വൈരാഗ്യം കൊലയിൽ..**

മധ്യപ്രദേശിൽ ഈയിടെ പത്തു വയസ്സുകാരിയെ പതിനൊന്നുകാരൻ കൊലപ്പെടുത്തിയത് ഓൺലൈൻ ഗെയിമിൽ തന്നെ തോല്പിച്ചതിന്റെ വൈരാഗ്യത്തിലായിരുന്നു. ലിവർപൂളിൽ പതിനഞ്ചുകാരനായ വിദ്യാർഥി വ്യാജ തോക്കു കാട്ടി ഭയപ്പെടുത്തി ബാങ്കു കൊള്ളയടിച്ച സംഭവത്തിൽ, പ്രതിയെ പോലീസ് ചോദ്യം ചെയ്തപ്പോൾ തനിക്കിതിനു പ്രചോദനമായത് വീഡിയോ ഗെയിമാണെന്നാണ് മൊഴി നൽകിയത്. തങ്ങൾ കാണുന്ന വീഡിയോ ഗെയിമുകളിലെയും സിനിമകളിലെയും സീരിയലുകളിലെയും ശത്രുസംഹാരത്തിന്റെയും കവർച്ചകളുടെയും അനുകരണമാണ് കൗമാരക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

**യു.പിയുടെ ക്രിമിനൽ ബാക്ക്ഗ്രൗണ്ട്**

അക്രമവും ഗുണ്ടായിസവും തോക്കുപ്രയോഗവും കൊലപാതകവും യുപിയിൽ പുതുമയല്ല. സംസ്ഥാനത്തെ പോലീസ് സേനയുടെ കൈയിൽ ഉള്ളതിനേക്കാൾ കൂടുതൽ തോക്കുകളും വെടിത്തിരകളും യുപിയിലെ പൗരന്മാരുടെ കൈവശമുണ്ട്. സംസ്ഥാനത്തെ ജനസംഖ്യ ഏകദേശം 20 കോടിയെന്നാണ് സെൻസസ് പറയുന്നത്. ഇതിൽ 11 ലക്ഷത്തോളം സാധാരണക്കാരുടെ കൈയിൽ തോക്കുകളുണ്ടെന്നാണ് സംസ്ഥാനത്തെ പോലീസിന്റെ കണക്ക്. പോലീസിന്റെ അറിവിൽപ്പെടാത്തത് വേറെയുമുണ്ടാകാം. അതേസമയം കൈയിൽ തോക്കുള്ള പോലീസുകാരുടെ എണ്ണം പരമാവധി 2.31 ലക്ഷമാണ്. തോക്കേന്തിയ പൊതുജനത്തിന്റെ എണ്ണത്തിൽ യുപിയാണ് ഇന്ത്യയിൽ ഒന്നാമത്. രാജ്യത്തെ സാധാരണക്കാരന്റെ കൈവശമുള്ള തോക്കുകളിലെ മൂന്നിലൊന്നും ഇവിടെയാണുള്ളത്. ഇവയിൽ ലൈസൻസുള്ളവ വളരെ കുറവും.

വളർന്നുവരുന്ന

**ക്രിമിനൽസ്വഭാവം**

ഗുണ്ടാസംഘങ്ങളിലും ക്രിമിനലുകളിലും കണ്ടുവരുന്ന തോക്കുസംസ്കാരം കുട്ടികളിലേക്കും പടർന്നുപിടിച്ചിരിക്കുന്നുവെന്നാണ് സ്കൂളിൽ നടന്ന സംഭവം വ്യക്തമാക്കുന്നത്. പുതുതലമുറയിൽ നല്ലൊരു ശതമാനത്തിലും ക്രിമിനൽ സ്വഭാവം വളർന്നുവരികയാണെന്നാണ് വർധിച്ചുവരുന്ന കുട്ടിക്കുറ്റവാളികളുടെ എണ്ണം നൽകുന്ന മുന്നറിയിപ്പ്. ഇന്ത്യയിൽ 2002ൽ വിവിധ കേസുകളിൽ അറസ്റ്റിലായത് 18,560 കുട്ടിക്കുറ്റവാളികളെങ്കിൽ 2012ൽ അത് 27,963 ആയി ഉയർന്നു. ഇതിൽ 66.5 ശതമാനവും 16നും 18നും ഇടയിൽ വയസ്സുള്ളവരാണ്. സമീപകാലത്ത് കുട്ടിക്കുറ്റവാളികളുടെ എണ്ണം പൂർവോപരി വർധിക്കുന്നതായി മാധ്യമറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.



**സ്ഥിരമായി ഓൺലൈൻ സൈറ്റുകളും ടി വിയും കാണുന്ന കുട്ടി**

വളർന്നുവരുന്ന സാഹചര്യങ്ങളാണ് വലിയൊരളവോളം കുട്ടികളുടെ സ്വഭാവത്തെ സ്വാധീനിക്കുന്നത്. സ്മാർട്ട് ഫോൺ, ടിവി, ഇന്റർനെറ്റ് എന്നിവ ഇല്ലാത്ത കുടുംബങ്ങൾ ഇന്നു കുറവാണ്. കുടുതൽ സമയം ടി വിയും ഓൺലൈൻ സൈറ്റുകളും കാണുന്ന കുട്ടികളിൽ കുറ്റവാസന വർധിക്കുമെന്നാണ് യുകെയിലെ മെഡിക്കൽ റിസർച്ച് കൗൺസിൽ നടത്തിയ പഠനം കാണിക്കുന്നത്. സ്ഥിരമായി ഓൺലൈൻ സൈറ്റുകളും ടിവിയും കാണുന്ന കുട്ടി പത്തോ പതിനഞ്ചോ വയസ്സാകുമ്പോഴേക്ക് സിനിമയിൽ നിന്നും സീരിയലുകളിൽ നിന്നും മറ്റുമായി ശരാശരി 8,000 കൊലപാതകങ്ങളും പതിനായിരത്തോളം മറ്റു കുറ്റകൃത്യങ്ങളും കണ്ടിരിക്കുമെന്നും പഠനം വിലയിരുത്തുന്നു.

പ്രതിവിധി

11,014 കുട്ടികളെയും മാതാക്കളെയും ഉൾപ്പെടുത്തി നടത്തിയ സർവേയിൽ അഞ്ചു വയസ്സുള്ള കുട്ടികളെ പഠനവിധേയമാക്കിയതിൽ ഏഴു വയസ്സോടെ അവർ വഴക്കുണ്ടാക്കാനും മോഷ്ടിക്കാനുമുള്ള സാധ്യത ഏറിയതായി കണ്ടെത്തി. ഇവരെല്ലാം സ്ഥിരമായി ടിവിയും കമ്പ്യൂട്ടറും വീഡിയോ ഗെയിമും ഉപയോഗിക്കുന്നവരായിരുന്നു. കുട്ടികൾ ടിവി കാണുന്ന സമയം പരമാവധി രണ്ടു മണിക്കൂറിൽ താഴെയായി ചുരുക്കുകയും സിനിമയും സീരിയലുകളും ഒഴിവാക്കി വിദ്യാഭ്യാസപരിപാടികൾ മാത്രം കാണിക്കുകയാണ് ഇതിന് പ്രതിവിധിയെന്നാണ് പഠനത്തിനു നേതൃത്വം നൽകിയ എംആർസിയിലെ പ്രധാന ശാസ്ത്രജ്ഞ ഡോ. അലിസൺ പാർക്സ് നിർദേശിക്കുന്നത്.

**അക്രമവാസന വളർത്തുന്ന ഓൺലൈൻ ഗെയിമുകൾ**

ഇന്ന് ഇളംപ്രായക്കാരായ കുട്ടികളും കൗമാരക്കാരും കൂടുതൽ സമയം ചെലവിടുന്നത് ഓൺലൈൻ ഗെയിമുകളിലാണ്. അക്രമവാസന വളർത്തുന്നതിൽ ഇതിന് വലിയൊരു പങ്കുണ്ട്. എതിരാളിയെ വെടിവച്ചു കൊല്ലുകയും കാർ റേസിംഗിൽ എതിരേ വരുന്ന വാഹനങ്ങളെ കനാലിലേക്കു ചാടിച്ചും ഇടിച്ചു തെറിപ്പിച്ചും വിജയം ആഘോഷിക്കുകയും ചെയ്യുന്ന ഗെയിമുകളാണ് മിക്ക കുട്ടികളും കളിക്കുന്നത്. തന്റെ എതിരാളിയെ ഏതുവിധേനയും തകർക്കുകയോ നശിപ്പിക്കുകയോ ചെയ്യണമെന്ന ചിന്ത കുട്ടികളിൽ അങ്കുരിക്കാൻ ഇതിടയാക്കുന്നു. സാങ്കേതികവിദ്യയുടെ വളർച്ച സമൂഹത്തിൽ ധാരാളം ഗുണഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും കുട്ടികൾ ഇതിനെ മറ്റെന്തിനേക്കാളും കൂടുതലായി ദുരുപയോഗം ചെയ്യുകയാണ്. ഇതവരുടെ സ്വഭാവവൈകല്യത്തിനിടയാക്കുന്നു.

**പരിഹാരമാർഗം**

കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്കുള്ള മാറ്റത്തിന് കുട്ടികളുടെ സ്വഭാവദൂഷ്യത്തിൽ വലിയൊരു പങ്കുണ്ട്. അണുകുടുംബത്തിലേക്കു വഴിമാറിയതോടെ മുത്തച്ഛന്മാരുടെയും മുത്തശ്ശിമാരുടെയും സാന്നിധ്യമില്ലാതെയായി. തിരക്കു പിടിച്ച ജീവിതത്തിനിടയിൽ ഉദ്യോഗസ്ഥരോ മറ്റു ജോലിക്കു പോകുന്നവരോ ആയ മാതാപിതാക്കൾക്ക് കുട്ടികളെ ശ്രദ്ധിക്കാനും അവർക്കു നല്ല കാര്യങ്ങൾ ശീലിപ്പിക്കാനും സമയമില്ല. പിന്നെ അവർ കണ്ടുപഠിക്കുന്നത് സുഹൃത്തുക്കളിൽ നിന്നാണ്. ചീത്തസ്വഭാവക്കാരുമായാണ് കൂട്ടുകെട്ടെങ്കിൽ സ്വഭാവം മോശമാകാൻ മറ്റൊന്നും വേണ്ടല്ലോ. മാതാപിതാക്കളും അധ്യാപകരും കുട്ടികളെ സ്ഥിരമായി നിരീക്ഷിച്ച്, അവരുടെ മാനസികാവസ്ഥയും കൗമാരത്തിന്റെ സവിശേഷതകളും കണ്ടറിഞ്ഞ്, തെറ്റുകൾ കണ്ടാൽ സ്നേഹത്തിന്റെ ഭാഷയിലൂടെ അതിൽനിന്ന് പിന്തിരിപ്പിക്കുകയാണ് ഇതിനുള്ള പരിഹാര മാർഗം.

---

ശ്രേഷ്ഠമലയാളം | ഡോ. ഡേവിസ് സേവ്യർ

## തിരുനാളും പെരുനാളും

രാജാവിന്റെയോ പ്രഭുവിന്റെയോ ദേവന്റെയോ പിറന്നാളിന് *തിരുനാൾ എന്നു പറഞ്ഞിരുന്നു. രാജാധിപത്യം മാറി ജനാധിപത്യം വന്നതോടെ *തിരുനാളിന് അർത്ഥപരിവർത്തനം സംഭവിച്ചു. ക്രൈസ്തവദേവാലയത്തിന്റെയോ ഹൈന്ദവദേവാലയത്തിന്റെയോ പ്രധാന ഉത്സവദിനമാണ് ഇന്നു തിരുനാൾ. തിരു + നാൾ = തിരുനാൾ. ധാതുപൂർവ്വപദമാകയാൽ 'ന'യ്ക്കു ദ്വിത്വം വേണ്ട. 'തിരുന്നാൾ' തെറ്റായ രൂപം. തിരുനീറ് (ഭസ്മം) തിരുനെറ്റി, തിരുമുമ്പ്, തിരുനാവാ, തിരുനാമം എന്നിങ്ങനെ മറ്റുദാഹരണങ്ങൾ. ഇവിടെയെല്ലാം 'സംഹിത' മാത്രമേയുള്ളൂ. സന്ധിക്കുമ്പോൾ വികാരം സംഭവിക്കുന്നില്ലെന്നു ചുരുക്കം. 'ശ്രീ' എന്നതിന്റെ തദ്ഭവമാണ് തിരു. പുണ്യമുള്ള, പരിശുദ്ധമായ, മാനമുള്ള, ഐശ്വര്യമുള്ള, ഭംഗിയുള്ള എന്നെല്ലാം 'തിരു' ശബ്ദത്തിന് അർത്ഥങ്ങൾ. 'തിരു' സമാസത്തിൽ പൂർവപദമായി പ്രയോഗിക്കുന്നു.

പെരു + നാൾ = പെരുനാൾ. വിശേഷദിവസം എന്നർത്ഥം. 'പെരു' എന്നതിന് വലിയ, മുഖ്യമായ എന്നെല്ലാം പൊരുൾ. 'പെരു' എന്നധാതുവിനോട്'നാൾ'ചേർന്ന് പെരുനാൾ എന്നാകുന്നു. അവിടെയും 'സംഹിത' മാത്രം.

വർഗാക്ഷരങ്ങളുടെ മുമ്പിൽ 'പെരു' പെരും എന്നാകും. പെരും + പാമ്പ് = പെരുമ്പാമ്പ്, പെരും + പറ = പെരുമ്പറ. 'മ'കാരം താനനുസ്വാരം/ സ്വരം ചേർന്നാൽ തെളിഞ്ഞീടും. 'വർഗ്യങ്ങൾ പരമായി വന്നാൽ അതാതിൻ പഞ്ചമം വരാം' എന്ന് കേരളപാണിനീയം. (കാരിക 25)**

തിരുനാൾ, പെരുനാൾ എന്നിവയ്ക്കുപകരം 'തിരുന്നാൾ', 'പെരുന്നാൾ' എന്നീ രൂപങ്ങൾ പ്രചരിച്ചിട്ടുണ്ട്. തിരുനാൾ, തിരുന്നാളാകുന്നതിന് ഒരു ന്യായവും പറയാനില്ല. എന്നാൽ, പെരുന്നാളിന്റെ കാര്യം വ്യത്യസ്തമാണ്. പൂർവപദം 'പെരും' (വലിയ) എന്നു ധരിച്ചതിന്റെ ഫലമാകാം പെരുന്നാൾ എന്ന പദം. തിരുന്നാൾ തെറ്റായ രൂപവും പെരുന്നാൾ ലിപിഭേദവും മാത്രമാണ്. അവയെ മാനകശബ്ദങ്ങളായി കണക്കാക്കേണ്ടതില്ല.

പൂർവകവികളും പശ്ചാത്കാലകവികളും ഇവയൊക്കെ പല തരത്തിൽ പ്രയോഗിച്ചിട്ടുള്ളത് തെറ്റായ രൂപങ്ങൾ പ്രചരിക്കാൻ ഇടയാക്കിയിട്ടുണ്ടാകാം. "പൂമാലക്കുഴലുണ്ണുനീലിതിരുനാൾ നീണാൾ വിളങ്ങീടുക"*** എന്നും "മാനത്തെ ഹൂറിപോലെ പെരുന്നാൾ പിറപോലെ" **** (ചിത്രം – ഈനാട്) എന്നും തിരുനാൾ ഇരട്ടിക്കാതെയും പെരുന്നാൾ ദ്വിത്വത്തോടെയും പ്രയോഗിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. പെരുന്നാളിനെ കവിസ്വാതന്ത്ര്യമായി കണക്കാക്കിയാൽ മതിയാകും.

*പിറന്നാൾ – പിറന്ന നാൾ (ജന്മദിനം). പിറന്ന നാൾ എന്നത് സമാക്ഷരലോപത്താൽ (haplology) പിറന്നാൾ എന്നാകും.

** രാജരാജവർമ്മ എ.ആർ., കേരളപാണിനീയം, എൻ.ബി.എസ്, 1988, പുറം: 137.

*** ശങ്കരൻനായർ തേമ്പാട്ട്, വ്യാഖ്യാതാവ്, ഉണ്ണുനീലിസന്ദേശം, കറന്റ് ബുക്സ്, 1989, പുറം:4

**** യൂസഫലി കേച്ചേരി, അനുരാഗഗാനംപോലെ (സമ്പൂർണഗാന സമാഹാരം), ലിപി പബ്ലിക്കേഷൻസ്, 2007, പുറം:185.

# കണ്ണുകൾക്കു നിത്യവിസ്മയമായി ഗ്രാന്റ് കാന്യൻ



സാംസൺ പാലാ

അമേരിക്കയിലെ അരിസോണയിൽ സ്ഥിതി ചെയ്യുന്ന, ചരിത്രാതീതകാലത്തോളം പഴക്കമുണ്ടെന്ന് (17 ദശലക്ഷം വർഷം) പഠനങ്ങൾ തെളിയിച്ച, പ്രകൃതിയിൽ രൂപംകൊണ്ട വളരെ വലിയൊരു വിള്ളലാണ് (ഗർത്തം) ഗ്രാന്റ് കാന്യൻ. വർഷങ്ങളോളം അറിയപ്പെടാതിരുന്ന ഈ സ്ഥലം സ്പെയിനിൽനിന്നുള്ള ഗ്രേസിയ ലോപ്പൻസ് ഡേ എന്ന ഗവേഷകനാണ് ആദ്യമായി കണ്ടെത്തിയത്. 1217262 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഇതിന്റെ ഇരുവശവും തൊട്ടുരുമ്മി കോളറാഡോ നദി ഒഴുകുന്നു.

ആയിരത്തിയഞ്ഞൂറോളം മീറ്ററിൽ (6000 അടി) കൂടുതൽ താഴ്ചയുള്ള ഗ്രാന്റ് കാന്യൻ വിള്ളലുകൾ ഒരു അദ്ഭുത പ്രതിഭാസം തന്നെ. പാറകൾ ചെത്തിമിനുക്കി ചിട്ടയോടുകൂടി അടുക്കിവച്ചിരിക്കുന്നതുപോലെ ലക്ഷം മൈലുകൾ ദൂരത്തിൽ പ്രകൃതി ഒരുക്കിയ ഒരു മനോഹരകാഴ്ച. ഗ്രാന്റ് കാന്യൻ താഴ്‌വര 500 മീറ്റർ മുതൽ 30 കിലോമീറ്റർവരെ നമുക്കു കാണാനാകും. പീഠഭൂമികൾ, നിരപ്പുപ്രദേശങ്ങൾ, കൊടുംവനങ്ങൾ, മരുഭൂമികൾ, പുഴകൾ, നിരവധി വെള്ളച്ചാട്ടങ്ങൾ, അരുവികൾ എന്നിവയാൽ സമ്പന്നമാണ് ഗ്രാൻഡ് കാന്യൻ. 1979 ൽ യുനെസ്കോയുടെ ലോക ഹെറിറ്റേജ് ലിസ്റ്റിൽ സ്ഥാനം പിടിച്ച ഗ്രാന്റ്കാന്യൻ നാഷണൽ പാർക്ക്, ലോകപ്രശസ്തമായ 'മെക്കന്നാസ് ഗോൾഡ്' എന്ന ചലച്ചിത്രത്തിനുവേണ്ടി ഗ്രാന്റ് കാന്യനോടനുബന്ധിച്ച് 1919-ൽ സ്ഥാപിതമായതാണ്.

ദശലക്ഷം വർഷങ്ങളിലൂടെ പീഠഭൂമിക്കുണ്ടായ വ്യതിയാനങ്ങളും കോളറാഡോ നദിയുടെയും അതിന്റെ പോഷകനദികളുടെയും തുടർച്ചയായിട്ടുള്ള മണ്ണൊലിപ്പുമാണ് ഗ്രാന്റ് കാന്യൻ എന്ന പ്രകൃതിപ്രതിഭാസം രൂപപ്പെടുന്നതിനു പിന്നിലെന്ന രണ്ടഭിപ്രായങ്ങൾ ഭൗമശാസ്ത്രജ്ഞന്മാർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഭൂമിയിൽ ഉണ്ടാകാവുന്നതിൽ, ഏറ്റവും വലിയ വിള്ളലുകളാണ് ഇവിടെ രൂപം കൊണ്ടിരിക്കുന്നത്. വലിയ കാറ്റടിക്കുമ്പോൾ ദ്രവിച്ചുനിൽക്കുന്നതുപോലുള്ള പാറകളിൽനിന്ന് പൊടിപടലങ്ങൾ ഉയരുന്നതു കാണാം. നിരവധി നിറങ്ങളിൽ ഉയർന്നുനിൽക്കുന്ന മലകളുടെ അദ്ഭുതക്കാഴ്ച നേരിൽ കണ്ടെങ്കിലേ ബോധ്യമാകൂ. അറിയപ്പെടാത്ത നിഗൂഢരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗർത്തങ്ങളെപ്പറ്റിയുള്ള ഗവേഷണങ്ങൾ ഇപ്പോഴും തുടരുന്നു. അരിസോണയിൽനിന്നു നാലുപേർക്കു കയറാവുന്ന എക്കോസ്റ്റാർ ഹെലികോപ്ടറിൽ 40 മിനിറ്റ് സഞ്ചരിച്ച് ഗ്രാന്റ് കാന്യൻ പർവതഗർത്തത്തിലെത്താം.

അശ്രദ്ധയും നോട്ടക്കുറവും മൂലം 1870 മുതൽ ആയിരത്തിലധികം പേർ ഇവിടത്തെ ആഴമുള്ള മരണക്കുഴിയിലകപ്പെട്ട് മരണം ഏറ്റുവാങ്ങിയിട്ടുണ്ട്. പ്യൂബ്ലോ എന്ന ജനത ഗ്രാന്റ് കാന്യനെ ഒരു പവിത്രഭൂമിയായി കരുതുകയും അവിടേക്കു തീർത്ഥാടനം നടത്തുകയും ചെയ്യുമായിരുന്നു. അമേരിക്കൻ പ്രസിഡന്റായിരുന്ന തിയോഡോർ റൂസ്‌വെൽറ്റ്, ഗ്രാന്റ് കാന്യൻ പ്രദേശത്തിന്റെ സംരക്ഷണ കാര്യങ്ങളിൽ വളരെ ഉത്സാഹിച്ചിരുന്നു. നിരവധി തവണ അദ്ദേഹമിതു സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഉയരം കൂടുന്തോറും ഇവിടത്തെ കാലാവസ്ഥയ്ക്കു മാറ്റം സംഭവിക്കുന്നു സമുദ്രനിരപ്പിൽനിന്ന് 7000 അടിയോളം ഉയരത്തിലാണ് മലയുടെ മുകൾഭാഗം. നോർത്ത് ഭാഗത്ത് 8000 അടി ഉയരമാകയാൽ വർഷത്തിൽ എല്ലാ സമയങ്ങളിലും മഞ്ഞുനിറഞ്ഞ കാലാവസ്ഥയായിരിക്കുമിവിടെ.

ഓസ്ട്രേലിയായിലെ ക്യാപേർടീ എന്ന താഴ്‌വരയ്ക്ക് ഗ്രാന്റ് കാന്യനെക്കാൾ ഒരു കിലോമീറ്ററോളം വീതിയും നേപ്പാളിലെ കാളിഗണ്ഡകി താഴ്‌വരയ്ക്ക് ഗ്രാൻഡ് കാന്യനെക്കാൾ ആഴവുമുണ്ട്; എന്നാൽ, വീതി കുറവാണ്. എന്നിരുന്നാലും വർണ്ണവൈവിധ്യമാർന്ന പ്രകൃതിഭംഗിയാണ് ഗ്രാന്റ് കാന്യനെ ലോകത്തിലെ പ്രശസ്തമാക്കുന്നത്.

■





കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## പനിനീർപ്പൂവിനോട്

മുഗ്ദ്ധമാമൊരു പനിനീരലർ വിരിഞ്ഞെന്റെ
മുറ്റത്തു പൂച്ചട്ടിയിൽ കുഞ്ഞുസൂര്യനെപ്പോലെ;
വണ്ടുപോൽ പറന്നെന്റെ ഭാവനയതിൻ ചുറ്റും
രണ്ടു കൺകളുമതിൽച്ചെന്നു വിശ്രമിക്കവേ
എന്തു സൗന്ദര്യമാണീയുജ്ജ്വലദലങ്ങളിൽ;
എന്തു സൗരഭമാണീയൂഷ്മളനിശ്വാസത്തിൽ!
പറയൂ പൂവേ, നിന്റെയഴകിൻ രഹസ്യങ്ങ-
ളറിയാൻ കൊതിപ്പൂനിൻ ജീവിതസന്ദേശവും
മൗനമുദ്രിതം നിന്റെയധരം വാചാലമായ്
പറയാനൊരുങ്ങുന്നതീവിധ,മൂഹിക്കുന്നേൻ:
ഉള്ളിലെ രാഗച്ഛവി നിന്റെ സൗഭഗ;മെന്റെ-
യുള്ളിലും മഹാർഹമാം സ്നേഹമുജ്ജ്വലിക്കണം
ജീവിതദുഃഖങ്ങൾ തൻ മുള്ളുകൾക്കിടയിലും
പൂവുപോൽ ചിരിക്കുവാൻ മാനവൻ പഠിക്കണം
ഇതു നിൻ ദൗത്യം; നിന്റെയല്പമാമായുസ്സിലും
ക്ഷിതിയിലാനന്ദത്തിൻ നാളമായ് വിളങ്ങി നീ!
വിശ്വമാം മഹാകാവ്യം തീർത്ത ചിൽസ്വരൂപന്റെ
അക്ഷരമോരോ താരും തളിരും നിനയ്ക്കുകിൽ
മണ്ണടിഞ്ഞാലും, പൂവേ, മിന്നിനിന്നിടുമെന്റെ
കണ്ണിലും കരളിലും നിന്നുടെ തേജോരൂപം!
സുന്ദരമൊരു പൂവും നശിപ്പീലതിൻ ധന്യ-
ധന്യമാം സ്മരണകളാത്മാവിൻ പ്രചോദനം!

# കഴിവുണ്ടായാൽ പോരാ, അവസരം കിട്ടണം

കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

ബാല്യത്തിലേ മാത്യുവിന്റെ അപ്പൻ മരിച്ചു. അമ്മ അയൽവീടുകളിൽ അടുക്കള പ്പണിയെടുത്താണ് മകനെ പഠിപ്പിച്ചത്. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

മാത്യു ധാരാളം വായിക്കുമായിരുന്നു. അടുത്തുള്ള വായനശാലയിൽനിന്ന് പുസ്തകങ്ങൾ എടുത്തു വായിച്ചു. വായിച്ച് അറിവിന്റെ ചക്രവാളം വികസിച്ചപ്പോൾ എഴുതണമെന്നു തോന്നി. കഥകൾ എഴുതി. രണ്ടു കഥകൾ ചേർത്ത് ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. രണ്ടുരൂപ വിലയിട്ട് പുസ്തകം കൊണ്ടുനടന്നു വിറ്റു.

പുസ്തകം വാങ്ങി വായിച്ച അയൽക്കാരൻ സാഹിത്യകാരൻ മാത്യുവിനെ അഭിനന്ദിച്ചു. കഥകൾ നന്നായിട്ടുണ്ട്. ഒരു നോവൽ എഴുതുവാൻ പറഞ്ഞു പ്രോത്സാഹിപ്പിച്ചു. മാത്യു നോവൽ എഴുതി സാഹിത്യകാരനെ കാണിച്ചുകൊടുത്തു. നോവൽ വായിച്ച സാഹിത്യകാരൻ ഒരു വാരികയുടെ പത്രാധിപർക്ക് ഒരു കത്തെഴുതിക്കൊടുത്തുകൊണ്ടു പറഞ്ഞു: "ഈ നോവൽ കത്തു സഹിതം പത്രാധിപർക്കു കൊടുക്കുക."

മാത്യു പത്രാധിപരെ കണ്ടു നോവൽ കൊടുത്തു. നോവൽ വാരികയിൽ പ്രസിദ്ധീകരിച്ചു വന്നു. വാരികയിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ ഒരു പ്രമുഖ പ്രസിദ്ധീകരണശാലയിൽ കൊണ്ടുപോയി കൊടുക്കുവാൻ സാഹിത്യകാരൻ പറഞ്ഞു.

പ്രസാധകനെ ചെന്നു കണ്ടു. നോവലിന്റെ കൈയെഴുത്തു പ്രതി കാണിച്ചു. വാരികയിൽ പ്രസിദ്ധീകരിച്ചു വന്ന നോവലാണെന്നു പറഞ്ഞു. പ്രസാധകൻ പുസ്തകമാക്കാൻ താത്പര്യം കാണിച്ചില്ല. സാഹിത്യകാരൻ പറഞ്ഞിട്ടാണ് വരുന്നതെന്നറിയിച്ചപ്പോൾ പ്രസാധകൻ നോവൽ വാങ്ങി വച്ചു.

ഒരു മാസം കഴിഞ്ഞപ്പോൾ നോവൽ പ്രസിദ്ധീകരിച്ചു. നോവൽ വായിച്ച സിനിമാ നിർമ്മാതാവ് ആ നോവൽ സിനിമയാക്കാൻ തീരുമാനിച്ചു. മാത്യുവിനെ വിളിച്ച് വിവരമറിയിച്ചു.

സിനിമനിർമ്മാതാവിന്റെ അറിയിപ്പു കേട്ടപ്പോൾ മാത്യു അദ്ഭുതപ്പെട്ടു. നോവൽ സിനിമയാക്കാനുള്ള അവകാശം കൊടുത്തു. സിനിമ ഇറങ്ങി. മാത്യുവിന് പേരും പ്രശസ്തിയുമായി. മാത്യു ഇന്ന് അറിയപ്പെടുന്ന സാഹിത്യകാരനാണ്. മാത്യുവിന്റെ വളർച്ചയ്ക്ക് വഴിതെളിച്ചത് ആ സാഹിത്യകാരനുമായുള്ള സ്നേഹബന്ധമാണ്.

ജീവിതത്തിൽ വിജയിക്കുവാൻ കഴിവുണ്ടായാൽ മാത്രം പോരാ. കഴിവു പ്രകടിപ്പിക്കുവാനുള്ള അവസരം കിട്ടണം. നല്ല അവസരം കിട്ടണമെങ്കിൽ ദൈവാനുഗ്രഹം വേണം. ദൈവാനുഗ്രഹം ലഭിക്കണമെങ്കിൽ സൽപ്രവൃത്തികൾ ചെയ്യണം. മാത്യുവിന് കഴിവുതെളിയിക്കുവാനുള്ള അവസരം കിട്ടിയതുകൊണ്ടു മാത്രമാണ് മിടുക്കനാകാൻ കഴിഞ്ഞത്.

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് തെരുവിൽ

**നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും.**

സുഭാഷിതങ്ങൾ 16:3

**എഡിറ്റോറിയൽ**

# അതിജാഗ്രതയുടെ പഠനകാലം

ജനുവരി പിറന്നതോടെ നമ്മുടെ വിദ്യാലയങ്ങളും തുറന്നു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. കൊവിഡിന്റെ വ്യാപനം തുടരുകയും ജനിതകമാറ്റം സംഭവിച്ച അതിതീവ്ര വൈറസുകൾ കേരളത്തിലും പ്രത്യക്ഷപ്പെടുകയും ചെയ്ത സാഹചര്യത്തിൽ വിദ്യാർഥികൾ സ്കൂളുകളിലേക്കെത്തുന്നത് ഒട്ടേറെ ആശങ്കകളും വെല്ലുവിളികളുമുയർത്തുന്നുണ്ട്. ആശങ്കയല്ല, ജാഗ്രതയാണാവശ്യമെന്നു നാം ആവർത്തിച്ചു പറയുമ്പോഴും കുട്ടികളുടെ ശാരീരികാരോഗ്യപരിരക്ഷയിൽ ഒരുറപ്പും പറയാനാവാത്ത സ്ഥിതിയാണുള്ളത്.

നീണ്ടമാസത്തെ അവധിസമാനമായ ഇടവേളയ്ക്കാണ് സ്കൂൾ പ്രവേശത്തോടെ കുട്ടികൾ അന്ത്യം കുറിച്ചിരിക്കുന്നത്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പരിധിക്കുള്ളിൽ വീട്ടകങ്ങളിലായിരുന്നു പഠനപരിശീലനമെങ്കിലും, ഡിജിറ്റൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിയ കാലമാണിത്. പുതിയ അറിവിടങ്ങൾ കണ്ടെത്താനും ഷോർട് ടേം കോഴ്സുകൾ അറ്റൻഡ് ചെയ്യാനുമൊക്കെ കുറെയധികം കുട്ടികൾ മത്സരിച്ച കാലവുമാണിത്.

വീടു വിദ്യാലയമാക്കിയെന്ന് വലിയ അഭിമാനത്തോടെ വർത്തമാനം പറയുമ്പോഴും സാധാരണനിലയിലുള്ള അധ്യയനം അസാധ്യമായതിന്റെ ക്ഷീണം പെട്ടെന്നൊന്നും മാറുന്നതല്ല. കംപ്യൂട്ടർ സ്ക്രീനിന്റെയും മൊബൈലിന്റെയും മുമ്പിൽ ചടഞ്ഞിരുന്ന് കുട്ടികളുടെ സ്വാഭാവികപ്രസരിപ്പും ഊർജസ്വലതയും നഷ്ടപ്പെട്ടെന്നു മാത്രമല്ല, കൂട്ടുകാരുമൊത്തു കളിക്കാനും ചിരിക്കാനും ആനന്ദിക്കാനുമൊക്കെയുള്ള അവസരങ്ങളാണ് അവർക്കു ലഭിക്കാതെ പോയത്. ഇപ്രകാരമുള്ള മാനസികസമ്മർദങ്ങൾക്ക് അയവുവരാൻ സ്കൂൾജീവിതം ഇത്തിരി പരിഹാരമാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പൊതുപരീക്ഷാസമ്പ്രദായവും സമീപനങ്ങളും കുട്ടികളുടെ മാനസികാരോഗ്യത്തെ എങ്ങനെ ബാധിക്കുമെന്ന ആശങ്കയാണു നിലവിലുള്ളത്. പരീക്ഷ പ്രഖ്യാപിച്ചിരിക്കുന്നത് മാർച്ച് 17 മുതൽ 30 വരെയാണ്. വരുന്ന രണ്ടു മാസംകൊണ്ട് നമ്മുടെ കുട്ടികൾ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തണം. അടുക്കും ചിട്ടയോടുംകൂടി പഠനവ്യവഹാരത്തെ നോക്കിക്കാണണം.

കൊവിഡിന്റെ പശ്ചാത്തലത്തിൽ പരിമിതമായ പഠനസൗകര്യങ്ങളിലൂടെയാണ് നമ്മുടെ കുട്ടികൾ കടന്നുപൊയ്ക്കൊണ്ടിരുന്നത്. അധ്യാപകരും വിദ്യാർഥികളും തമ്മിൽ നേരിട്ടുള്ള കൂടിക്കാഴ്ചകൾ ഇല്ലാതെപ്പോയി. അതുകൊണ്ടുതന്നെ സംശയനിവാരണം ഫലപ്രദമായി നടന്നില്ല. അറിവുകൾ ഭാഗികമായി പോയി. ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ നിലനില്ക്കുമ്പോൾ ഒരു പൊതുപരീക്ഷയെ അഭിമുഖീകരിക്കാനുള്ള ആത്മബലം നമ്മുടെ കുട്ടികൾക്കുണ്ടോ എന്നത് ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. സാധാരണനിലയിൽപ്പോലും പരീക്ഷപ്പേടിയും സമ്മർദങ്ങളും കുട്ടികളിൽ ഉളവാകുന്ന സംഘർഷങ്ങളെക്കുറിച്ച് അറിവില്ലാത്തവരൊന്നുമല്ലല്ലോ നമ്മൾ.

പരീക്ഷയിലൂടെ കുട്ടിയെ പരീക്ഷിക്കുകയല്ല, അറിയുക മാത്രമാണെന്നാണ് വിദ്യാഭ്യാസമന്ത്രിയുടെ അഭിപ്രായം. പരമ്പരാഗത പരീക്ഷാരീതിയിൽനിന്നു ശിശുസൗഹൃദ പരീക്ഷാസമ്പ്രദായത്തിലേക്കു മാറിയെന്ന മന്ത്രിയുടെ വാദം ശുഭോദർക്കമാണ്. മാത്രമല്ല, പഠനഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഫോക്കസ് പോയിന്റുകൾ ഉണ്ടാവുമെന്നു പറയുന്നു. ഒരു പാഠത്തിൽനിന്ന് നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ഭാഗങ്ങളാണ് ഫോക്കസ് പോയിന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പരീക്ഷകൾക്ക്, പ്രത്യേകം ഊന്നൽ നല്കേണ്ടതും ആവർത്തിച്ചു പഠിക്കേണ്ടതുമായ ഭാഗങ്ങൾ 2020 ഡിസംബർ 31 ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.സി.ഇ.ആർ.ടി.യുടെ സഹായത്തോടെ പ്രസിദ്ധീകരിക്കുകയുണ്ടായി.

കൂടുതൽ ശ്രദ്ധിക്കേണ്ട പഠനമേഖലകൾ എന്ന രീതിയിൽ ഉത്തരവിറക്കുന്നതിനെക്കാൾ ഭേദം സിലബസ് വെട്ടിക്കുറയ്ക്കുകയായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല. നിലവിൽ കുട്ടികൾ എല്ലാ പാഠഭാഗങ്ങളും പഠിച്ചിരിക്കണം. സർക്കാർ ഊന്നൽ നല്കിയിട്ടുള്ളത് കൂടുതൽ ശ്രദ്ധയോടെ പഠിക്കണം. ഇത് അവരിൽ സമ്മർദത്തിനു കാരണമാകുമെന്നാണ് പൊതുവിചാരം. അതേസമയം, ഫോക്കസ് പോയിന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നവ, അവരുടെ ഭാവിപഠനത്തിനുകൂടി ആവശ്യമായ പ്രധാനപാഠങ്ങൾ മാത്രമേ പരീക്ഷയ്ക്കുള്ളൂ എന്നു നിർദേശിച്ചിരുന്നെങ്കിൽ കുട്ടികൾക്കത് കൂടുതൽ ആശ്വാസദായകമാകുമായിരുന്നു എന്നാണ് നിരീക്ഷണം.

ആദ്യം തിയറി പരീക്ഷയും പിന്നീടൊരിടവേളയ്ക്കുശേഷം പ്രാക്ടിക്കലും എന്ന രീതിയും സ്വാഗതാർഹമാണ്. തിയറിക്കു മുമ്പേ പ്രാക്ടിക്കൽ പരീക്ഷ നടത്തുന്ന രീതിയായിരുന്നു മുമ്പുണ്ടായിരുന്നത്. വാർഷികപ്പരീക്ഷയ്ക്കുമുമ്പ് മോഡൽ പരീക്ഷയുള്ളതും നല്ലതാണ്. എല്ലാ ചോദ്യത്തിനും ഐച്ഛികങ്ങൾ ഉള്ളതും അതിൽ ഏതു ചോദ്യത്തിനും അറിയാവുന്നതെഴുതിയാൽ മാർക്കുണ്ടെന്നതും കുട്ടികളുടെ മാനസികസമ്മർദം ഒഴിവാക്കാനുദ്ദേശിച്ചുള്ള നിർദേശമായിരിക്കാം. ഇരട്ടിമാർക്കിന്റെ ചോദ്യങ്ങളാണുള്ളത്. കുട്ടികൾക്ക് അവയിൽ നിന്ന് യഥേഷ്ടം തിരഞ്ഞെടുത്ത് ഉത്തരമെഴുതാം. തിരഞ്ഞെടുപ്പിനുള്ള ടെൻഷൻ ഒഴിവാക്കാനായി കൂൾ ഓഫ് ടൈം സാധാരണയുള്ള പത്തുമിനിറ്റിൽ കൂടുതൽ നല്കാനും വ്യവസ്ഥയുണ്ട്.

കുട്ടികളിൽ മാനസികസമ്മർദം ഉണ്ടായേക്കാമെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരീക്ഷയ്ക്കേർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ സ്വാഗതാർഹമെന്നു തോന്നുന്നു. മാത്രമല്ല, എന്തെങ്കിലും ആശങ്കയുണ്ടാകുന്ന പക്ഷം കൗൺസിലിങ്ങിനുള്ള സൗകര്യവും സ്കൂൾതലത്തിലും വിദ്യാഭ്യാസ - ആരോഗ്യവകുപ്പുതലങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷയോടനുബന്ധിച്ചു നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങളിലൂടെ കുട്ടികൾക്കും മാതാപിതാക്കൾക്കും കൂടുതൽ കരുത്തും ആത്മവിശ്വാസവും കൈവരുമെന്നു പ്രതീക്ഷിക്കാം.

# വൈദികർക്കും ടീച്ചർക്കുമൊപ്പം അവാർഡ് വാങ്ങി അമ്മാമയും

## കടുകിനും നെല്ലിക്കയ്ക്കും അംഗീകാരം നല്കി കെ സി ബി സി മാധ്യമ കമ്മീഷൻ

തനി നാടൻഭാഷയിൽ കൊച്ചുതലമുറയെ ഗുണദോഷം പഠിപ്പിക്കുന്ന അമ്മാമയും അമ്മാമയുടെ ചാട്ടുളിയിൽ നട്ടംതിരിയുന്ന കൊച്ചുമോനും സാമൂഹികമാധ്യമങ്ങളിൽ തരംഗമാകുമ്പോൾ സമാനമായി മറ്റൊരു ഭാഗത്തു ജനശ്രദ്ധയാകർഷിച്ചത് കടുക് എന്ന കുഞ്ഞുപേരിൽ വലിയ കാര്യങ്ങൾ പറയുന്ന കുറച്ചു വൈദികരാണ്. കെ സി ബി സി മാധ്യമ കമ്മീഷൻ ഇദംപ്രഥമമായി ഏർപ്പെടുത്തിയ സോഷ്യൽ മീഡിയ ഐക്കൺ അവാർഡ് 2021 നു ഫാ. ഫിജോ ആലപ്പാടൻ, ഫാ. ഗ്രിജോ മുരിങ്ങാത്തേരി, ഫാ. പ്രതീഷ് കല്ലറയ്ക്കൽ എന്നിവർ ചേർന്ന് അവതരിപ്പിക്കുന്ന കടുകിനോടൊപ്പം ജിൻസണും മേരി ജോസഫ് മാമ്പിള്ളിയും ചേർന്ന് അവതരിപ്പിക്കുന്ന അമ്മാമയും കൊച്ചുമോനും അർഹമായി. അതോടൊപ്പംതന്നെ ഷിജി ജോൺസൻ അവതരിപ്പിക്കുന്ന തോട്ട് ഓഫ് ദ ഡേയും, ഫാ വിൻസെന്റ് വാരിയത്ത് അവതരിപ്പിക്കുന്ന അനുദിന ആത്മീയ ചിന്തകൾ എന്ന പ്രോഗ്രാമും അംഗീകാരം നേടി.

വെറും തമാശ എന്നതിനെക്കാൾ സന്മാർഗപാഠങ്ങൾ നല്കുന്നു എന്നതാണ് കടുക്, അമ്മാമയും കൊച്ചുമോനും എന്നീ വെബ് സീരീസുകളുടെ പ്രത്യേകത. ഞായറാഴ്ചയിലെ വചനഭാഗങ്ങളുടെ സാരാംശം വിശ്വാസികളിലേക്കെത്തിക്കാൻ തൃശൂർ അതിരൂപതയിലെ മൂന്നു വൈദികർ ചേർന്നു നടത്തിയ പരിശ്രമമാണ് കടുകിന്റെ ആരംഭം. മീഡിയ കത്തോലിക്കാ എന്ന യുട്യൂബ് ചാനലിലൂടെയാണ് കടുക് ജനങ്ങളിലേക്കെത്തുന്നത്. കാലടി സർവകലാശാലയിൽനിന്ന് എം എ തിയേറ്റർ ഒന്നാം റാങ്കോടെ പാസ്സായ ഫാ. ഫിജോ ആലപ്പാടനാണ് കഥയും തിരക്കഥയും സംവിധാനവും നിർവഹിക്കുന്നത്. ഫാ. പ്രതീഷ് കല്ലറയ്ക്കൽ ക്യാമറ കൈകാര്യം ചെയ്യുന്നു. സംഗീത വിദഗ്ധൻ കൂടിയായ ഫാ. ഗ്രിജോ മുരിങ്ങാത്തേരിയും ഇതിൽ അഭിനയിക്കുന്നുണ്ട്.



മേരി ജോസഫ് മാമ്പിള്ളിയും ജിൻസണും

വെള്ളപ്പൊക്കക്കാലത്തു നോർത്ത് പറവൂർ ഭാഗത്തുനിന്ന് വീടുവിട്ടു ദുരിതാശ്വാസകേന്ദ്രത്തിൽ എത്തിയപ്പോഴാണ് റ്റിക്റ്റോക്കിന്റെ അനന്തസാധ്യതകളെക്കുറിച്ച് നാട്ടിൻപുറത്തുകാരായ മേരി ജോസഫ് മാമ്പിള്ളി എന്ന അമ്മാമയും ജിൻസൺ എന്ന കൊച്ചുമോനും അറിയാനിടയായത്. കെടുതികളുടെ നടുവിൽ രസം കണ്ടെത്താൻ ഇടം കിട്ടിയപ്പോൾ ജിൻസൺ അതൊരു പരീക്ഷണമാക്കിയതാണ്. എന്നാൽ, നൊടിയിടയിലാണ് അവർ താരങ്ങളായി മാറിയത്. ഇതിനിടയിലാണ് തലശ്ശേരി രൂപതക്കാരനായ മനുവും താമരശ്ശേരി രൂപതക്കാരനായ ലിതിൻ പോളും ചേർന്ന് തങ്ങൾ കൊച്ചി കേന്ദ്രമാക്കി ആരംഭിച്ച മീഡിയ എഡ്ജ് പ്രൊഡക്ഷൻസിനുവേണ്ടി പ്രതിഭകളെ അന്വേഷിക്കുന്നത്. അമ്മാമയും കൊച്ചുമോനും അവരുടെ ശ്രദ്ധയിൽപ്പെട്ടതോടെ കുറച്ചുകൂടി ശ്രദ്ധേയമായ നെല്ലിക്ക എന്ന പ്ലാറ്റ്ഫോമിൽ അവർക്ക് അവസരം ഒരുങ്ങുകയായിരുന്നു.

അഞ്ചു വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും സൈക്കോളജിയിൽ പി എച്ച് ഡി യും ഉള്ള ആളാണ് വരാപ്പുഴ രൂപതയിൽനിന്നുള്ള ഫാ. ഡോ. വിൻസെന്റ് വാരിയത്ത്. കൊറോണയുടെ നാളുകളിൽ ആളുകൾക്ക് സമാശ്വാസമേകാൻ ആരംഭിച്ചതാണ് എല്ലാ ശനിയാഴ്ചയും അപ്ലോഡ് ചെയ്യുന്ന അനുദിന ആത്മീയ ചിന്തകൾ. മുപ്പത്തിയഞ്ച് എപ്പിസോഡുകൾ പൂർത്തിയാക്കിയപ്പോഴാണ് കെ സി ബി സിയുടെ അംഗീകാരം അച്ചനെ തേടിയെത്തുന്നത്.



ഫാ. ഫിജോ ആലപ്പാടൻ



ഫാ. പ്രതീഷ് കല്ലറയ്ക്കൽ



ഫാ. ഗ്രിജോ മുരിങ്ങാത്തേരി



ഫാ. ഡോ. വിൻസെന്റ് വാരിയത്ത്



ഷിജി ജോൺസൺ

ചങ്ങനാശ്ശേരി അതിരൂപതയുടെ മീഡിയ വില്ലേജ് ടെലിവിഷൻ എന്ന യുട്യൂബ് ചാനലിലാണ് ഷിജി ജോൺസൺ അവതരിപ്പിക്കുന്ന തോട്ട് ഓഫ് ദ ഡേ. നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് സ്കൂളിലെ ഇംഗ്ലീഷ് അധ്യാപികയാണ് ഷിജി.

ജനുവരി എട്ടാം തീയതി കെ സി ബി സി പ്രസിഡന്റ് മാർ ജോർജ് ആലഞ്ചേരിയും മീഡിയ കമ്മീഷൻ അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനിയും മുഖ്യാതിഥികളായി കൊച്ചി പി ഒ സി യിൽ നടന്ന ചടങ്ങിൽ അവാർഡുകൾ സമ്മാനിച്ചു. കെ സി ബി സി ന്യൂസ് പോർട്ടലിന്റെ ഉദ്ഘാടനവും കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു.




# മണ്ണുകൊണ്ടൊരു മഹാനിർമിതി

## ഈജിപ്തിലെ അസ്വാൻ ഡാം എട്ടാമത്തെ അദ്ഭുതം?



പ്രഫ. ചാണ്ടി സഖറിയാസ്



**1970**-മാണ്ടോടുകൂടി ഈജിപ്തിന്റെ വ്യാവസായിക, കാർഷികസാംസ്കാരികമേഖലകളിൽ പുത്തനുണർവും ശക്തിയും പകർന്നതും ലോകത്തിലെ, മണ്ണുകൊണ്ടുണ്ടാക്കിയതിൽ ഏറ്റവും വലുതുമായ അണക്കെട്ടാണ് അസ്വാൻഹൈഡാം. പദ്ധതിക്കു സാമ്പത്തിക സാങ്കേതികസഹായം നല്കിയ സോവിയറ്റ് യൂണിയന്റെ നേതാവ് ക്രൂഷ്ചേവാണ് ഇതിനെ ലോകത്തിലെ എട്ടാമത്തെ അദ്ഭുതമെന്നു വിളിച്ചത്.

തലസ്ഥാനമായ കെയ്റോ നഗരത്തിൽനിന്ന് 860 കി. മീറ്ററോളം അകലെക്കിടക്കുന്ന അസ്വാൻ എന്ന പട്ടണത്തിനടുത്താണ് നൈലിനു കുറുകെയുള്ള ഈ വൻ അണക്കെട്ട്. അസ്വാൻ ഈജിപ്തിന്റെ പുരാതന അതിർത്തിയായിരുന്നു. കെയ്റോയിൽനിന്ന് അസ്വാനിലേക്ക് ഏകദേശം 860 കി.മീ. ദൂരമുണ്ട്. അസ്വാൻ ഇന്റർനാഷണൽ എയർപോർട്ടും അസ്വാൻ യൂണിവേഴ്സിറ്റിയുടെ കേന്ദ്രവും അസ്വാനിലാണ്.

6650 കി.മീ. നീളമുള്ള നൈൽ, ബറൂണ്ടിയും കോംഗോയും കെനിയയും എത്യോപ്യയും സുഡാനുമുൾപ്പെടെ പത്തു രാജ്യങ്ങളിലൂടെ ഒഴുകിയാണ് ഈജിപ്തിലെത്തുന്നത്. ഈജിപ്തിന്റെ ഭാഗധേയങ്ങളെ കുറച്ചൊന്നുമല്ല നൈൽ സ്വാധീനിച്ചിരിക്കുന്നത്. നൈലിലെ വെള്ളപ്പൊക്കമാണ് തീരങ്ങളെ, പ്രത്യേകിച്ചു നൈൽ ഡെൽറ്റയെ സമ്പൽസമൃദ്ധമാക്കിക്കൊണ്ടിരുന്നത്. പക്ഷേ, പലപ്പോഴും കാലംതെറ്റിയുള്ള നദിയുടെ പ്രതിഭാസങ്ങളും കടന്നുകയറ്റങ്ങളും ജീവിതം ദുഷ്കരമാക്കിക്കൊണ്ടിരുന്നു. 1902 ൽ ബ്രിട്ടീഷ് സഹായത്തോടെ നിർമിച്ച പഴയ ഡാമിന് ലോകത്തിലെ ഏറ്റവും വലിയ നദിയുടെ അഭൗമികശക്തിക്കു നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല.

രാജഭരണം തൂത്തെറിഞ്ഞ 1952 ലെ വിപ്ലവത്തിനുശേഷം രാജ്യത്തിന്റെ മുഖ്യസ്വപ്നങ്ങളിൽ ഒന്നായി പ്രസിഡന്റ് നാസർ അണക്കെട്ടിനെ കണ്ടിരുന്നു. 1956 ൽ അദ്ദേഹം ഈജിപ്ഷ്യൻ പ്രസിഡന്റായി. 1960 ൽ പണിയാരംഭിച്ചു. 1970-ാമാണ്ടോടുകൂടി പൂർത്തീകരിച്ചു. അണക്കെട്ടിനു സാമ്പത്തികസഹായം നല്കാമെന്ന് ഏറ്റിരുന്ന ബ്രിട്ടനും അമേരിക്കയും പിൻവാങ്ങിയപ്പോൾ സോവിയറ്റ് യൂണിയൻ ഈജിപ്തിന്റെ രക്ഷയ്ക്കെത്തി. 1.12 ബില്യൻ ഡോളർ വെറും രണ്ടു ശതമാനം പലിശയ്ക്ക് അവർ വാഗ്ദാനം ചെയ്തു. (പക്ഷേ, ഇതിനു പകരം കുറഞ്ഞ വിലയ്ക്ക് ഈജിപ്തിന്റെ ഗോതമ്പ് റഷ്യ വാങ്ങിക്കൂട്ടി എന്നും ആരോപണമുണ്ട്). 1956 ൽത്തന്നെ നാസർ സൂയസ് കനാൽ ദേശസാത്കരിച്ചിരുന്നു.

കരിങ്കല്ലും കളിമണ്ണും ചേർത്തുണ്ടാക്കിയ ഭീമൻ അണക്കെട്ട് ഡിസൈൻ ചെയ്തത് സോവിയറ്റ് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനുവേണ്ടി അവരുടെ എൻജിനീയർമാരാണ്. സോവിയറ്റ് എൻജിനീയർമാരോടൊപ്പം 25000 വരുന്ന ഈജിപ്ഷ്യൻ എൻജിനീയർമാരും സാങ്കേതികവിദഗ്ധരും നിർമ്മാണരംഗത്തുണ്ടായിരുന്നു.

ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ടുകളിൽ ഒന്നാണിത്. അണക്കെട്ടിന് 13000 അടി നീളവും ചുവട്ടിൽ 3220 അടി വീതിയും മുകൾഭാഗത്ത് 130 അടി വീതിയുമുണ്ട്. അണക്കെട്ടിന്റെ പൊക്കം 364 അടിയാണ്. ഇതുകൊണ്ടുണ്ടായ തടാകത്തിന് 550 കി. മീ. നീളവും 35 കി.മീ. വീതിയും 430 അടി താഴ്ചയും (ശരാശരി താഴ്ച 83 അടി) 5220 ച. കി.മീ. ഉപരിതലവിസ്തീർണവുമുണ്ട്. ഇതു ലോകത്തിൽ മനുഷ്യനിർമിതമായ ഏറ്റവും വലിയ തടാകങ്ങളിലൊന്നാണ്. അറബ് ദേശീയതയുടെ പ്രതീകമായ നാസറിന്റെ പേരാണ് തടാകത്തിനു നല്കിയത്. 132 ക്യുബിക് കിലോമീറ്ററോളം ജലം തടാകത്തിൽ സംഭരിച്ചു നിർത്തിയിട്ടുണ്ട്.

2015 ൽ നാസയുടെ ശൂന്യാകാശപേടകത്തിൽനിന്ന് അമേരിക്കൻ ശൂന്യാകാശസഞ്ചാരികൾ അസ്വാൻ അണക്കെട്ടിന്റെയും നാസർ തടാകത്തിന്റെയും മിഴിവാർന്നതും സൂക്ഷ്മവുമായ ഫോട്ടോകൾ നിക്കോൺ ഡി4 ക്യാമറയുപയോഗിച്ചു പകർത്തിയിട്ടുണ്ട്. ഈജിപ്തിന് മൊത്തം ആവശ്യമുള്ള വൈദ്യുതിയുടെ പകുതി ഇവിടെ പ്രവർത്തിക്കുന്ന ഹൈഡ്രോ ഇലക്ട്രിക്പ്രോജക്ട് ഉത്പാദിക്കുന്നു. ഭീമാകാരന്മാരായ സോവിയറ്റ് ടർബൈനുകൾ ഒരു വർഷം പത്തു ബില്യൻ കിലോവാട്ട്സ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഇതു പത്തുലക്ഷം കളർടെലിവിഷനുകൾ 20 വർഷത്തേക്കു പ്രവർത്തിക്കാൻ വേണ്ട വൈദ്യുതിയാണ്. (ഒരു കിലോവാട്ട് 3.6 മില്യൻ ജൂൾസിനു തുല്യമാണ്)

സഹസ്രാബ്ദങ്ങളായി വരണ്ടുകിടന്നിരുന്ന മരുഭൂമിയുടെ ദാഹം തീർക്കാൻ അണക്കെട്ടിനു കഴിഞ്ഞു. സഹാറമരുഭൂമിയിൽനിന്ന് ഒരു ലക്ഷം ഏക്കർ കൃഷിക്കുവേണ്ടി വീണ്ടെടുത്തു. ദാഹിച്ചുനിന്നിരുന്ന മണൽക്കൂനകളും ഒട്ടകങ്ങൾ ഓടിയിരുന്ന മണൽനിറഞ്ഞ സമതലങ്ങളും നൈലിന്റെ ജലത്തിൽ കുതിർന്ന് നവജീവൻ ഉൾക്കൊണ്ടു.

ചരിത്രത്തിലാദ്യമായി അനേകം ഗ്രാമങ്ങളും പട്ടണങ്ങളും വൈദ്യുതിയുടെ വെളിച്ചത്തിൽ മിഴിതുറന്നു. വെള്ളപ്പൊക്കം നിയന്ത്രിക്കുകയും വിശാലമായ ഭൂപ്രദേശങ്ങളിൽ ജലസേചനം സാധ്യമാക്കുകയും ചെയ്തു. നാസർ ലെയിക്കിൽ മത്സ്യങ്ങൾ നൃത്തമാടി. കാർഷികമേഖല ഉണർന്നു. വ്യവസായങ്ങൾ വളരുകയും പുഷ്ടിപ്പെടുകയും ചെയ്തു. ഈജിപ്തിന് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ദാനം ചെയ്യാൻ അസ്വാൻ ഹൈഡാമിനു കഴിഞ്ഞു. എന്നാൽ, നൈൽതാഴ്വരയിൽ താമസിച്ചിരുന്ന ഒരു ലക്ഷത്തോളം വരുന്ന നബിയൻസ് അവിടെനിന്നു മാറേണ്ടിവന്നു. വെള്ളപ്പൊക്കം കുറഞ്ഞത് നൈൽതീരങ്ങളിൽ, പ്രത്യേകിച്ചു കെയ്റോ മുതൽ മെഡിറ്ററേനിയൻ കടൽവരെയുള്ള ഡെൽറ്റയുടെ ഫലപുഷ്ടി കുറച്ചു.

ഇതൊക്കെയാണെങ്കിലും പിരമിഡുപോലെ ഈജിപ്തിന്റെ തൊപ്പിയിലെ മറ്റൊരു പൊൻതൂവലാണ് അസ്വാൻ ഹൈ ഡാം. ലോകമെമ്പാടുമുള്ള ടൂറിസ്റ്റുകൾ അസ്വാനിലെത്തി അടുത്തുള്ള കാർനാക് ലക്സർ, അബു സിംബൽ മുതലായ പ്രാചീനവും ലോകപ്രസിദ്ധങ്ങളുമായ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നു.

അറബ്ലോകം കണ്ട ഏറ്റവും ശക്തനും പ്രതിഭാശാലിയും ഈജിപ്തിന്റെ രക്ഷകനുമായിരുന്നു നാസർ. അദ്ദേഹത്തിന്റെ സ്വപ്നമായിരുന്ന വൻ അണക്കെട്ട് ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പ് 52-ാമത്തെ വയസ്സിൽ 1970 ൽ അദ്ദേഹം ലോകത്തോടു വിടപറഞ്ഞു. ചേരിചേരാരാഷ്ട്രങ്ങളുടെ നേതൃസ്ഥാനത്ത് ജവഹർലാൽ നെഹ്റുവിനോടും മാർഷൽ ടിറ്റോയോടുമൊത്തു പ്രവർത്തിച്ച നയതന്ത്രജ്ഞനും യഥാർത്ഥ സോഷ്യലിസ്റ്റുമായിരുന്ന നാസറിന്റെ ഓർമകൾ ഇന്നും ഈജിപ്തിന്റെ ചക്രവാളത്തിൽ മായാതെ നില്ക്കുന്നു.

(തുടരും)



# യനിസേയ് നദി

പുഴയൊഴുകും വഴി

മാത്യൂസ് ആർപ്പൂക്കര

റഷ്യയിലെ തണുത്തുറഞ്ഞ സൈബീരിയയിലൂടെ ഒഴുകുന്ന നദിയാണ് യനിസേയ്. പൈൻമരങ്ങൾ നിറഞ്ഞ മനോഹരമായ ഈ പ്രദേശത്തുകൂടി കടന്നുപോകുന്ന ഈ നദിക്കു നീളത്തിൽ ലോകത്ത് അഞ്ചാം സ്ഥാനമുണ്ട്. വർഷത്തിൽ പകുതിയിലേറെക്കാലം മഞ്ഞുറഞ്ഞുകിടക്കുകയാണ് നദി. മഞ്ഞുരുകിയാണ് ജലസമ്പത്തുണ്ടാകുന്നത്. പടുകൂറ്റൻ മഞ്ഞുപാളികളുണ്ടായി പലപ്പോഴും നദിയുടെ ഒഴുക്കു തടസ്സപ്പെടുന്നുണ്ട്. തന്മൂലം വെള്ളപ്പൊക്കവും ഉണ്ടാകുന്നു. പ്രത്യേകതരം സ്ഫോടകവസ്തുക്കൾ പ്രയോഗിച്ച് ഐസ്ക്യൂബുകൾ പൊട്ടിച്ച് ഇപ്പോൾ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നു.

ആർട്ടിക് സമുദ്രത്തിൽ ചെന്നുവീഴുന്ന ഏറ്റവും വലിയ നദിയാണ് യനിസേയ്. മംഗോളിയയിൽനിന്നാണ് ഉദ്ഭവം. പിന്നീട് വടക്കോട്ടൊഴുകി യനിസേയ് ഉൾക്കടലിലൂടെ ആർട്ടിക് സമുദ്രത്തിന്റെ അടുത്ത് കാര കടലിൽ പതിക്കുന്നു. 3487 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന യനിസേയ് നദിയുടെ ഉദ്ഭവസ്ഥാനം മുതൽ ആർട്ടിക് സമുദ്രത്തിൽ പതിക്കുന്നിടംവരെയൊരു സമ്പൂർണപര്യവേക്ഷണം നടന്നു. 2001 സെപ്റ്റംബറിലാണ് ആദ്യപര്യവേക്ഷണമുണ്ടായത്. ഓസ്ട്രേലിയയും കാനഡയും ചേർന്നിതു സംഘടിപ്പിച്ചു.

ബൈക്കൽ തടാകത്തിൽനിന്നൊഴുകിവരുന്ന അംഗാറ ആണ് യനിസേയ് നദിയുടെ പോഷകനദി. ഇത് സ്ട്രെൽക എന്ന സ്ഥലത്തുവച്ച് യനിസേയുമായി ചേർന്നൊഴുകുന്നു. ലോവർ തുംഗസ്കയും സ്റ്റോണി തുംഗസ്കയും യനിസേയിയുടെ ഇതര പോഷകനദികളാണ്. മധ്യസൈബീരിയൻ പീഠഭൂമിയുടെ പശ്ചിമഭാഗത്ത് 25,80,000 ച.കി.മീ. വിസ്തൃതിയിൽ പരന്നുകിടക്കുകയാണ് യനിസേയിയുടെ നദീതടപ്രദേശം.

വൈദ്യുതിക്കായി ഒട്ടേറെ അണക്കെട്ടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ള നദിയാണ് യനിസേയ്. ഈ നദീതീരത്ത് പെട്രോളിയത്തിന്റെയും പ്രകൃതിവാതകത്തിന്റെയും നിക്ഷേപമുണ്ട്. ഈ പ്രദേശത്തുനിന്നു സ്വർണവും വെള്ളിയും ഉൾപ്പെടെയുള്ള ലോഹങ്ങൾ ഖനനത്തിലൂടെ ലഭിക്കുന്നുണ്ട്.



# നിത്യജീവന്റെ അരുവി

ഫാ. ജോസഫ് നെച്ചിക്കാട്ട്

1945 ജൂലൈ 30 നായിരുന്നു USS Indiana polsi (CA.35) എന്ന അമേരിക്കൻ കപ്പൽ ജപ്പാൻ അന്തർവാഹിനിയുടെ ടോർപ്പിഡോയേറ്റ് കടലിൽ താണുപോയത്. അതിലുണ്ടായിരുന്ന 1196 യാത്രക്കാരിൽ 300 ആളുകൾ അപ്പോൾത്തന്നെ കപ്പലിനോടൊപ്പം കടലിലേക്കു താണുപോയി. അവശേഷിച്ചവരിൽ 316 പേർ മാത്രമേ രക്ഷപ്പെട്ടുള്ളൂ. രക്ഷപ്പെട്ടവരിലൊരുവനായ എഡ്ഗർ ഹാരെൽ (Edgar Harrel) ആ സംഭവം വിവരിക്കുന്നുണ്ട്:

“ഒരു ലൈഫ് വെസ്റ്റ് മാത്രം ധരിച്ച് കടൽ വെള്ളത്തിനു മുകളിൽ അഞ്ചു രാവും പകലും പതച്ചുപതച്ചു കിടക്കേണ്ടിവന്ന അവസ്ഥ! വരണ്ടുണങ്ങിയ വയറും തൊണ്ടയും! ശരീരത്തിലെ മുഴുവൻ ജലാംശവുംവറ്റി ഏതാണ്ടു മരിച്ചപോലെ ഞാൻ കിടന്നു.”

ദാഹം! അതെന്താണെന്ന്, എന്തുമാത്രമുണ്ടെന്ന് അയാൾ അനുഭവിച്ചറിയുന്നത് അപ്പോഴാണ്. തികഞ്ഞ അന്ധകാരത്തിൽ, അഗാധങ്ങളിൽനിന്ന് ദാഹാർത്തൻ അത്യുന്നതങ്ങളിലേക്കു നോക്കി നിലവിളിച്ച നിമിഷങ്ങൾ! അതാണ്, 'Out of the Depths' (അഗാധങ്ങളിൽനിന്ന് – സങ്കീ.130) എന്ന ഗ്രന്ഥമെഴുതാൻ അദ്ദേഹത്തിന്റെ മകനെ പ്രേരിപ്പിച്ചത്.

നോക്കണം! ഒരു തുള്ളി ദാഹജലംപോലും കിട്ടാതെ മനുഷ്യൻ മരണവെപ്രാളം കാട്ടിയ വേള! അതും കോടിക്കോടി മത്സ്യങ്ങൾ യഥേഷ്ടം തിന്നു കുടിച്ചു കഴിയുന്ന കരകാണാക്കടലിലാണെന്നത് ഒത്തിരി ചിന്തിക്കാൻ വക നല്കും.

കടലിലെ മുഴുവൻ ഉപ്പുവെള്ളത്തിനും തന്റെ ദാഹം ശമിപ്പിക്കാനാവില്ലെന്നു മനസ്സിലാക്കിയ എഡ്ഗർ ഹാരലിനെപ്പോലെയാണു നാം ഈ ‘സംസാരമാം സാഗരത്തിൽ.’

സഭാപ്രസംഗകൻ (1:14;2:17) പറയുന്നതു ശ്രദ്ധിക്കുക: എല്ലാം മിഥ്യയും നിരർത്ഥകവുമാണ്. നമുക്കു നിറവേകാൻ ഇവയ്ക്കൊന്നിനും കഴിയുകയില്ല.

ആത്മാവിന്റെ ദാഹമാണ് ഏറ്റവും ശക്തം. ദാഹശമനാർത്ഥം അതു നോക്കിനില്ക്കുന്നതു ദൈവത്തിലേക്കാണ് – തിരുസന്നിധിയിലേക്ക്. “നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു” (സങ്കീ. 42:1).

മാനുകളെ നായാടുക അക്കാലത്തെ സാധാരണവിനോദമായിരുന്നു. നായാട്ടുകാരെ കാണുന്നമാത്രയിൽ അവറ്റകൾ, വിശേഷിച്ചും മാൻപേടകൾ കുന്നിൻപരപ്പുകളിലേക്കു പലായനം ചെയ്ത് എവിടെയെങ്കിലുമൊളിക്കും. അങ്ങനെ പേടിച്ചരണ്ടു തളർന്നിരിക്കുന്ന മാൻപേടയെ അലട്ടുന്നത് അതികഠിനമായ ദാഹമാണ്. വരണ്ടുണങ്ങിയ കുന്നിൻപുറത്തൊന്നും ജലമുണ്ടാകയില്ല. അതുകൊണ്ട് അരണ്ട രാത്രിയിൽ അത് അങ്ങുമിങ്ങും പരതി നടക്കും, എവിടെയെങ്കിലും ഇത്തിരി ജലം കണ്ടുപിടിക്കുന്നതുവരെ. ആ ചിത്രമാണു സങ്കീർത്തകന്റെ മനസ്സിൽ. കർത്താവിനെ കണ്ടെത്തിയെങ്കിൽ മാത്രമേ, പ്രാപിച്ചെങ്കിൽ മാത്രമേ, തന്റെ ദാഹം തീരുകയുള്ളൂ ശൂന്യത പരിഹരിക്കപ്പെടുകയുള്ളൂ. അതാണു സങ്കീർത്തകനു ബോധ്യമായത്: “എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു” (സങ്കീ. 42:2). തുടർന്നും അതുതന്നെയാണ് പറയുവാനുള്ളത്: “ദൈവമേ, എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു, വരണ്ടുണങ്ങിയ ഭൂമിയെന്നതുപോലെ” (സങ്കീ. 63:1; 143:6).

മനുഷ്യാത്മാവിന്റെ അദമ്യമായ ദാഹം ശമിപ്പിക്കുവാൻ ഈ ലോകത്തിലെ ഒരു ശക്തിക്കും സാധിക്കുകയില്ല. കടലിലെ മലിനജലത്തിനു മുകളിൽ മലർന്നുകിടന്ന എഡ്ഗർ ഹാരലിന്റേതുപോലെയാണ് ആ സ്ഥിതി.

ആ ദാഹം ശമിപ്പിക്കുവാൻ യേശുവിന്റെ ജീവജലത്തിനു മാത്രമേ കഴിയുകയുള്ളൂ. അതാണ്, സമരിയാക്കാരിക്കു ഭംഗ്യന്തരേണ യേശു വിശദീകരിച്ചുകൊടുക്കുന്നത്.

താൻ കോരുന്ന കിണറ്റിലെ വെള്ളംകൊണ്ടു തന്റെ ദാഹം തീരുമെന്ന് സമരിയാക്കാരി വിചാരിച്ചു. പലതവണ കോരിയിട്ടും കുടിച്ചിട്ടും ദാഹം തീരാത്തവളോട് യേശു തുറന്നടിച്ചു പറഞ്ഞു: “ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും” (യോഹ 4:13).

അതൊരു സത്യമായിരുന്നു. അവൾക്ക് അതുവരെ ഒരിക്കലും മനസ്സിലാക്കാൻ കഴിയാതെപോയ സത്യം. അവളുടെയും ‘ഭർത്താവി’ന്റെയും യഥാർത്ഥ സ്ഥിതിയിലേക്കാണ് അവിടുന്നു വിരൽ ചൂണ്ടിയത്. അതു ശമിക്കണമെങ്കിൽ അവർ യേശുവിന്റെ അടുത്തുവരണം. “ഞാൻ തരുന്ന ജലം പാനം ചെയ്യുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല” (യോഹ 4:14).

അവളുടെ ദാഹംതന്നെയാണ് ഭർത്താവിന്റെയും. രണ്ടിന്റെയും ശമനം ഒന്നിച്ചുതന്നെയാണു കണ്ടെത്തേണ്ടത്. രണ്ടുപേരും ഒന്നിച്ച് ആ ജീവജലം പാനം ചെയ്യാതെ ദാഹശമനം ഉണ്ടാകുവാൻ പോകുന്നില്ല. അതാണ് ഭർത്താവിനെയുംകൂട്ടി വരുക എന്ന് യേശു അവളോടു പറയുന്നതിന്റെ കാരണം.

വളരെ സവിശേഷങ്ങളായ തിരുക്കർമങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായിരുന്നു യഹൂദരുടെ കൂടാരത്തിരുനാൾ. ‘ഏറ്റവും ഭംഗിയുള്ള പഴങ്ങളും ഈന്തപ്പനയോലയും, ഇലതിങ്ങിയ ചില്ലകളും ആറ്റലരിയുടെ കൊമ്പുകളും എടുത്തുകൊണ്ട്’ (ലേവ്യർ 23:40) വലിയ




അൾത്താരയുടെ മുമ്പിൽ അവർ പ്രദക്ഷിണം വയ്ക്കും. അപ്പോൾ സ്വർണനിർമിതമായ ഒരു പാത്രത്തിൽ ശീലോഹാക്കുളത്തിലെ വെള്ളവുമായി പുരോഹിതൻ എത്തിച്ചേരും. ദാഹശാന്തിയുടെ പ്രതീകമായി ആ ജലം പുരോഹിതൻ ബലിസമർപ്പണരീതിയിൽ അൾത്താരയിൽ ഒഴിക്കും. ജനങ്ങൾ ഉറക്കെ പാടും: “രക്ഷയുടെ കിണറ്റിൽനിന്ന് നീ സന്തോഷപൂർവം ജലം ശേഖരിക്കും” (ഏശയ്യാ 12:13). തുടർന്നും അവർ പ്രാർത്ഥിക്കും: കർത്താവേ, എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു (സങ്കീ. 42:2). പിതാക്കന്മാരിലേക്കെന്നപോലെ ദാഹശമനിയായി അങ്ങു ഞങ്ങളിലേക്കും കടന്നു വരുമാറാകണമേ, ദാഹജലം നല്കുമാറാകണമേ...

ദാഹിച്ചുവലഞ്ഞ പിതാക്കന്മാർക്കു മരുഭൂമിയിൽ വച്ച് പാറകൾക്കിടയിൽനിന്ന് ജലമൊഴുക്കിക്കൊടുത്ത ദൈവത്തെ സ്തുതിക്കുവാൻവേണ്ടിയാണ് തികച്ചും വൈകാരികമായ ഈ ചടങ്ങുകൾ. അങ്ങനെ അവരുടെ ശാരീരികദാഹം ശമിപ്പിക്കുവാൻ വെള്ളം കൊടുത്ത ദൈവത്തെ ജനം സ്തുതിച്ചാരാധിച്ചുകൊണ്ടിരുന്നപ്പോൾ, എണീറ്റുനിന്ന് യേശു ഉറക്കെ വിളിച്ചുപറഞ്ഞു: ആർക്കെങ്കിലും ദാഹമുണ്ടെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. ഇതാ, ഇവിടെ മനുഷ്യാത്മാവിനു നിത്യശാന്തി നല്കുന്ന നീരുറവ, സമരിയാക്കാരിക്കു പറ്റാത്ത ജീവജലം (യോഹ. 7:37).

വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്നു ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് യേശു പ്രസ്താവിച്ചു. തിരുവെഴുത്തിലെവിടെയാണ് ആ പ്രസ്താവന എന്നു വ്യക്തമല്ല. “രക്ഷയുടെ കിണറ്റിൽനിന്നു നീ സന്തോഷപൂർവം ജലം കോരിയെടുക്കും” (ഏശയ്യ 12:3), “വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ സ്ഥലത്ത് അരുവിയും ഞാൻ ഒഴുക്കും” (ഏശയ്യ 44:3), “ദാഹാർത്തരേ, ജലാശയത്തിലേക്കു വരുവിൻ” (ഏശയ്യാ 55:1) തുടങ്ങിയ തിരുലിഖിതങ്ങൾ യേശുവിന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കണം.

ഒരുപക്ഷേ, തന്നിൽനിന്നു പുറപ്പെടുന്ന ജീവജലമാവാം യേശു ഉദ്ദേശിച്ചത്. അഥവാ, യേശുവിൽ വിശ്വസിക്കുന്നവനിൽ നിത്യജീവന്റെ അരുവി ഉണ്ടായിരിക്കുമെന്നും ഉദ്ദേശിച്ചിരിക്കാം. സമരിയാക്കാരിയോടു പറഞ്ഞതിന്റെ പൊരുളും ഇതുതന്നെയാണല്ലോ. ഒന്നു തീർച്ചയാണ്. യേശുവിൽ വിശ്വസിക്കുന്നവനല്ല, യേശുവാണ് ജീവജലത്തിന്റെ ഉറവിടം. ശക്തിദായകമായ നീരുറവ. മരുഭൂമിയിൽ വച്ച് ഇസ്രായേൽക്കാർക്ക് പാറയിൽനിന്നു ജലം ലഭിച്ചു. പക്ഷേ, അതു വെറുമൊരു പാറമാത്രമായിരുന്നില്ല, വരാൻ പോകുന്ന ഒന്നിന്റെ നാന്ദിയായിരുന്നു. ക്രിസ്തുവാണ് ആ ശില–ജീവശില. നമ്മുടെ ആത്മാവിന്റെ ദാഹശമനിയായ ജീവജലം പുറപ്പെടുന്നത് അവിടുത്തെ വക്ഷസ്സിൽനിന്നാണ്. ആ ജീവശിലയെക്കുറിച്ചാണ് വി. പൗലോസിനും എടുത്തുപറയുവാനുള്ളത് (1 കൊറി.10:4).

“ഒരു പട്ടാളക്കാരൻ സാവകാശം അടുത്തുചെന്ന് കുരിശിൽ തൂങ്ങിക്കിടന്ന ആ കുറ്റവാളിയെ പരിശോധിച്ചു. ആ മനുഷ്യൻ മരിച്ചതുപോലെ തോന്നുന്നു! എങ്കിലും, കുറ്റവാളിയല്ലേ, രക്ഷപ്പെട്ടുപോകരുത്; സംശയം തീർക്കണം. അയാൾ തന്റെ പൊട്ടക്കുന്തം കുറ്റവാളിയുടെ മാർവിടത്തിനുള്ളിലേക്കു തള്ളിക്കയറ്റി. ഹൃദയഭിത്തി പൊട്ടി, ഹൃദയം തകർന്നു! കൊടും പാപികൾക്കും ഹൃദയമുണ്ടാകുമോ? ഉണ്ടെങ്കിൽ അതു സാധാരണക്കാരുടേതുപോലെ ആയിരിക്കുമോ? പട്ടാളക്കാരൻ മുറിവിലൂടെ ഉള്ളിലേക്കു നോക്കി. ഉണ്ട്, ഹൃദയമുണ്ട് അതുമാത്രമല്ല, ഹൃദയഭിത്തികളിൽ അല്പം ജലവും ഉള്ളറകളിൽ ഊറിനില്ക്കുന്ന ഇത്തിരി രക്തവും.”

കൂടാരത്തിരുനാൾ ദിവസം യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞ വാക്കുകൾ കൃത്യമായി കേട്ടതു യോഹന്നാനാണ്. മാത്രമല്ല അവനാണ് ആ ശരീരത്തെ ശരിക്കും സ്പർശിച്ചത്, അന്തിമ അത്താഴവേളയിൽ ആ വക്ഷസ്സിൽ ചാരിക്കിടന്നുകൊണ്ട്.

അതാ, ഇപ്പോൾ ആ പടയാളി പിളർന്ന ആ മാറിടത്തിലേക്കു സൂക്ഷിച്ചുനോക്കുന്നു. യോഹന്നാനും അങ്ങോട്ടു നോക്കി. കുത്തിപ്പിളർത്തിയ മാറിടം തുറക്കപ്പെട്ടു, വാതിൽപോലെ. ‘ഞാനാണു വാതിൽ’ എന്ന് മുമ്പൊരിക്കൽ ഗുരു പറഞ്ഞിട്ടുമുണ്ട് (യോഹ. 10:9). ആ കവാടത്തിലൂടെ രക്തവും വെള്ളവും ഒഴുകിവീഴുന്നു. അതിലിത്തിരി ആ ഒറ്റക്കണ്ണന്റെ പൊട്ടക്കണ്ണിലേക്കും. ആ കണ്ണിനു ജീവനുണ്ടായി; ഒപ്പം പാപപ്പൊറുതിയും.

യോഹന്നാൻ പിന്നീട് ഇങ്ങനെ എഴുതിച്ചേർത്തു: “പടയാളികളിലൊരുവൻ വന്ന്, അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ടുനിന്ന ആൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്.”

ആ മുറിവിൽനിന്ന് ഇപ്പോഴും ജീവജലം പുറപ്പെടുന്നുണ്ട്. തുള്ളിതുള്ളിയായി താഴേക്കു വീഴുന്നുമുണ്ട്. ഇല്ലെങ്കിൽ, അടുത്തുചെന്ന് കൈകൾ കൂപ്പി ആ മുറിവിലേക്കുതന്നെ കണ്ണിമയ്ക്കാതെ നോക്കിനില്ക്കുന്നവരുടെ നയനങ്ങൾ നിറയുന്നതെങ്ങനെ?

ഇവിടെയാണു ജീവജലത്തിന്റെ ആദിസ്രോതസ്സ്. കൂടാരത്തിരുനാൾ ദിവസം ദേവാലയത്തിൽവച്ച് യേശു വിളിച്ചു പറഞ്ഞതിന്റെ പൊരുൾ.

യേശുതന്നെയാണ്, ഈ ജീവജലത്തിന്റെ പ്രഭവകേന്ദ്രമായ ജീവശില! അതിന്റെ വെറുമൊരു വിദൂരസങ്കല്പം മാത്രമായിരുന്നു, വരണ്ടുണങ്ങിയ മരുഭൂമിയിൽ വച്ചു പിതാക്കന്മാർക്കുവേണ്ടി പിളർക്കപ്പെട്ട പാറ. യേശുവിൽനിന്നു മാത്രമാണ് ജീവജലം പുറപ്പെടുക. അങ്ങുമിങ്ങും ദാഹജലം തേടിയലയുന്ന ആധുനികമനുഷ്യനു വഴിതെറ്റിപ്പോകുന്നതെവിടെ വച്ചാണ്?

തൊണ്ട വരണ്ടുണങ്ങിയ ദാഹാർത്തന് കടലിലെ ഉപ്പുവെള്ളം ഒന്നും പ്രദാനം ചെയ്യുകയില്ല. അതുപോലെ നശ്വരമായ ഈ കിണറുകൾക്കൊന്നിനും മനുഷ്യാത്മാവിന്റെ ദാഹം ശമിപ്പിക്കാനാകില്ല. അതുതന്നെയാണ് സമരിയാക്കാരിയെ യേശു പറഞ്ഞു പഠിപ്പിക്കുന്നതും.

□

# തൂലികാസൗഹൃദം



കാരിത്തടം വർക്കി



**വാ**രികയുടെ പേജിൽ തൂലികാസുഹൃത്തുക്കൾക്കു വേണ്ടി ഒരു പുതിയ കോളം.

ബിരുദധാരിയായ ഒരു ചെറുപ്പക്കാരൻ തൂലികാസുഹൃത്തുക്കളെ തേടിക്കൊണ്ടു പരസ്യം ചെയ്തപ്പോൾ വെറുമൊരു കൗതുകത്തിനുവേണ്ടി ഗോപികയും വാരികയിൽ കണ്ട വിലാസത്തിൽ ഒരു കത്തയച്ചു.

പ്ലസ് ടു വിദ്യാർത്ഥിനിയും നഗരത്തിലെ പ്രശസ്തമായ വനിതാഹോസ്റ്റലിലെ അന്തേവാസിയുമാണ് ഗോപിക. അവളുടെ ഡാഡിയും മമ്മിയും ഗൾഫിൽ ജോലി നോക്കുന്നു. നാട്ടിൽ ഹോസ്റ്റലിൽ താമസിക്കുന്ന മകൾക്ക് ആവശ്യമുള്ളതെന്തും ആ മാതാപിതാക്കൾ യഥാസമയം എത്തിക്കുന്നു. പണത്തിനു പണം, വസ്ത്രങ്ങൾക്കു വസ്ത്രം, പിന്നെയെന്ത് ആവശ്യപ്പെട്ടാലും അവയൊക്കെയും...

എങ്കിലും ഉള്ളിന്റെയുള്ളിൽ എപ്പോഴും ഒരു ഒറ്റപ്പെട്ട ബോധം അവളെ വേട്ടയാടുന്നു. ഒന്നു മനസ്സുതുറക്കാൻ ഒരു സഹോദരനോ സഹോദരിയോ ഇല്ല. അച്ഛനമ്മമാരാണെങ്കിൽ വിദേശത്ത്. പിന്നെ ആകെയുള്ള ആശ്രയം ചില കൂട്ടുകാരികൾ മാത്രം. അവരോടൊപ്പം സമയം കിട്ടുമ്പോഴൊക്കെ അവൾ അടിച്ചുപൊളിക്കും.

അങ്ങനെയുള്ള ജീവിതത്തിനിടയ്ക്കാണ് അവൾ തൂലികാസൗഹൃദം തേടിയ അജ്ഞാത ചെറുപ്പക്കാരനു കത്തയച്ചത്. പിന്നെ അവൾ ആ കാര്യമേ മറന്നു.

അങ്ങനെയിരിക്കേ ഒരു ദിവസം അപ്രതീക്ഷിതമായി അവളുടെ വിലാസമുള്ള ഒരു കത്ത് ഹോസ്റ്റലിൽ എത്തി. ഗോപികയ്ക്ക് അധികം കത്തുകൾ വരാറുള്ളതല്ല.

എല്ലാവരും ടെലിഫോണിലൂടെയാണ് സമ്പർക്കം. അതിനാൽ ആകാംക്ഷയോടെയാണ് അവൾ കത്ത് പൊട്ടിച്ചത്. കത്തെഴുതിയ ആളുടെ പേരാണ് ആദ്യം നോക്കിയത്: വിനോദ്.

ആ പേരു കണ്ടിട്ടും അവൾക്ക് ആളെ പിടികിട്ടിയില്ല. ആകാംക്ഷ വർദ്ധിക്കുകയും ചെയ്തു. പക്ഷേ, കത്തിലെ ആദ്യവാചകം വായിച്ചപ്പോൾത്തന്നെ അവൾക്ക് ആളെ മനസ്സിലായി, താൻ വാരികയിൽ പരസ്യം കണ്ട് തൂലികാസൗഹൃദം തേടി കത്തയച്ച ആൾ.

കൗതുകത്തോടെ അവൾ ആ കത്ത് വായിച്ചു. അതിൽ വിനോദ് തന്നെക്കുറിച്ചുള്ള കാര്യങ്ങളൊക്കെ എഴുതിയിരുന്നു. കോട്ടയത്തുള്ള ഒരു മ്യൂസിക് ട്രൂപ്പിലെ ഗിറ്റാറിസ്റ്റാണ് വിനോദ്. എന്നെങ്കിലും പ്രോഗ്രാം അവതരിപ്പിക്കുവാൻ തൃശൂരിൽ വരുമ്പോൾ തമ്മിൽ കാണാമെന്നും അവൻ എഴുതിയിരുന്നു. അതുവരെ കത്തുകളിലൂടെയുള്ള ബന്ധം തുടരാമെന്നും സൗകര്യപ്പെടുമെങ്കിൽ തന്റെ മൊബൈൽ നമ്പറിൽ ബന്ധപ്പെടണമെന്നും അവൻ എഴുതിയിരുന്നു.

കത്തു വായിച്ചതും ഗോപികയ്ക്ക് ഉത്സാഹമായി. വല്ലപ്പോഴും ഒരു കത്ത് അയയ്ക്കുന്നതും അതിനു മറുപടി വരുന്നതുമൊക്കെ ഒരു രസംതന്നെ. അവൾ വിനോദിന്റെ അഡ്രസ്സിൽ അന്നുതന്നെ ആ കത്തിന് മറുപടി അയച്ചു. അത് ഒരു സൗഹൃദത്തിന്റെ തുടക്കമായിരുന്നു. കത്തിടപാടിലൂടെ ആരംഭിച്ച ബന്ധം പിന്നെ ടെലിഫോണിലൂടെ തുടർന്നു. രണ്ടുപേരുടേയും മൊബൈൽ ഫോണുകൾ നിരന്തരം ചിലച്ചു. ഇരുവരും ഫോട്ടോകൾ പരസ്പരം കൈമാറി. അതോടെ നേരിട്ട് തമ്മിൽ കാണാനുള്ള ആഗ്രഹം കലശലായി.

ആയിടയ്ക്ക് തൃശ്ശൂരിൽ വിനോദിന്റെ മ്യൂസിക് ട്രൂപ്പിന്റെ ഒരു പ്രോഗ്രാം. അതിന് മൂന്നുപേർക്കു കാണാവുന്ന കോംപ്ലിമെന്ററി പാസ് ഗോപികയുടെ വിലാസത്തിൽ തപാലിൽ എത്തി. കൂടാതെ, തീർച്ചയായും എത്തിയിരിക്കണമെന്ന് ടെലിഫോണിലൂടെയുള്ള വിനോദിന്റെ ക്ഷണവും. ഗോപികയ്ക്ക് ആഹ്ലാദമായി. പ്രോഗ്രാമിന് ഏറ്റവുമടുത്ത രണ്ടു കൂട്ടുകാരികളോടൊപ്പം ഹാളിന്റെ മുൻനിരയിൽത്തന്നെ അവൾ സ്ഥാനം പിടിച്ചിരുന്നു.

പ്രോഗ്രാം ആരംഭിച്ചു. വിനോദ് ഗിറ്റാറിസ്റ്റ് മാത്രമല്ല ഒരു ഗായകൻകൂടിയാണെന്ന് അവൾ മനസ്സിലാക്കിയത് അപ്പോഴാണ്.

അവന്റെ ഓരോ അവതരണത്തിനും അവളുടെ കൈയടി പ്രോത്സാഹനമായി ഉണ്ടായിരുന്നു.

പ്രോഗ്രാമിന്റെ ഇടവേളയിൽ അവൾ കൂട്ടുകാരികളോടൊപ്പം സ്റ്റേജിന്റെ പിന്നാമ്പുറത്തേക്കു ചെന്ന് വിനോദുമായി നേരിട്ടു പരിചയപ്പെട്ടു. ആ കൂടിക്കാഴ്ച അവർക്കിരുവർക്കും ഏറെ ആഹ്ലാദകരമായിരുന്നു. എങ്കിലും കൂട്ടുകാരികളുടെ സാന്നിധ്യത്തിൽ അവരുടെ സംഭാഷണത്തിനു പരിമിതികളുണ്ടായിരുന്നു.

ആ രാത്രി അവൾ ഉറങ്ങാതെ കിടന്നു. അവളുടെ മനസ്സു നിറയെ വിനോദെന്ന ഗായകന്റെ രൂപമായിരുന്നു. അവനെ ഒരിക്കൽക്കൂടി നേരിട്ടു കാണാൻ, അവന്റെ പാട്ട് ഒരിക്കൽക്കൂടി കേൾക്കാൻ അവൾ കൊതിച്ചു.

പിറ്റേന്ന് ഞായറാഴ്ച. വിശ്രമദിനത്തിന്റെ ആലസ്യത്തിൽ കഴിയവേ, പലവട്ടം വിനോദിന്റെ രൂപം അവളുടെ മനസിലേക്കു കടന്നുവന്നു. അപ്പോഴതാ അവളുടെ മൊബൈൽ ഫോൺ ചിലയ്ക്കുന്നു. അതിന്റെ മറുതലയ്ക്കൽ വിനോദ്.

വിനോദ് നഗരംവിട്ട് പോയിട്ടില്ല. ഇന്നുകൂടി ഇവിടെ തങ്ങിയിട്ട് നാളെ മുതൽ മലബാർ പ്രോഗ്രാമിനു പുറപ്പെടുകയാണത്രേ. സമയമുണ്ടെങ്കിൽ നേരിട്ടു സംസാരിക്കാൻ എത്താൻ അവൻ അവളെ ക്ഷണിച്ചു. മറ്റൊന്നും ചിന്തിക്കാതെ, 'ഉടനെ വരാം' എന്നവൾ മറുപടി നൽകി.

ഡോക്ടറെ കാണണമെന്നു വാർഡനോടു നുണ പറഞ്ഞ് അവൾ ഹോസ്റ്റലിനു പുറത്തു ചാടി. കൂട്ടുകാരികളെപ്പോലും ഒഴിവാക്കി.

ഹോട്ടൽ റൂമിൽ വിനോദ് അവൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. കുറെനേരം ആഹ്ലാദപൂർവ്വമുള്ള കുശലാന്വേഷണങ്ങൾ, പിന്നെ ഗോപികയ്ക്കുവേണ്ടി കരുതിവച്ചിരുന്ന കൂൾഡ്രിംഗ്സ് അവൻ അവൾക്കു നൽകി.

അതോടെ തലചുറ്റുന്നതുപോലെയും താനൊരു മായികലോകത്തേക്കു പറന്നുയരുന്നതുപോലെയും ഗോപികയ്ക്കു തോന്നി. തന്റെ മേനിയിൽ കൈവെക്കുന്ന പുരുഷനെ തട്ടിമാറ്റാൻ അവൾക്കു കരുത്തില്ലാതായി.

മണിക്കൂറുകൾക്കുശേഷം തലയും കുമ്പിട്ട് അവൾ ആ ഹോട്ടലിന്റെ പടിയിറങ്ങി.

പ്രണയപാഠാവലി 67

# കാരണവരും മന്ത്രവാദിയും



ഡോ. ആന്റണി ജോസ്

**ക**പടസിദ്ധി എന്ന പ്രതിരോധതന്ത്രം കൈകാര്യം ചെയ്യുന്നതിൽ വിദഗ്ധരായ സ്ത്രീകളും പുരുഷന്മാരുമുണ്ട്. പ്രതീക്ഷയ്ക്കൊത്ത് ജീവിതം മെച്ചപ്പെടാതെ വരുമ്പോൾ ഈ തന്ത്രം പുറത്തെടുക്കുന്നു.



പരാജയങ്ങൾക്കും തകർച്ചകൾക്കും കാരണമായി അവർ ചില അസ്വാഭാവികകാരണങ്ങൾ കണ്ടെത്തും. മനുഷ്യന്റെ നിയന്ത്രണത്തിനുമപ്പുറമുള്ള കാര്യങ്ങളാണവ. മൺമറഞ്ഞുപോയ കാരണവന്മാർ ഈ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതാണ് ഒരു സംഗതി. മോക്ഷം കിട്ടാതെ അലയുകയാണവർ... ഇതോടൊപ്പം കൂട്ടിവായിക്കേണ്ട ഒന്നാണ് ശാപം. ഇതിന്റെയെല്ലാം ഭവിഷ്യത്തുകൾ, തകർച്ചകളായി പരിണമിക്കുന്നു, സ്വപ്നങ്ങൾ വാടിക്കരിയുന്നു.

മറ്റൊന്ന്, ശത്രുക്കൾ കരുതിക്കൂട്ടി ചെയ്യുന്ന കാര്യങ്ങളാണ്. കൂടോത്രം, മന്ത്രവാദം തുടങ്ങിയവ.

ഇതെല്ലാം എങ്ങനെയാണ് ഗ്രഹിക്കുക? അതൊരു പ്രത്യേക സിദ്ധിയാണത്രേ. ദൈവം നേരിട്ടോ പുണ്യാത്മാക്കൾ വഴിയോ നല്കിയിട്ടുള്ള വരദാനം. അങ്ങനെയാണവർ അതിനെക്കുറിച്ചു പറയുക!

അങ്ങനെ സ്വന്തം പ്രശ്നങ്ങൾക്കു വിശദീകരണം കണ്ടെത്തുന്നതോടെ ബഹുജനത്തിന്റെ വരവു തുടങ്ങുകയായി. പ്രശ്നപരിഹാരത്തിനായി സിദ്ധന്റെ വീട്ടുപടിക്കൽ ക്യൂ നീളുന്നു.

ഈ സിദ്ധിക്ക് രണ്ടു വിധത്തിലാണ് പ്രായോഗികത. ഒന്ന്, തങ്ങളുടെ വീഴ്ചകൾക്ക് സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട. പൂർവികരോ മന്ത്രവാദിയോ ഒക്കെ പ്രതിപ്പട്ടികയിലുണ്ടല്ലോ. അങ്ങനെ സ്വന്തം പിടിപ്പുകേട് ഒളിച്ചുവയ്ക്കാം.

രണ്ടാമത്തേത്, പരിഹാരത്തെ സംബന്ധിച്ച വ്യക്തതയില്ലായ്മയാണ്. പലപ്പോഴും പരിഹാരക്രിയകൾ, അനന്തമായി തുടരേണ്ടവയാണ്. 'കറുത്ത ശക്തികൾ' ചില്ലറക്കാരല്ല. അതുകൊണ്ട് അസ്വാഭാവിക ഇടപെടലുകൾ അവസാനിക്കാൻ കാലതാമസം ഉണ്ടാകും.

പങ്കാളിയുടെ സ്ഥിതി നോക്കുക. ഭർത്താവ് ഒരു പുണ്യപുരുഷനായിരിക്കുന്നു! ഇതിൽക്കൂടുതലെന്തു വേണം? ജപ്തി, ലോൺ, വിവാഹതടസ്സം, രോഗങ്ങൾ - എല്ലാറ്റിനും അതിന്റേതായ കാരണങ്ങളുണ്ട്. അതവൾ തിരിച്ചറിഞ്ഞിരിക്കുന്നു... പക്ഷേ, ഇത് ഒരു വശം മാത്രമാണ്. മറുവശത്ത്, അയാളുടെ മനോഭാവങ്ങൾ ഇളക്കമില്ലാതെ നില്പുണ്ട്. അവൾക്കയാൾ കരുണ നല്കാറില്ല. ദേഷ്യം വരുമ്പോൾ, അവൾക്കും ദുരാത്മാവുണ്ടെന്നയാൾ വിളിച്ചുകൂവും! ചിലപ്പോൾ ദേഹോപദ്രവമേല്പിക്കും. കാരണം, അയാളുടെ സിദ്ധി കപടമാണല്ലോ. കേവലം പ്രതിരോധതന്ത്രം.

മറ്റുള്ളവരുടെ കുടുംബപ്രശ്നങ്ങൾക്ക് അയാൾ നിർദേശിക്കുന്ന പാഠങ്ങൾ സ്വന്തം പുരയിൽ നടപ്പാക്കുന്നില്ലല്ലോ എന്നവൾ വേദനിക്കുന്നു. ഭാര്യയെ എങ്ങനെ കരുതണമെന്ന് അയാൾ നൽകുന്ന സുവിശേഷങ്ങൾ, തനിക്കു നിഷേധിക്കപ്പെടുമ്പോൾ അവൾ ഒറ്റപ്പെടുന്നു.

പുണ്യപ്രതീകത്തിനും പ്രണയനിഷേധത്തിനുമിടയിൽ എരിഞ്ഞടങ്ങേണ്ടതാണോ അവളുടെ ജന്മം?

■

# എസ്.എം.വൈ.എം. പാലാ രൂപത ഭാരവാഹികൾ

പാലാ: എസ്.എം.വൈ.എം. പാലാ രൂപതയുടെ 2021 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാലാ അൽഫോൻസാ കോളജിൽ നടന്ന തിരഞ്ഞെടുപ്പിൽ രൂപത ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ മുഖ്യവരണാധികാരിയായിരുന്നു.



അഡ്വ. സാം സണ്ണി ഓടയ്ക്കൽ (പ്രസിഡന്റ്)



കെവിൻ മൂങ്ങാമാക്കൽ (ജനറൽ സെക്രട്ടറി)

അഡ്വ. സാം സണ്ണി ഓടയ്ക്കൽ(പ്രസിഡന്റ്), സുസ്മിത സ്കറിയ (വൈസ് പ്രസിഡന്റ്), കെവിൻ മൂങ്ങാമാക്കൽ(ജന. സെക്രട്ടറി), ജോയൽ ജോസഫ് (വൈസ് പ്രസിഡന്റ്), അമൽ ജോർജ് (സെക്രട്ടറി), ജൂവൽ റാണി (ജോയിന്റ് സെക്രട്ടറി), അജോ ജോസഫ്(ട്രഷറർ) നിഖിൽ ഫ്രാൻസിസ്, ടിയ ടെസ് ജോർജ് - കൗൺസിലർമാർ എന്നിവരാണ് പുതിയ ഭാരവാഹികൾ.




ജനുവരി 17
ദനഹാക്കാലം
മൂന്നാം ഞായർ



സംഖ്യ 11:11 – 20
ഏശ 45:18 – 46:4
ഹെബ്രാ 4:1 – 10
യോഹ 1:29 – 34

ഡോ. തോമസ് വടക്കേൽ

# ഈശോ ദൈവത്തിന്റെ കുഞ്ഞാടും മിശിഹായും

**വി.** യോഹന്നാന്റെ സുവിശേഷത്തിൽ 'ഈശോയെ' ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാടിലാണ് സുവിശേഷകൻ പ്രധാനമായും അവതരിപ്പിച്ചിരിക്കുന്നത്. ഇന്നത്തെ സുവിശേഷവായനയുടെ ആദ്യഭാഗത്ത് (1:29–39) ഈശോയെ അവതരിപ്പിച്ചിരിക്കുന്നത് 'ദൈവത്തിന്റെ കുഞ്ഞാട്' (ഹോ അംനോസ് തൂ തെയ്യൂ - ho amnos tou theou = the Lamb of God) എന്നാണ് (യോഹ 1:29). രണ്ടാംഭാഗത്ത് (1:35–42) ഈശോയെ അവതരിപ്പിച്ചിരിക്കുന്നത് 'മിശിഹാ' (മെസിയാസ് = Messias) എന്നും 'ക്രിസ്തു' (ക്രിസ്തോസ് = Christos) എന്നുമാണ്. ഈ ദൈവശാസ്ത്ര അവതരണത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ച് ഇന്നു നമുക്കു പരിചിന്തനം നടത്താം.

ഈശോമിശിഹായുടെ ബലിയർപ്പണസ്വഭാവത്തിന്റെ സൂചനയാണ് പ്രധാനമായും 'ദൈവത്തിന്റെ കുഞ്ഞാട്' എന്ന വാക്കുകളിൽ നിഴലിക്കുന്നത്. പഴയനിയമത്തിൽ പ്രതിപാദിക്കുന്ന ദൈവം തരുന്ന കുഞ്ഞാടിന്റെയും (ഉത്പ 22:8) ജനങ്ങളുടെ പാപം വഹിക്കുന്ന കുഞ്ഞാടിന്റെയും (പുറ. 12:13) കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയുള്ള സഹനദാസന്റെയും (ഏശയ്യാ 53:7–8) പൊതുവായ പശ്ചാത്തലത്തിൽ വേണം ഈ വിശേഷണം മനസ്സിലാക്കുവാൻ. ഈ 'ദൈവത്തിന്റെ കുഞ്ഞാടിന്റെ' പ്രത്യേകത എന്തെന്ന് കൂടുതൽ വ്യക്തമാക്കുകയാണ് 'ലോകത്തിന്റെ പാപം നീക്കുന്ന' (one who takes away the sin of the world) എന്ന പദങ്ങൾ. ഈശോയുടെ രക്ഷാകരമായ കടന്നുവരവിന്റെ പ്രധാനോദ്ദേശ്യംതന്നെ തിന്മയിൽനിന്നു മനുഷ്യവംശത്തെ വിമോചിപ്പിക്കുക എന്നതാണ്.

ലേവ്യരുടെ പുസ്തകം 16–ാം അധ്യായത്തിൽ പറയുന്നതനുസരിച്ച് പാപപരിഹാരദിനത്തിൽ ഇസ്രായേൽക്കാർ പാപങ്ങളുടെ പരിഹാരത്തിനായി ഒരു കുഞ്ഞാടിനെ ബലിയായി അർപ്പിക്കാറുണ്ട്. ഇസ്രായേൽജനത്തിന്റെ പാപം മുഴുവൻ ചുമലിൽ വഹിക്കുന്ന ഈ കുഞ്ഞാട് ഒരു പ്രതീകമാണ്. ഇസ്രായേൽജനത്തെ തങ്ങളുടെ അശുദ്ധിയിൽനിന്നു പവിത്രീകരിക്കുന്ന ആടാണിത്. ഈ അർത്ഥതലത്തിലാണ് 'ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്നു സ്നാപകയോഹന്നാൻ ഈശോയെ വിശേഷിപ്പിക്കുന്നത്. പാപത്തിന്റെ അശുദ്ധിയിൽനിന്ന് എല്ലാവരെയും വിശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പുത്രനാണ് ഈശോ (1:34).

ഈശോയുടെ ആദ്യശിഷ്യന്മാരെക്കുറിച്ചു പ്രതിപാദിക്കുന്ന രണ്ടാം ഭാഗത്താണ് (1:35–42) അവിടുന്ന് മിശിഹാ - ക്രിസ്തു ആണെന്ന യാഥാർത്ഥ്യം അവതരിപ്പിക്കുന്നത്. ആദ്യശിഷ്യന്മാരുമായുള്ള ഈശോയുടെ കണ്ടുമുട്ടലിന്റെ പശ്ചാത്തലത്തിലാണ് യോഹന്നാൻ ശ്ലീഹാ ഇത് അവതരിപ്പിക്കുന്നത്.



സ്നാപകയോഹന്നാൻ തന്റെ ശിഷ്യരുമൊത്ത് ആയിരിക്കുമ്പോൾ നടന്നുപോകുന്ന ഈശോയെക്കണ്ട് വീണ്ടും അവൻ പറയുകയാണ്, 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്' എന്ന് (1:36). ദൈവത്തിന്റെ കുഞ്ഞാടിനെ കണ്ടപ്പോൾ സ്നാപകന്റെ ശിഷ്യന്മാർ അവനെ അനുഗമിച്ചു. ശിഷ്യരായി പിൻചെല്ലുക എന്നർത്ഥം വരുന്ന അകൊലുത്തെയോ (akolutheo) എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ പുത്രനെ കണ്ടപ്പോൾ അവർ അവന്റെ ശിഷ്യരായി മാറി. ആദ്യഗുരുവായ സ്നാപകന്റെ യഥാർത്ഥ സാക്ഷ്യമാണ് ഈ പുതിയ ശിഷ്യത്വത്തിലേക്ക് അവരെ നയിച്ചത്.

ഈശോയെ കണ്ടുമുട്ടിയ ഈ രണ്ടു ശിഷ്യന്മാർ അവിടുത്തെ അഭിസംബോധന ചെയ്യുന്നത് റബ്ബീ (Rabbi) എന്നാണ്. 'റാബ്' (Rab) എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'വലുത്' (great) എന്നാണ്. ബഹുമാനത്തോടെ ഗുരുവിനെ വിളിക്കുന്നതും റബ്ബീ എന്നാണ്. ഈശോയുടെ ശ്രേഷ്ഠതയെ (greatness) ആണ് ഈ വാക്ക് പ്രധാനമായും സൂചിപ്പിക്കുന്നത്.

ശ്രേഷ്ഠനായ ഈശോ എവിടെ താമസിക്കുന്നുവെന്ന ഈ രണ്ടു ശിഷ്യരുടെ ചോദ്യത്തിന് ഈശോയുടെ മറുപടി 'വന്നുകാണുക' (come and see) എന്നതായിരുന്നു. ശിഷ്യത്വം സ്വീകരിച്ചു വരുന്നവൻ 'കൂടെ ആയിരിക്കണം' എന്ന് ഇതു ദ്യോതിപ്പിക്കുന്നു. കൂടെ ആയിരുന്നുകൊണ്ട് അവിടുത്തെ തിരിച്ചറിയണം. ഈശോയിൽനിന്ന് അകലെ ആയിരിക്കുന്നവന് അവിടുത്തെ തിരിച്ചറിയാൻ സാധിക്കുകയില്ല.

ഈശോയുടെ കൂടെ വസിച്ചതുകൊണ്ടാണ് രണ്ടു ശിഷ്യന്മാരിൽ ഒരുവനായ ശിമയോൻ പത്രോസിന്റെ സഹോദരനായ അന്ത്രയോസ് ഇപ്രകാരം പറഞ്ഞത്: "ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ കണ്ടു.'' ഈശോ യഥാർത്ഥത്തിൽ ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന 'മിശിഹാ' ആണെന്ന സത്യം അന്ത്രയോസ് തിരിച്ചറിഞ്ഞത് അവൻ ഈശോയുടെ കൂടെ വസിച്ചപ്പോഴാണ്.

ഹീബ്രുഭാഷയിലെ 'മെസിയാ' എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ (the anointed one) എന്നാണ്. ഇതിന്റെ തത്തുല്യമായ ഗ്രീക്കുപദമാണ് ക്രിസ്തോസ് (Christos). ദൈവാത്മാവിന്റെ ആവാസം നിറഞ്ഞ വ്യക്തിയാണ് ഈശോ എന്നു സാരം. ■

# എസ്.എം.വൈ.എം. പാലാ രൂപത വാർഷികം

പാലാ : എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ 2020 പ്രവർത്തനവർഷസമാപന-വാർഷിക സമ്മേളനവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും അൽഫോൻസാ കോളജിൽവച്ച് കൊവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നടത്തപ്പെട്ടു. രൂപതയിലെ എല്ലാ യൂണിറ്റുകളിലെയും കൗൺസിലർമാർ, ഫൊറോന ഭാരവാഹികൾ, ബാച്ച് പ്രതിനിധികൾ, ദേശത്ത് നസ്രാണി ഫോറം നേതാക്കൾ എന്നിവർ ഉൾപ്പെടുന്ന യുവജന സിനഡോടെയായിരുന്നു തുടക്കം. തുടർന്നുനടന്ന വാർഷികസമ്മേളനം നവവൈദികരായ ഫാ. ജെയിംസ് ചൊവ്വേലിക്കുടിലിൽ, ഫാ. എബിൻ കുന്നത്ത് സി.എം.ഐ. എന്നിവർ സംയുക്തമായി ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സിറിൽ തോമസ് തയ്യിൽ, വൈസ് പ്രസിഡന്റ് അമലു മുണ്ടനാട്ട്, ജനറൽ സെക്രട്ടറി മിജോയിൻ വലിയകാപ്പിൽ, ഡെപ്യൂട്ടി പ്രസിഡണ്ട് ഡിന്റോ ചെമ്പുളായിൽ എന്നിവർ പ്രസംഗിച്ചു. രൂപത, ഫൊറോനാതലത്തിൽ മികവു പുലർത്തിയ യൂണിറ്റുകൾ, കലോത്സവജേതാക്കൾ, കൊവിഡ് മൃതസംസ്കാരത്തിൽ പങ്കെടുത്തവർ, വ്രതവാഗ്ദാനം നടത്തി സന്ന്യാസജീവിതത്തിലേക്കു പ്രവേശിച്ച യുവതികൾ, ലോക്ഡൗൺ കാലത്തെ ഗെയിമുകളിൽ മികവുപുലർത്തിയവർ എന്നിവർക്ക് ആദരവും



*എസ്.എം.വൈ.എം. പാലാ രൂപത വാർഷികം ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ, ഫാ. എബിൻ കുന്നത്ത് സി.എം.ഐ. എന്നിവർ സംയുക്തമായി നിർവഹിക്കുന്നു. രൂപത ഭാരവാഹികൾ, നവസന്ന്യാസിനികൾ, യുവദമ്പതികൾ, ആനിമേറ്റർ സി. മേരിലിറ്റ് എഫ്സിസി തുടങ്ങിയവർ സമീപം.*

സമ്മാനവും നൽകി. നവദമ്പതികൾക്കും നവവൈദികർക്കും നവസന്ന്യാസിനികൾക്കും യുവാക്കൾ ആശംസകൾ നേർന്നു.

നവസമൂഹത്തിന്റെ നിർമിതിയും ദൈവരാജ്യപ്രഘോഷണവും എന്ന ദൗത്യം യാതൊരു കുറവും കൂടാതെ, കാലഘട്ടത്തിന്റെ വെല്ലുവിളികളെ ജാഗ്രതയോടെ തിരിച്ചറിഞ്ഞു പൂർത്തിയാക്കാൻ യുവാക്കൾക്ക് സാധിക്കണമെന്ന് ഫാ. സിറിൽ തയ്യിൽ അഭിപ്രായപ്പെട്ടു. യുവാക്കൾ നേരിടുന്ന നിരവധി വിഷയങ്ങൾ പരാമർശിച്ചുകൊണ്ട് നടത്തപ്പെട്ട സിനഡിൽ മരിയസദനത്തിലെ കൊവിഡ് രോഗികൾക്കുള്ള സഹായം സ്വരൂപിക്കാൻ തീരുമാനിച്ചു. കാലാവധി പൂർത്തിയാക്കിയ സമിതിയും പുതിയ സമിതിയും രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനെ സന്ദർശിച്ചു. കൊവിഡ് കാലത്തും സജീവമായി പ്രവർത്തിക്കുന്ന യുവാക്കൾ ഗവൺമെന്റ് ജോലി, പഠനം, കൃഷി, സാമൂഹികപ്രതിബദ്ധത, സമുദായബോധം തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയുള്ളവരാകാൻ ബിഷപ് പറഞ്ഞു.

# ദൃശ്യവിരുന്നൊരുക്കി കോട്ടപ്പാറ



ചുറ്റുവട്ടം

കെ.ജി. രഞ്ജിത്ത്



**വെ**ള്ള രോമക്കുപ്പായങ്ങൾ ധരിച്ചപോലെ മഞ്ഞിൽ കുളിച്ചു നിൽക്കുന്ന മലനിരകൾ, മനസ്സിലും ശരീരത്തിലും തഴുകിയെത്തുന്ന കുളിർക്കാറ്റ്. അങ്ങു ദൂരെ കീഴുക്കാംതൂക്കായി കിടക്കുന്ന മലനിരകൾ, മേഘങ്ങൾ മണ്ണിലേക്കിറങ്ങി വന്നതുപോലെ കുന്നിൻ ചെരുവുകൾക്കു താഴെ നയനമനോഹരമായ കാഴ്ചകൾ... കേൾക്കുമ്പോൾത്തന്നെ മനസ് അങ്ങോട്ട് ഓടിച്ചെല്ലാൻ കൊതിക്കുന്നുണ്ടാവും. അത്തരമൊരു ദൃശ്യവിരുന്നൊരുക്കി സഞ്ചാരികളെ കാത്തിരിക്കുന്ന കോട്ടപ്പാറയുടെ വിശേഷങ്ങളിലൂടെയാണ് ഇന്ന് ചുറ്റുവട്ടം നിങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നത്.

ഇടുക്കി ജില്ലയിലാണ് കോട്ടപ്പാറ സ്ഥിതി ചെയ്യുന്നത്. മീശപ്പുലിമലയിലെ കാഴ്ചകളെക്കാൾ ഒരുപടി മുകളിലാണ് കോട്ടപ്പാറയെന്ന് ഇരുസ്ഥലങ്ങളും സന്ദർശിച്ചവർക്കു മനസ്സിലാകും. മഹാപ്രളയത്തിനുശേഷമാണ് കോട്ടപ്പാറയുടെ മനോഹാരിതയെക്കുറിച്ച് പുറംലോകമറിയുന്നത്. ലോക്ഡൗണിനുമുമ്പുവരെ ദിനംപ്രതി മുന്നൂറിലധികം വരെപേർ ഇവിടെയെത്തിയിരുന്നു. എന്നാൽ, കൊവിഡ് വ്യാപനഭീതിയെത്തുടർന്ന് സഞ്ചാരികളില്ലാതായി. കൊവിഡ്നിയന്ത്രണങ്ങളിൽ ഇളവുകൾ വന്നതും വിനോദസഞ്ചാരമേഖലകൾ തുറന്നുകൊടുക്കാൻ സർക്കാർ തയ്യാറായതുമാണ് കോട്ടപ്പാറയുടെ പുതുവർഷപ്രതീക്ഷകൾക്കു വെളിച്ചമായത്. തലേദിവസം തന്നെയെത്തി പുലർച്ചെമുതൽ കോട്ടപ്പാറയുടെ ദൃശ്യഭംഗി ആസ്വദിക്കുന്നവരാണ് കൂടുതൽ.

ചൂടുചായയും ചെറുകടിയും ലഭിക്കുന്ന ഏതാനും മാടക്കടകൾ സഞ്ചാരികളെ കാത്ത് ഇപ്പോൾ കോട്ടപ്പാറയിലുണ്ട്. ഹോട്ടലുകൾ, താഴെ വണ്ണപ്പുറം ടൗണിലേയുള്ളൂ.

**ദൃശ്യവിരുന്നൊരുക്കി കോട്ടപ്പാറ**

മലനിരകളാൽ ചുറ്റപ്പെട്ട് മഞ്ഞിൽ കുളിച്ചു കിടക്കുന്ന കോട്ടപ്പാറയുടെ ദൃശ്യഭംഗി ആരെയും വിസ്മയിപ്പിക്കുന്നതാണ്. തിരമാലകൾപോലെ പരന്നുകിടക്കുന്ന കോടമഞ്ഞും, വ്യൂപോയിന്റുമാണ് ഇവിടുത്തെ പ്രധാന ആകർഷണം. പുലർച്ചെമാത്രം ദൃശ്യമാകുന്ന ഒന്നാണ് കോട്ടപ്പാറയിൽനിന്നു മഞ്ഞ് വിട്ടുമാറുന്ന കാഴ്ച. രാവിലെ ഏഴുമണിയോടെ കിഴക്ക് സൂര്യബിംബം പ്രത്യക്ഷപ്പെടുന്നതോടെ മലനിരകളെ മൂടിക്കിടക്കുന്ന മഞ്ഞ് അലിഞ്ഞില്ലാതാകും. മഞ്ഞുമാറുന്നതോടെ താഴെ വണ്ണപ്പുറം, കാളിയാർ പട്ടണങ്ങളുടെ മനോഹരദൃശ്യങ്ങൾ തെളിയും. വിദൂരതയിൽനിന്നുള്ള ആ കാഴ്ച ആരുടെയും മനം കവരുന്നതാണ്. അല്പം മാറി പല അടരുകളായി കണ്ണെത്താദൂരത്തോളം ഇടുക്കി മലനിരകളും. കുടുംബവുമൊത്തൊരു യാത്രയ്ക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് കോട്ടപ്പാറയെന്ന് സഞ്ചാരികൾതന്നെ സാക്ഷ്യപ്പെടുത്തുന്നു.

**സിനിമ ഷൂട്ടിംഗ് ലോക്കേഷൻ**

സിനിമ ഷൂട്ടിംഗ് ലോക്കേഷനായി കോട്ടപ്പാറ ഉയർന്നതോടെയാണ് ഈ മേഖല സഞ്ചാരികൾ കൂടുതൽ ശ്രദ്ധിച്ചുതുടങ്ങിയത്. ഇപ്പോൾ കല്യാണ വീഡിയോ, ആൽബം ഷൂട്ടിംഗ് എന്നിവയും കോട്ടപ്പാറ കേന്ദ്രീകരിച്ചു നടക്കുന്നുണ്ട്. സിനിമാ നടന്മാരടക്കമുള്ള സെലിബ്രിറ്റികൾ തങ്ങളുടെ യാത്രക്കുറിപ്പുകളിൽ കോട്ടപ്പാറയെക്കുറിച്ചു പരാമർശിക്കുന്നതും കോട്ടപ്പാറയെന്ന വിനോദസഞ്ചാരകേന്ദ്രത്തിന്റെ ഖ്യാതി ഉയർത്തി.

**കോട്ടപ്പാറയിലേക്കുള്ള വഴി**

വണ്ണപ്പുറം ടൗണിൽനിന്നു മുള്ളരിങ്ങാട്ടേക്കുള്ള പാതയിൽ ആറു ഹെയർപിൻ വളവുകൾ കയറിവേണം കോട്ടപ്പാറയിലെത്താൻ. എറണാകുളം ജില്ലാ അതിർത്തിയായ ഞാറക്കാടുനിന്ന് എട്ടു കിലോമീറ്റർ സഞ്ചരിച്ചാൽ കോട്ടപ്പാറയിലെത്താം. കോതമംഗലം ടൗണിൽനിന്ന് 28 കിലോമീറ്ററും മൂവാറ്റുപുഴനിന്ന് 30 കിലോമീറ്ററുമാണ് ദൂരം.






## ക്രിസ്തീയ ആത്മീയതയുടെ പരിണാമവും പോപ് ഫ്രാൻസീസും

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. റാഫേൽ നീലങ്കാവിൽ |
| പ്രസാധനവും വിതരണവും | : ആത്മ ബുക്സ്, കോഴിക്കോട് |
| വില | : 210 രൂപ |




ക്രിസ്തുമതത്തിന് ലോകത്തിന്റെ സമഗ്രരക്ഷയാണ് ഉദ്ദേശ്യമെങ്കിൽ, മതത്തിലും ആത്മീയതയിലും ദൈവശാസ്ത്രത്തിലും പോപ് ഫ്രാൻസീസിന്റെ ഇതുവരെയുള്ള സംരംഭങ്ങൾക്കുമപ്പുറം ഇനിയുമെന്തെല്ലാം സംഭവിക്കണമെന്നു യുക്ത്യനുസാരം ചർച്ച ചെയ്യുന്ന ഗ്രന്ഥം.

## ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന്

| | |
|---|---|
| ഗ്രന്ഥകർത്താ | : കർദിനാൾ റോബർട്ട് സറാ & ബെനഡിക്ട് XVI |
| വിവർത്തനം | : ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ<br>ഫാ. കുര്യാക്കോസ് നരിതൂക്കിൽ<br>ഫാ. മാത്യു ഊഴികാട്ട് |
| പ്രസാധനം | : OIRSI പബ്ലിക്കേഷൻസ് വടവാതൂർ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 100 രൂപ |

പുരോഹിതരുടെ ഭാവിയെ സംബന്ധിക്കുന്നതും സഭയ്ക്കു സങ്കീർണവുമായ ‘കത്തോലിക്കാപൗരോഹിത്യവും ബ്രഹ്മചര്യവും’ എന്ന വിഷയത്തെക്കുറിച്ചുള്ള ധീരോദാത്തമായ വിചിന്തനങ്ങൾ. പൗരോഹിത്യം ഇന്ന് എത്തി നില്ക്കുന്ന ഗൗരവതരമായ സ്ഥിതിവിശേഷത്തിന്റെ അന്തർധാരകളെ വചനാധിഷ്ഠിതമായി ഇതിൽ അപഗ്രഥിക്കുന്നു. സഭാജീവിതത്തിൽ നാഴികക്കല്ലാവുന്ന ഗ്രന്ഥം.




## അഗസ്ത്യായനം

| | |
|---|---|
| ഗ്രന്ഥകർത്താ | : ഗിരീഷ് കെ. ശാന്തിപുരം |
| പ്രസാധനം | : ദീപനാളം പബ്ലിക്കേഷൻസ്, പാലാ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 150 രൂപ |

ദൈവത്തിന്റെ കരവിരുത് പ്രഘോഷിക്കുന്ന ആകാശം എല്ലാവർക്കുമെന്നപോലെ അവർക്കും കുട പിടിച്ചു. ഭൂമി ഏവർക്കുമെന്നപോലെ അവർക്കും നിലപാടുതറയൊരുക്കി. പക്ഷേ, സഹജീവികളാരും അവരെ കണ്ടില്ല. അവരുടെയിടയിൽ ഒരു അവധൂതനായി കുഞ്ഞച്ചൻ. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ജീവിതകഥ പ്രമേയമാക്കി വിരചിതമായ അപൂർവസുന്ദരമായ നോവൽ.



## അധ്യായം 19




**കോ**ൺവെന്റിലെ കിച്ചണിൽ ബ്രേക്ക്ഫാസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞ് അല്പം വിശ്രമിക്കുകയായിരുന്നു സെലീന. കപ്പപ്പുഴുക്കും മീൻകറിയുമായിരുന്നു രാവിലെയുണ്ടാക്കിയ വിഭവങ്ങൾ. സിസ്റ്റർമാർക്ക് നാടൻഭക്ഷണത്തോടാണ് പ്രിയം. പൂവർ ഹോമിലെ കുട്ടികൾക്ക് ഇഡ്ഡലിയും ചമ്മന്തിയുമാണുണ്ടാക്കിയത്. സെലീന ഒരു കടുംകാപ്പിയുണ്ടാക്കി ഗ്ലാസിൽ പകർന്ന് കുടിച്ചുതുടങ്ങി. അപ്പോൾ നഴ്സറി സ്കൂൾ ടീച്ചറായ സിസ്റ്റർ സെൽമ അവിടേക്കു വന്നു.

''ചേച്ചീ, കരോളിനമ്മയ്ക്ക് ഒന്നു കാണണോന്ന്.'' സിസ്റ്റർ സെൽമ പറഞ്ഞു.

"ഞാനിപ്പവന്നേക്കാമെന്നു പറഞ്ഞേക്ക്." ചൂടുകാപ്പി ധൃതിയിൽ കുടിച്ചുകൊണ്ട് സെലീന പറഞ്ഞു. സിസ്റ്റർ സെൽമ മടങ്ങിപ്പോയി. സെലീന ഒട്ടും വൈകാതെ മദർ കരോളിന്റെ മുറിയിലെത്തി വിനയത്തോടെ നിന്നു. മദർ മുറിയിൽ എന്തൊക്കെയോ ക്രമീകരണങ്ങൾ നടത്തുകയായിരുന്നു.

"എന്താ കരോളിനമ്മേ എന്നെ കാണണോന്നു പറഞ്ഞെ?"

"പ്രധാനപ്പെട്ട ഒരു കാര്യം പറയാനാ."

സെലീനയ്ക്ക് ഉത്കണ്ഠ വർദ്ധിച്ചുവന്നു.

"ഇന്നുകൊണ്ട് സെലീനയുടെ ഇവിടുത്തെ അടുക്കളപ്പണിയങ്ങു നിർത്താം. വേറൊരാളെ കിട്ടീട്ടുണ്ട്. കുഴപ്പമില്ലെന്നു തോന്നിയതുകൊണ്ട് വൈകുന്നേരം താമസത്തിനു തയ്യാറായി വരാൻ പറഞ്ഞുവിട്ടു."

സെലീനയ്ക്കു നടുക്കമുണ്ടായി. ഒന്നും പറഞ്ഞില്ല. വിതുമ്പിക്കരയാൻ തുടങ്ങി.

"എന്താ സെലീനാ, ഇങ്ങനെ സങ്കടപ്പെടുന്നെ? ഞങ്ങള് പിരിച്ചുവിടുന്നതല്ലല്ലോ. നമ്മള് പിണങ്ങിപ്പിരിയുകയുമല്ല. നല്ല സന്തോഷത്തോടെ സെലീനയെ യാത്രയയ്ക്കാനാ തീരുമാനിച്ചത്."

"പൊയ്ക്കോളാം. സന്തോഷത്തോടെ ഇവിടുന്നു പോകാൻ എനിക്കു കഴിയില്ലമ്മേ."

"സെലീന ഇവിടുന്നു പോകുന്നതിൽ ഞങ്ങൾക്കും നല്ല വെഷമമുണ്ട്. ഇനീം ഇവിടെയീ പണി തുടരുന്നതു ശരിയല്ല കൊച്ചേ. ആളുകള് പഴിക്കും. ഇപ്പം സെലീനയുടെ കഷ്ടകാലമൊക്കെ മാറി. സഹനത്തിനെല്ലാം ദൈവം നൂറിരട്ടിയായി നന്മകൾ തന്നു. മകളുടെ കൂടെച്ചെന്ന് താമസിക്കണം. പഴയ വീട്ടിൽ തനിച്ചു താമസിക്കണ്ടിനി."

"പോയാലും എന്നെ മറക്കല്ലേ കരോളിനമ്മേ. വേറേയാരുമില്ലെനിക്ക്. ഞാൻ വരും വല്ലപ്പഴുമൊക്കെ. എനിക്കെല്ലാരേം കാണണം.'' സെലീന പിന്നെയും വിതുമ്പി.

"സെലീന എപ്പം വന്നാലും ഞങ്ങൾക്കു സന്തോഷമാ. മകള് വലിയ സ്ഥാനത്താ എത്തിയിരിക്കുന്നെ! ഒരുപാട് പ്രശ്നങ്ങളേം പ്രതിസന്ധികളേമൊക്കെ അവൾക്കു നേരിടേണ്ടി വരും. ഒന്നിലും ഒരു പിശകു വരാതിരിക്കാൻ അമ്മ പ്രാർത്ഥിക്കണം."

"പ്രാർത്ഥിക്കുന്നുണ്ട്, കരോളിനമ്മേ ഞാനെന്നും."

സെലീന സമ്മതഭാവത്തിൽ തലയാട്ടി. തോളിലിട്ടിരിക്കുന്ന തോർത്തുകൊണ്ട് കണ്ണും മുഖവും തുടച്ച് കിച്ചണിലേക്കു മടങ്ങി. അവിടെയെത്തി ബഞ്ചിലിരുന്നു. വർഷങ്ങളായി താൻ ഇരുന്നു വിശ്രമിക്കുകയും പനിയും തലവേദനയുമൊക്കെയുള്ളപ്പോൾ കിടക്കുകയുമൊക്കെ ചെയ്യാറുള്ള ബെഞ്ച്! ഏഴുവയസ്സുള്ള മകളെയുംകൊണ്ട് ഈ മഠത്തിൽ അഭയം തേടിയതുമുതലുള്ള സംഭവങ്ങൾ മനസ്സിൽ ക്രമമായി തെളിഞ്ഞു. അന്നും മദർ സിസ്റ്റർ കരോളിൻതന്നെയായിരുന്നു. ചെറുപ്പക്കാരിയും സുന്ദരിയുമായ കരോളിനമ്മയ്ക്ക് തന്റെ മേൽ കരളലിവുണ്ടായി. സലോമിയെയും അതിരറ്റു സ്നേഹിച്ചു. ഈ മഠത്തിൽനിന്നു സ്ഥലം മാറിപ്പോയപ്പോഴും സലോമിയുടെ പഠനകാര്യത്തിൽ ഇടപെട്ടുകൊണ്ടിരുന്നു.

''സെലീനാ, നിന്റെ മകൾ മിടുമിടുക്കിയാ... ഇവളെ നമുക്ക് ഐ.എ.എസുകാരിയാക്കണം." വർഷങ്ങൾക്കുമുമ്പ് കരോളിനമ്മ പറഞ്ഞപ്പോൾ തനിക്കൊന്നും പിടികിട്ടിയില്ല. പല മഠങ്ങളിൽ സേവനമനുഷ്ഠിച്ചശേഷം നാലു വർഷംമുമ്പാണ് വീണ്ടും ഇവിടെ മദർ സുപ്പീരിയറായി തിരിച്ചെത്തിയത്.

അകാലത്തിൽ മരണപ്പെട്ട ഭർത്താവ് മാത്തനെക്കുറിച്ചും സെലീന ഓർത്തു. കരുത്തനായിരുന്നു. കർക്കശക്കാരനായിരുന്നു. ഒരാളെയും വകവയ്ക്കാതെ ഒറ്റയാനായി ജീവിച്ചു. തനിക്കാ മനുഷ്യനെ ഇത്തിരിപ്പോലും സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ല. ആ രൂപ



വും സ്വഭാവവും തനിക്കറപ്പായിരുന്നു. വഴിവിട്ട ജീവിതത്തിലേക്കയാൾ വീണുപോയത് തന്റെ സ്നേഹക്കുറവുകൊണ്ടായിരിക്കില്ലേ? പുഴക്കരവക്കച്ചന്റെ ഷാപ്പുകളിലേക്ക് തെങ്ങിൻകള്ളു കൊണ്ടുവരാൻ പാലക്കാടിന് പിക്കപ്പുമായി പോകലായിരുന്നു പ്രധാനപണി. അവിടെ ഏതോ ഒരുത്തിയുണ്ടെന്നും മക്കളുണ്ടെന്നുമൊക്കെ പറഞ്ഞുകേട്ടിരുന്നു. മരിച്ചടക്കിനുപോലും അവിടുന്ന് അങ്ങനെയൊരുത്തിയും വരാത്തത് ആശ്വാസമായി. തന്റെ തനിപ്പകർപ്പായ സലോമിമോളിലേക്കാണ് മാത്തന്റെ സ്നേഹം മുഴുവനും ഒഴുകിപ്പോയത്. അതുകൊണ്ടാവും മകൾക്കിപ്പോഴും അപ്പനോട് തീരാത്ത സ്നേഹം!

ഉച്ച. കോൺവെന്റിലെ പതിനഞ്ചുപേർക്കുള്ള വലിയ തീൻമേശയിൽ സെലീന ഒടുവിലുണ്ടാക്കിയ ചോറും കറികളുമെത്തി. ഉച്ചയൂണ് ഒരു മണിക്കാണ് പതിവ്. മദർ കരോളിനൊപ്പം എല്ലാ സിസ്റ്റർമാരും ഒരുമിച്ചുവന്നു. അവർ കസേരകളിൽ ഇരുന്നു.

"പരിശുദ്ധാത്മാവിന്റെ പാട്ടു പാടിയിട്ട് കഴിച്ചുതുടങ്ങാം." മദർ പറഞ്ഞു.

പെട്ടെന്നെല്ലാവരും എഴുന്നേറ്റു. സെലീനായെ മദർ കൈപിടിച്ച് തന്റെ അരികെ നിർത്തി.

"പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേയെന്റെ ഹൃദയത്തിൽ!

സിസ്റ്റർ സുധയാണ് പാട്ടിനു നേതൃത്വം നൽകിയത്. പാട്ടിനുശേഷം എല്ലാവരും കസേരകളിലിരുന്നു. സെൽഫ് സേർവിങ്ങാണ് നടന്നതെങ്കിലും സെലീനയ്ക്ക് മദർ കരോളിൻതന്നെ വിളമ്പിക്കൊടുത്തു. പെട്ടെന്നിങ്ങനെ കോൺവെന്റിലെ ജോലിയിൽനിന്നു പിരിയേണ്ടിവന്നതിന്റെ കഠിനസങ്കടത്തിലായിരുന്നു സെലീന. സിസ്റ്റർമാർ നിർബന്ധിച്ചതുകൊണ്ടാണ് അവൾ എന്തെങ്കിലും കഴിച്ചത്.

"സെലീനച്ചേച്ചീ, കളക്ടർമോളുടെ കല്യാണം ഞങ്ങളെയൊക്കെ വിളിക്കുകേലേ?'' സിസ്റ്റർ പ്രസീദ ചോദിച്ചു.

"അങ്ങനെയൊന്നു നടന്നാൽ ആദ്യം വന്നു ക്ഷണിക്കുന്നതിവിടെയായിരിക്കും.'' സെലീന വിതുമ്പിക്കൊണ്ടു പറഞ്ഞു.

"വിളിച്ചാലും ഞങ്ങൾക്കങ്ങനെ കല്യാണത്തിനു വരാൻ പറ്റുകേലല്ലോ സെലീനച്ചേച്ചീ. ഇവിടെയൊരു കിടിലൻ പാർട്ടി പിന്നെ നടത്തിയാ മതി ഞങ്ങൾക്ക്.'' സിസ്റ്റർ ബിൻസി പറഞ്ഞു.

"അതൊക്കെ ചെയ്യാം ബിൻസിയമ്മേ." സെലീന അതംഗീകരിച്ചു.

എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞ് രണ്ടുവാക്കു പറയാനായി മദർ കരോളിൻ എഴുന്നേറ്റു.

"പ്രിയപ്പെട്ടവരേ,

കഴിഞ്ഞ ഇരുപതുവർഷമായി നമ്മുടെ അടുക്കളയിൽ ജോലി ചെയ്ത് നല്ല രുചികരമായ ആഹാരം ഉണ്ടാക്കിത്തന്നുകൊണ്ടിരുന്ന സെലീന, ഇന്ന് യാത്ര പറയുകയാണ്. ജില്ലാ കളക്ടറുടെ അമ്മയായ സെലീന ഇനിയുമിങ്ങനെ കുശിനിക്കാരിയായി ജോലി തുടരുന്നത് ശരിയല്ലെന്നു തോന്നിയതുകൊണ്ടാണ് ഈ മാറ്റം. നമ്മുടെ അടുക്കളക്കാരിയുടെ മകളും ഇവിടുത്തെ ഓർഫനേജിലെ കുട്ടിയുമായിരുന്ന സലോമിയുടെ ഉയർച്ച നമ്മളെ വളരെയധികം സന്തോഷിപ്പിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം സലോമിക്കു നമ്മൾ സ്വീകരണം നൽകി. ഒട്ടും നിഗളമില്ല. നല്ല വിനയവും സ്നേഹവും. ഗുണങ്ങളൊക്കെ ഈ അമ്മയിൽനിന്നു കിട്ടിയതാണ്. സെലീന, നമ്മുടെ കോൺവെന്റിലെ കിച്ചണിൽനിന്നു കളക്ടറുടെ ബംഗ്ലാവിലേക്കാണ് സ്ഥലം മാറിപ്പോകുന്നത്. കഷ്ടതകളും ദുഃഖങ്ങളും ദുരിതങ്ങളും ഒത്തിരി അനുഭവിച്ച സെലീനയെ ദൈവം അനുഗ്രഹിച്ചിരിക്കുകയാണ്. ഇവിടെ നൽകിയ എല്ലാ സേവനങ്ങൾക്കും ഞാൻ നന്ദി പറയുന്നു. സെലീനയെ ദൈവം അനുഗ്രഹിക്കട്ടെ.'' മദർ പറഞ്ഞു നിർത്തി.

സിസ്റ്റർമാർ നിർബന്ധിച്ചപ്പോൾ മറുപടി പറയാൻ സെലീന എഴുന്നേറ്റു. അവർക്കു പക്ഷേ എന്തെങ്കിലും പറയാൻ കഴിഞ്ഞില്ല.

"എനിക്കൊന്നും പറയാനറിയത്തില്ലമ്മേ...'' സെലീനയുടെ വാക്കുകളിടറി.

ആ ചെറിയ ചടങ്ങ് അവസാനിക്കുന്നതിനുമുമ്പ് ഒരു കവറിലിട്ട് കുറെ രൂപയും വെള്ളയിൽ പ്രിന്റുള്ള സാരിയും തിളക്കമുള്ള കൊന്തയും സെലീനയ്ക്കു കൊടുത്തു. എല്ലാം മാറോടു ചേർത്തുപിടിച്ച് സെലീന സിസ്റ്റർമാർക്കു നേരേ കൈകൂപ്പി. മൂന്നരയോടെ മഠത്തിൽനിന്നു യാത്ര പറഞ്ഞിറങ്ങിയ സെലീന ഒരിക്കൽക്കൂടി കോൺവെന്റിനു നേർക്ക് തിരിഞ്ഞുനോക്കി. സിറ്റൗട്ടിൽ ഒന്നിച്ചുകൂടി നിന്നിരുന്ന സിസ്റ്റർമാരും പൂവർഹോമിലെ കുഞ്ഞുങ്ങളും അവർക്കു നേരെ കൈവീശി.

പിറ്റേന്ന് ബുധനാഴ്ചയായിരുന്നു. സെലീന പതിവില്ലാതെ രാവിലെ പള്ളിയിൽ പോയി. കുർബാന കഴിഞ്ഞ് കാത്തുനിന്ന് അച്ചനെ കണ്ടു.

"എന്താ സെലീന, നീ മഠത്തിലെ അടുക്കളപ്പണിയൊക്കെ വിട്ടെന്നു കേട്ടല്ലോ." ഇലഞ്ഞിത്തറയിലച്ചൻ ചോദിച്ചു.

"ഞാനുപേക്ഷിച്ചതല്ല. അവരെന്നെ വിട്ടതാ അച്ചാ." സെലീന പറഞ്ഞു.

"വെഷമിക്കണ്ട. അതു നല്ല തീരുമാനംതന്നെയാ. നീയിനി തനിച്ചിവിടെ താമസിക്കാതെ മകളുടെ കൂടെപ്പോയി ജീവിക്ക്."

"നാളെ ഞാൻ പോകുകാ അച്ചാ. പിന്നെ എനിക്കൊരു കാര്യം പറയാനുണ്ടായിരുന്നു."

"പറഞ്ഞോളൂ."

"നാളെ എന്റെ കെട്ടിയോൻ മാത്തൻ മരിച്ചിട്ട് പതിനേഴു വർഷം തെകയുകാ. ഒരു കുർബാനേം ഒപ്പീസും അതിയാനു വേണ്ടി ചെല്ലാമോ അച്ചാ?"

''നാളെ കുർബാന മറ്റൊരാൾക്കുവേണ്ടി ചെല്ലാമെന്നേറ്റു പോയി. ഒപ്പീസു നാളെയും കുർബാന മറ്റന്നാളും ചെല്ലാം."

"അതു മതിയച്ചാ."

"മാത്തൻ മരിച്ചതല്ല. കൊന്നതാണെന്നു കേട്ടു. കൊന്നവരും കൊല്ലിച്ചവരുമൊക്കെ നാട്ടിൽ വെലസി ജീവിക്കുന്നുണ്ടെന്നും അറിഞ്ഞു."

സെലീനാ വിതുമ്പി.

"നിന്നെ വെഷമിപ്പിക്കാൻ പറഞ്ഞതല്ല. നീതിയും നിയമോമൊക്കെ ഇത്തരത്തിലായല്ലോന്നോർത്തു പറഞ്ഞതാ."

"ദുർമ്മരണപ്പെട്ടവര് സ്വർഗ്ഗത്തിൽ പോകുമോ അച്ചാ."

''സെലീനാ, മനുഷ്യന്റെ നീതിയല്ല ദൈവത്തിന്റേത്. അവിടത്തെ തീരുമാനം എങ്ങനെയാണെന്ന് നമ്മൾക്കാർക്കും നിശ്ചയിക്കാനാവില്ല.'' അച്ചൻ പറഞ്ഞു.

സെലീന അച്ചനോടു യാത്ര പറഞ്ഞ് വീട്ടിലേക്കു നടന്നു.

(തുടരും)

# ആശങ്കകളും പ്രതീക്ഷകളുമായി പുതുവർഷം

രാഖി നാരായണൻ

കടന്നുപോയ നാളുകളുടെ ഞെട്ടിപ്പിക്കുന്ന ഓർമകൾക്കിടയിലും പ്രത്യാശയുടെ വെള്ളിവെളിച്ചം ചൊരിഞ്ഞുകൊണ്ട് പുതുവർഷം പിറന്നിരിക്കുകയാണ്. വലിയ പ്രതിസന്ധികളിലൂടെയാണ് നാം കഴിഞ്ഞ നാളുകളിൽ കടന്നുപോയത്. മഹാപ്രളയവും പകർച്ചപ്പനികളും കൊവിഡ്‌വ്യാപനവുമെല്ലാം നമുക്കു സമ്മാനിച്ചത് ഒരിക്കലും മറക്കാനാവാത്ത നഷ്ടങ്ങൾതന്നെയാണ്. എങ്കിലും, എല്ലാം ശരിയാകുമെന്ന ശുഭപ്രതീക്ഷയോടെയാണ് നാം 2021 നെ വരവേറ്റത്. കഴിഞ്ഞകാലങ്ങളിൽ നാം അനുഭവിച്ച വലിയ പ്രതിസന്ധികളെയെല്ലാം നമുക്കു മറികടക്കാനായത് ഒത്തൊരുമയെന്ന ആയുധം ഒന്നുകൊണ്ടുമാത്രമാണ്. ജാതി മത വർണ വർഗ വ്യത്യാസമില്ലാതെ ജനം ഒറ്റക്കെട്ടായി നിന്നപ്പോൾ സംഹാരതാണ്ഡവമായിവന്ന മഹാപ്രളയവും വഴിമാറി.



നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുകയെന്ന ബൈബിൾവാക്യത്തിന്റെ സത്യം നാം തിരിച്ചറിഞ്ഞതും അന്നായിരുന്നു. പ്രളയത്തിലകപ്പെട്ടു ജീവനുവേണ്ടി നിലവിളിച്ചപ്പോൾ സഹായഹസ്തവുമായെത്തിയവരെ ശത്രുവെന്നോ മിത്രമെന്നോ നാം നോക്കിയില്ല. സഹായിക്കാനെത്തിയവരും അതു തിരക്കിയില്ല. ജീവനായിരുന്നു അവിടെ പ്രാധാന്യം. ഇപ്പോൾ മാനവരാശിക്കുതന്നെ ദോഷകരമായി ബാധിക്കുന്ന കൊവിഡ് എന്ന വൈറസാണ് നമുക്കു മുന്നിൽ പ്രതിസന്ധി തീർത്തിരിക്കുന്നത്. ലോകരാഷ്ട്രങ്ങൾ വൈറസ്ബാധയെ പ്രതിരോധിക്കാനുള്ള തീവ്രശ്രമത്തിലാണ്. പ്രതിരോധമരുന്നുകൾ കണ്ടെത്താനും അവ പരീക്ഷിക്കാനുമൊക്കെ രാജ്യങ്ങൾ മത്സരസ്വഭാവത്തോടെ ശ്രമിക്കുന്ന കാലം. അതേസമയം കേരളത്തിൽ, നമ്മുടെ ഈ കൊച്ചുനാട്ടിൽ കൊവിഡിനെതിരേ വലിയൊരു പ്രതിരോധം തീർക്കാൻ നമുക്കു കഴിഞ്ഞുവെന്നത് വലിയ നേട്ടംതന്നെയാണ്. മലയാളക്കരയൊന്നാകെ വൈദ്യശാസ്ത്രത്തിനു പിന്നിൽ അനുസരണയോടെ അണിനിരന്നതുകൊണ്ടാണ് കൊവിഡ് മഹാമാരിയെ ഒരു പരിധിവരെ കേരളത്തിനു പ്രതിരോധിക്കാനായത്. ലോകരാഷ്ട്രങ്ങൾക്കു മുന്നിൽപ്പോലും കേരളം പ്രശംസിക്കപ്പെട്ടതും ഒത്തൊരുമയോടെയുള്ള പ്രവർത്തനംകൊണ്ടാണ്. മഹാമാരിയെ ഒരു പരിധിവരെ ചെറുക്കാനും മരണനിരക്കു കുറയ്ക്കാനും നമുക്കു കഴിഞ്ഞെങ്കിലും പ്രതിസന്ധികൾ ഒഴിയുന്നില്ല. ലോകത്തിൽ കൊവിഡിന്റെ രണ്ടാം വരവ് ആരംഭിച്ചുകഴിഞ്ഞു. അതിർത്തികൾ കടന്ന് മലയാളമണ്ണിലും വൈറസ് എത്തിയിരിക്കുന്നുവെന്നതാണ് വീണ്ടും നമ്മെ ആശങ്കയിലാഴ്ത്തുന്നത്.

മഹാമാരികൾ ഓരോന്നായി പൊട്ടിപ്പുറപ്പെടുമ്പോഴും കേരളത്തിലെ ആരോഗ്യരംഗത്തെ പ്രതിസന്ധികളും ആശങ്കകളും വർധിക്കുകയാണ്. കൊവിഡിനു പിന്നാലെ കഴിഞ്ഞ ദിവസം പക്ഷിപ്പനിയും കേരളത്തിൽ റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിരോധപ്രവർത്തനങ്ങളിൽ പങ്കാളികളായും നമുക്ക് ഈ മഹാമാരിയെയും തുരത്താനാവുമെന്നു പ്രതീക്ഷിക്കാം.

## നമ്മൾ അതിജീവിക്കും

**കെ.കെ. ഷൈലജ (ആരോഗ്യവകുപ്പ് മന്ത്രി)**

മനുഷ്യരുടെ കൂട്ടായ്മയുടെ വിജയഗാഥയാണ് 2020 ൽ കണ്ടത്. നമ്മൾ ഒന്നിച്ചുനിന്നാൽ ഏതു പ്രതിസന്ധിയെയും മറികടക്കാമെന്ന ആത്മവിശ്വാസംകൂടിയാണ് 2020 നമുക്കു നല്കുന്നത്. പ്രതിസന്ധികളെയെല്ലാം നമ്മൾ ഒറ്റക്കെട്ടായി ചെറുക്കും. പ്രതിസന്ധികളിൽ പതറിപ്പോയ സമൂഹമല്ല നമ്മുടേത്. നാടിന് ഒരു പ്രശ്നം വരുമ്പോൾ ഒറ്റക്കെട്ടായിനിന്ന് പോരാടി വിജയിച്ച ചരിത്രമാണ് കേരളത്തിനുള്ളത്. അതുകൊണ്ടുതന്നെ ഈ പ്രതിസന്ധികളെയും നാം അതിജീവിക്കുകതന്നെ ചെയ്യും. നിപ്പയും മഹാപ്രളയവുമൊക്കെ അതിജീവിച്ച പാരമ്പര്യം നമുക്കുണ്ട്. കൊവിഡ് പ്രതിരോധരംഗത്ത് കേരളം വളരെ മുന്നിലാണ്. ലോകത്താകമാനം കൊവിഡ് വ്യാപനഭീതി നിലനിൽക്കുന്നുണ്ട്.

കേരളത്തിൽ വൈറസിന്റെ വ്യാപനം വലിയതോതിൽ പ്രതിരോധിക്കാൻ നമുക്കു കഴിഞ്ഞു. രോഗമുക്തി നേടുന്നവരുടെ എണ്ണവും വർധിച്ചിട്ടുണ്ട്. മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞു. സർക്കാരിനോടൊപ്പം നാട് ഒറ്റക്കെട്ടായി നിന്നതിനാലാണ് ഇതൊക്കെ സാധ്യമായത്.

ഇപ്പോൾ കൊവിഡിന്റെ രണ്ടാം വരവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗൗരവമായാണ് സർക്കാർ ഈ വിഷയത്തെ കാണുന്നത്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ പ്രതിരോധനിരതന്നെ നമുക്കുണ്ട്. കൊവിഡ് 19 രണ്ടാംഘട്ട വ്യാപനത്തിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനും അനുയോജ്യമായ പ്രതിരോധതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി കൊവിഡ് 19 സാന്ദ്രതാപഠനം നടത്തും. സാർസ്, കൊവിഡ് 2 ആന്റിബോഡിയുടെ സാന്നിധ്യം എത്രത്തോളം ആളുകളിൽ, പ്രത്യേകിച്ച്, അപകടസാധ്യത കൂടുതലുള്ള ആളുകളിൽ ഉണ്ട് എന്നു മനസ്സിലാക്കുകയാണ് പഠനത്തിന്റെ പ്രധാന ലക്ഷ്യം. രോഗത്തിന്റെ അടുത്തഘട്ട വ്യാപനസാധ്യത മനസ്സിലാക്കുന്നതിനും മുന്നൊരുക്കങ്ങൾ നടത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഈ പഠനം സഹായിക്കും. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്ന പക്ഷിപ്പനിക്ക് ശക്തമായ പ്രതിരോധം തീർക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 2020 നെക്കാൾ വലിയ കൂട്ടായ്മയുടെ വർഷമാകണം 2021. പരസ്പരസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും കരുണയുടെയും വർഷമാകണം പുതുവർഷം. ജനങ്ങളുടെ സഹകരണവും ഒത്തൊരുമയുമാണ് പ്രതിസന്ധികളെ നേരിടാൻ സർക്കാരിന് കരുത്തേകുന്നതെന്നും ആശങ്കകളും പ്രതിസന്ധികളുമില്ലാത്ത ഒരു പുതുവർഷം എല്ലാവർക്കും ആശംസിക്കുന്നതായും ആരോഗ്യവകുപ്പു മന്ത്രി കെ. കെ. ഷൈലജ ടീച്ചർ പറഞ്ഞു.

ആരോഗ്യവീഥി





ഡോ. ആശിഷ് ശശിധരൻ

# അബ്ഡോമിനോപ്ലാസ്റ്റി

വ്യായാമത്തിലൂടെയും ഭക്ഷണക്രമീകരണത്തിലൂടെയും വയറു കുറയ്ക്കാൻ ശ്രമിച്ചിട്ടും പരാജയപ്പെട്ടവർക്കു സർജറിയിലൂടെയുള്ള പരിഹാരമാർഗമാണ് അബ്ഡോമിനോപ്ലാസ്റ്റി. അടിവയറ്റിൽ അടിഞ്ഞുകൂടിയ കൊഴുപ്പും അമിതമായി നിലനില്ക്കുന്ന ചർമവും നീക്കം ചെയ്ത് ആകാരവടിവ് വീണ്ടെടുക്കാനുള്ള ചികിത്സാരീതിയാണിത്.

ഉദരഭാഗത്തെ ചർമാവരണവും അതോടൊപ്പം ദുർബലാവസ്ഥയിലോ അല്ലാതെയോ ഉള്ള ഉദരമാംസപേശിയും അയഞ്ഞുതൂങ്ങുമ്പോഴാണ് അബ്ഡോമിനോപ്ലാസ്റ്റിയുടെ ആവശ്യം വേണ്ടിവരിക. ഗർഭധാരണത്തിനും പ്രസവത്തിനും ശേഷമുള്ള ഘട്ടങ്ങളിലാണ് ചർമ്മം ഉദരഭാഗത്ത് സാധാരണഗതിയിൽ അയഞ്ഞുവരുന്നത്. പെട്ടെന്ന് ശരീരഭാരം കുറയുന്നത്, പ്രത്യേകിച്ച് അതിനായി നടത്തുന്ന ശസ്ത്രക്രിയാഫലമായും സംഭവിക്കാം. ലൈപ്പോസക്ഷന് കൊഴുപ്പിനെയും കൊഴുപ്പുകോശങ്ങളെയും നീക്കം ചെയ്യുക മാത്രമാണു ചെയ്യുന്നത്. കൂടുതലായി തൂങ്ങിനില്ക്കുന്ന ചർമം നേരെയാക്കാൻ ലൈപ്പോസക്ഷൻ മാത്രം കൊണ്ടാകില്ല. അപ്പോഴാണ് അബ്ഡോമിനോപ്ലാസ്റ്റി നടത്തേണ്ടിവരുന്നത്.

**അബ്ഡോമിനോപ്ലാസ്റ്റി ചെയ്യുന്നതെങ്ങനെ?**

ജനറൽ അനസ്തേഷ്യ നൽകിയതിനുശേഷമാണ് അബ്ഡോമിനോപ്ലാസ്റ്റി പെർഫോം ചെയ്യുന്നത്.

വയറിൽ ഏതെല്ലാം ഭാഗങ്ങളിൽ കൊഴുപ്പുപാളികൾ ഉണ്ടെന്നു വിലയിരുത്തിയശേഷമാണ് സർജറി ചെയ്യുക. അടിവയറ്റിൽ ഒരുവശത്തെ ഹിപ്ബോണിൽനിന്ന് മറ്റേ ഹിപ്ബോൺ വരെ നീണ്ടുനിൽക്കുന്ന മുറിവുണ്ടാക്കി അതുവഴി കൊഴുപ്പുപാളികൾ നീക്കം ചെയ്യും. കൊഴുപ്പുപാളികൾ നീക്കുന്നതോടെ അമിതമായി തൂങ്ങിനിൽക്കുന്ന ചർമംനീക്കം ചെയ്യുകയും ആവശ്യാനുസരണം പേശികൾ വലിച്ചുറപ്പിച്ച് ശക്തമാക്കുകയും ചെയ്യുന്നു. ചർമം വലിച്ചുറപ്പിക്കുമ്പോൾ പൊക്കിളിന്റെ സ്ഥാനവും സർജറിയിലൂടെ മാറ്റിയെടുക്കാറുണ്ട്. ചിലപ്പോൾ ഡ്രെയിനേജ് ട്യൂബുകൾ ചർമത്തിനു കീഴിൽ വയ്ക്കുകയും ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇവ നീക്കം ചെയ്യുകയും ചെയ്യും. ശസ്ത്രക്രിയയ്ക്കുശേഷം കംപ്രഷൻ ഗാർമെന്റ് ധരിക്കാൻ ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഇരിക്കുമ്പോഴും കിടക്കുമ്പോഴും ഡോക്ടർ തന്നിരിക്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സാധാരണമായി നാലു മുതൽ ആറ് വരെ ആഴ്ച ദേഹമനങ്ങി ചെയ്യേണ്ട ജോലികൾ ഒഴിവാക്കേണ്ടതാണ്.

അബ്ഡോമിനോപ്ലാസ്റ്റി ചെയ്യുന്നതിന് മൂന്നാഴ്ച മുൻപ് മുതലെങ്കിലും പുകവലി ഒഴിവാക്കണം.

**പാർശ്വഫലങ്ങളും സങ്കീർണതകളും:**

സർജറി ചെയ്ത ഭാഗത്തു വീക്കവും വേദനയും ഉണ്ടാകുന്നത് സാധാരണമാണ്. വേദനയ്ക്കുള്ള മരുന്നുകൾ ഡോക്ടറുടെ നിർദേശപ്രകാരം കഴിക്കാം.

വേദന, തരിപ്പ്, മുറിവ് എന്നിവ ഏതാനും ആഴ്ചകൾ മുതൽ മാസങ്ങൾവരെ നീണ്ടുനിന്നേക്കാം.

**സാധാരണ കാണപ്പെടുന്ന മറ്റു സങ്കീർണതകൾ:**

മുറിവിന്റെ പാട്, ഹെമറ്റോമ (രക്തസ്രാവം), അണുബാധ, സെറോമ (accumulation of fluid), മുറിവുണങ്ങുന്നതിൽ കാലതാമസം, ചർമത്തിന്റെ നഷ്ടം, ചർമത്തിന്റെ നിറത്തിൽ മാറ്റങ്ങൾ, ദീർഘനേരം നീണ്ടുനിൽക്കുന്ന വീക്കം, ഫാറ്റ് നെക്രോസിസ് (ചർമത്തിൽ ആഴത്തിൽ സ്ഥിതിചെയ്യുന്ന ഫാറ്റി ടിഷ്യു നശിക്കുന്ന അവസ്ഥ) വൂണ്ട് സെപറേഷൻ, അസിമെട്രി, ശരിയല്ലാത്ത രക്തചംക്രമണം. പ്രമേഹം, ഹൃദയം/ശ്വാസകോശം/കരൾ രോഗങ്ങൾ, പുകവലി എന്നിവയുണ്ടെങ്കിൽ ഇത്തരം സങ്കീർണ്ണതകൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

അബ്ഡോമിനോപ്ലാസ്റ്റി ചെയ്തശേഷം നിലനില്ക്കുന്ന മുറിവിന്റെ പാട് അടിവസ്ത്രം ധരിക്കുമ്പോൾത്തന്നെ മറയ്ക്കപ്പെടുമെന്നതിനാൽ അത് സൗന്ദര്യത്തിനു പ്രശ്നമായി മാറാറില്ല. രൂപമാറ്റം ഉണ്ടാകുന്നതുമായി പൊരുത്തപ്പെടാൻ കുറച്ചു സമയം എടുത്തേക്കാം. എന്നാൽ, ആത്മവിശ്വാസം നിറയ്ക്കുന്ന ഈ മാറ്റങ്ങൾ സാധാരണമാണെന്നോർക്കുക. രൂപം നിലനിർത്തുന്നതിന് ശരിയായ ഭക്ഷണക്രമവും കൃത്യമായ വ്യായാമവും വളരെ പ്രധാനമാണ് എന്നതും മറക്കരുത്.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ മെഡിക്കൽ പ്ലാസ്റ്റിക് സർജറി കൺസൾട്ടന്റാണ്*

# ഇവിടെ രാഷ്ട്രീയം പറയരുത്

## ട്വന്റി 20 എന്ന (അ)രാഷ്ട്രീയ അടയാളം



**സിജോ പൈനാടത്ത്**

'ഇവിടെ രാഷ്ട്രീയം പറയരുത്.'

നാട്ടിൻപുറങ്ങളിലെ പഴയ ചായക്കടകൾ, ബാർബർ ഷോപ്പുകൾ എന്നിവയിൽ ചിലതിന്റെയെങ്കിലും അകംഭിത്തിയിൽ ഇപ്പോഴും ആ എഴുത്തു മാഞ്ഞിട്ടില്ല.

കഴിഞ്ഞ തദ്ദേശതിരഞ്ഞെടുപ്പിൽ കേരളം മുഴുവൻ പ്രാദേശികവിഷയങ്ങൾക്കൊപ്പം ഇടത്, വലത് രാഷ്ട്രീയം പറഞ്ഞപ്പോൾ, ജയപരാജയങ്ങൾ ഘോഷിച്ചപ്പോൾ, അതിനിടയിൽ എറണാകുളം ജില്ലയിലെ നാലു പഞ്ചായത്തുകൾ പറയാതെ പറഞ്ഞതും മറ്റൊന്നായിരുന്നില്ല;

'ഇവിടെ രാഷ്ട്രീയം പറയരുത്.'

അതേ, പരമ്പരാഗത ഇടത്, വലത് രാഷ്ട്രീയത്തിനപ്പുറത്തുള്ള പ്രാദേശിക സംഘടിതമുന്നേറ്റത്തിന്റെ വർത്തമാനമാണ് കിഴക്കമ്പലം ട്വന്റി 20 എന്ന കൂട്ടായ്മ കേരളത്തിന്റെ പൊതുബോധത്തിൽ കുറിച്ചുവയ്ക്കുന്നത്.

2015 ലെ തിരഞ്ഞെടുപ്പിൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തു തിരഞ്ഞെടുപ്പിൽ മത്സരിച്ച് 19 ൽ 17 സീറ്റും നേടി ഭരണം പിടിച്ചെടുത്താണ് ട്വന്റി 20 എന്ന കൂട്ടായ്മ കരുത്തറിയിച്ചത്. മികച്ച ഭരണത്തിന്റെ നേട്ടങ്ങൾ ഉയർത്തി അഞ്ചു വർഷത്തിനു ശേഷം വീണ്ടും തിരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ, കിഴക്കമ്പലം പഞ്ചായത്ത് നിലനിർത്തിയതിനൊപ്പം സമീപത്തെ നാലു പഞ്ചായത്തുകളിലും അധികാരം പിടിച്ചെടുത്തുവെന്നതാണ് കേരളരാഷ്ട്രീയത്തിൽ ട്വന്റി 20 എന്ന പ്രസ്ഥാനത്തിന്റെ തേരോട്ടം ശ്രദ്ധേയമാക്കുന്നത്. കിഴക്കമ്പലത്തിനു പുറമേ, ഐക്കരനാടും മഴുവന്നൂരും കുന്നത്തുനാടും ഇനി ട്വന്റി 20 യുടെ ഭരിക്കും. ഈ മേഖലയിൽ ഇടത്, വലതു മുന്നണികൾക്കു കനത്ത ആഘാതമാണ് ട്വന്റി 20 സമ്മാനിച്ചത്.

**78 സ്ഥാനാർഥികൾ 65 ലും വിജയം**

അഞ്ചു ഗ്രാമപ്പഞ്ചായത്തുകളിലായി 78 സീറ്റുകളിൽ മത്സരിച്ച ട്വന്റി 20 സ്ഥാനാർഥികൾ 65 സീറ്റുകളിലും ജയിച്ചു. ജില്ലാ പഞ്ചായത്തിലേക്കു മത്സരിച്ച രണ്ടു സ്ഥാനാർഥികളും വിജയിച്ചു സംഘടന ചരിത്രമെഴുതി. കോലഞ്ചേരി, വെങ്ങോല ഡിവിഷനുകളിൽ വിജയിച്ചാണു ജില്ലാ പഞ്ചായത്തിലും ട്വന്റി 20 അക്കൗണ്ട് തുറന്നത്. ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് ട്വന്റി 20 യുടെ 14 സ്ഥാനാർഥികളിൽ ഒമ്പതു പേർ വിജയം കണ്ടു. വടവുകോട് ബ്ലോക്കിലേക്ക് അഞ്ചു പേരെയും വാഴക്കുളം ബ്ലോക്കിലേക്ക് നാലു പേരെയും ട്വന്റി 20 ക്കു വിജയിപ്പിക്കാനായി.

ഐക്കരനാട് പഞ്ചായത്തിൽ എല്ലാ സീറ്റിലും വിജയിച്ചാണ് ട്വന്റി 20 മുന്നണികളെ ഞെട്ടിച്ചത്. എൽഡിഎഫ് ഭരണമുണ്ടായിരുന്ന ഐക്കരനാട് പഞ്ചായത്തിൽ 14 സീറ്റുകളും തൂത്തുവാരിയാണു ട്വന്റി 20 കരുത്തറിയിച്ചത്. 8 എൽഡിഎഫ് 6 യുഡിഎഫ് എന്നതായിരുന്നു കഴിഞ്ഞ തവണത്തെ കക്ഷിനില. ഇക്കുറി ഇരുമുന്നണികൾക്കും ഒരു സീറ്റിലും ഇവിടെ വിജയിക്കാനായില്ല.

കിഴക്കമ്പലത്ത് ആകെയുള്ള 19 സീറ്റുകളിൽ 18 ഉം ട്വന്റി 20 നേടി നില മെച്ചപ്പെടുത്തിയാണു തുടർഭരണം നേടിയത്. ഒരു സീറ്റ് യുഡിഎഫിനാണ്. കഴിഞ്ഞ തവണ 15 ആയിരുന്നു ട്വന്റി 20 യുടെ സീറ്റുകൾ. എൽഡിഎഫും യുഡിഎഫും ചേർന്നു പൊതുസ്ഥാനാർഥിയെ മത്സരിപ്പിച്ച കുമ്മനോട് വാർഡിലും ട്വന്റി 20 യാണു വിജയിച്ചത്.

മഴുവന്നൂരിൽ ആകെ 19 സീറ്റിൽ 14 ഉം ട്വന്റി 20 നേടി. എൽഡിഎഫ് നാലിലും യുഡിഎഫ് ഒരിടത്തും വിജയിച്ചു. 12 യുഡിഎഫ്, 7 എൽഡിഎഫ് എന്നതായിരുന്നു മഴുവന്നൂരിൽ 2015 ലെ കക്ഷിനില.

കുന്നത്തുനാട് 18 സീറ്റുകളിൽ 11 ലും ട്വന്റി 20 വിജയിച്ചു. ഇവിടെ 16 സീറ്റുകളിലാണ് ട്വന്റി 20 മത്സരിച്ചത്. ആറിടത്ത് യുഡിഎഫും ഒരു സീറ്റിൽ എൽഡിഎഫും ജയിച്ചു. യുഡിഎഫ് 15, എൽഡിഎഫ് 3 എന്നതായിരുന്നു 2015 ലെ കക്ഷിനില.

വെങ്ങോല ഗ്രാമപഞ്ചായത്തിൽ മത്സരിച്ച പത്തു സീറ്റുകളിൽ എട്ടിലും ട്വന്റി 20 വിജയിച്ചു മുഖ്യ പ്രതിപക്ഷമായി.

**2012 ൽ തുടക്കം**

കിഴക്കമ്പലത്ത് 1968 ൽ തുടക്കമിട്ട കിറ്റെക്സ് കമ്പനിയുടെ കോർപറേറ്റ് സാമൂഹ്യ ഉത്തരവാദിത്വ നിർവഹണത്തിന്റെ ഭാഗമായി 2012 ലാണു ട്വന്റി 20 യുടെ തുടക്കം. സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയാണിത്. കിറ്റെക്സ് ഗ്രൂപ്പ് ഉടമ സാബു ജേക്കബാണ് ട്വന്റി 20 യുടെ പ്രസിഡന്റും ചീഫ് കോഓർഡിനേറ്ററും.

**കിഴക്കമ്പലത്തു നടന്നത്**

സ്വയംപര്യാപ്തമായ കിഴക്കമ്പലം എന്ന ദർശനമാണു ട്വന്റി 20 മുന്നോട്ടുവച്ചത്. റോഡുകളുടെ വികസനത്തിൽ കിഴക്കമ്പലം മാതൃകയായി. 14 പ്രധാന റോഡുകളുടെയും 44 ഗ്രാമീണ റോഡുകളുടെയും ടാറിംഗ് ബിഎം ആൻഡ് ബിസി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. കാനകളുടെ നിർമാണം, റോഡിന്റെ വശങ്ങളിൽ ടൈൽ വിരിക്കൽ, പാലം പുതുക്കിപ്പണിയൽ, വൈദ്യുതിപോസ്റ്റുകളുടെ പുനഃക്രമീകരണം എന്നിവയും അടിസ്ഥാനസൗകര്യ വികസനത്തിൽ നിർവഹിച്ചു.

ലക്ഷം വീട് കോളനികളെ ഗോഡ്സ് വില്ലകളായി പുനരുദ്ധരിച്ചത് കിഴക്കമ്പലം പഞ്ചായത്തിലാണ്. നാലു വാർഡുകളിലായി 72 ഗോഡ്സ് വില്ലകൾ നിർമിച്ചു. 750 ചതുരശ്ര അടി വിസ്തീർണമുള്ളതാണ് ഓരോ വില്ലകളും. ഒപ്പം വീട് നിർമാണം, വീട് പുനരുദ്ധാരണം, വൈദ്യുതീകരണം, ശൗചാലയ നിർമാണം, ഭൂരഹിതർക്കു ഭൂമി എന്നീ പദ്ധതികളും ശ്രദ്ധേയമായി. പഞ്ചായത്തുനിവാസികൾക്ക് 50 മുതൽ 80 വരെ ശതമാനം വിലക്കുറവിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്ന കിഴക്കമ്പലത്തെ ഭക്ഷ്യസുരക്ഷാ മാർക്കറ്റ് ജനങ്ങൾക്കു നേട്ടമായി. സമസ്ത മേഖലകളിലും പ്രഫഷണലിസത്തിന്റെ മികവ് പ്രകടമാണെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

തങ്ങൾ അധികാരത്തിലെത്തുമ്പോൾ, 39 ലക്ഷം രൂപ കടബാധ്യതയിലായിരുന്ന കിഴക്കമ്പലം പഞ്ചായത്തിന്റെ പേരിൽ, അഞ്ചു വർഷം കൊണ്ടു 13.57 കോടി രൂപ സ്ഥിരനിക്ഷേപം ബാങ്കിലിട്ടാണു തങ്ങൾ ഭരണം പൂർത്തിയാക്കിയതെന്ന് ട്വന്റി 20 നേതാക്കൾ അവകാശപ്പെടുന്നു. അഴിമതിയില്ലാതെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന നേതൃത്വം ഉണ്ടെങ്കിൽ, ഏതു പഞ്ചായത്തിനും ഇത്തരം നേട്ടം കൈവരിക്കാനാകുമെന്നും അവർ പറയുന്നു.

**രാഷ്ട്രീയം, അരാഷ്ട്രീയം**

ട്വന്റി 20 എന്നതു പ്രാദേശികവും താത്കാലികവുമായ പ്രതിഭാസമാണെന്നാണ് ഇടത്, വലത് മുന്നണികളുടെയും ബിജെപിയുടെയും നേതൃത്വങ്ങളുടെ വിലയിരുത്തൽ. ഇത് അരാഷ്ട്രീയമായ കൂട്ടായ്മയാണെന്നും കോർപറേറ്റ് താത്പര്യങ്ങളാണ് ഇതിനു പിന്നിലെന്നും അവർ ആരോപിക്കുന്നുണ്ട്.

എഴുത്തുകാരൻ സിവിക് ചന്ദ്രന്റെ വാക്കുകൾ ഇങ്ങനെ: 'അരിയും പലവ്യഞ്ജനങ്ങളും സൗജന്യമായോ വില കുറച്ചോ തരൂ. ചുരുങ്ങിയ ചെലവിൽ ചികിത്സയും വിദ്യാഭ്യാസവും അർഹർക്ക് അവശ പെൻഷനും നൽകൂ. രാഷ്ട്രീയം എട്ടുമണി ചർച്ചകളിലെ വേറേ പണിയൊന്നുമില്ലാത്ത പരിഷകൾക്കു വിട്ടുകൊടുത്തേക്കൂ-ഇതാണ് ട്വന്റി 20 മാതൃകയുടെ അരാഷ്ട്രീയത.' (തിങ്ക് - റീഡേഴ്സ് ആൻഡ് തിങ്കേഴ്സ്)

ട്വന്റി 20 അരാഷ്ട്രീയമാണെന്നു വാദിക്കുന്നവരോടു സാബു ജേക്കബിന്റെ മറുപടി ഇങ്ങനെ: "രാഷ്ട്രീയം ഞങ്ങൾക്കു കച്ചവടമല്ല, സേവനമാണ്. ഭരണം ഞങ്ങൾക്കു വരുമാനമാർഗമല്ല, അതു ജനങ്ങൾക്കുവേണ്ടിയാണ്."

രാഷ്ട്രീയ, അരാഷ്ട്രീയവാദങ്ങൾക്കും അതിനെ ച്ചൊല്ലിയുള്ള വാഗ്വാദങ്ങൾക്കുമെല്ലാമിടയിൽ ജനാധിപത്യസംവിധാനത്തിലെ ഏറ്റവും ഉന്നതമായ തിരഞ്ഞെടുപ്പുപ്രക്രിയയിലൂടെ ജനപിന്തുണ നേടിത്തന്നെയാണ് ട്വന്റി 20 എന്ന കൂട്ടായ്മ നാലു തദ്ദേശസ്ഥാപനങ്ങളുടെ അധികാരത്തിന്റെ അമരത്തേക്കെത്തിയതെന്നു പറയാതെ വയ്യ. അങ്ങനെ വോട്ടു ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിച്ച ഘടകമെന്ത് എന്നത് മറ്റു രാഷ്ട്രീയകക്ഷികളും പൊതുസമൂഹവും ആഴത്തിൽ വിശകലനം ചെയ്യുന്നത് ഉചിതമാകും. തദ്ദേശതിരഞ്ഞെടുപ്പിലെ മിന്നും വിജയത്തിന്റെ തിളക്കത്തിൽ അടുത്ത നിയമസഭാതിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന പ്രഖ്യാപനവും ട്വന്റി 20 നടത്തിക്കഴിഞ്ഞു.

മുഖ്യധാര രാഷ്ട്രീയകക്ഷികളുടെ വഴികളോടും ശൈലികളോടും പ്രാദേശികമായെങ്കിലും ഉണ്ടായിട്ടുള്ള വിരക്തിയും വിയോജിപ്പുമാണോ ട്വന്റി 20 യുടെ ആവർത്തിച്ചുള്ള വിജയത്തിലൂടെ വ്യക്തമാകുന്നത്? അതോ ഒരു പ്രദേശമാകെ അരാഷ്ട്രീയ, കോർപറേറ്റ് ശക്തിയുടെ കീഴിൽ അണിനിരക്കുന്നതിന്റെ അനന്തരഫലമാണോ ഇത്?

ഏതായാലും, കിഴക്കമ്പലത്തെയും സമീപ പഞ്ചായത്തുകളിലെയും മാത്രമല്ല, കേരളത്തിലാകെയും രാഷ്ട്രീയ, പൊതുപ്രവർത്തനരംഗത്തുള്ളവർക്കു കുത്തിയിരുന്നു പഠിക്കാനും തിരുത്താനും ട്വന്റി 20 ചിലതെല്ലാം അടയാളപ്പെടുത്തുന്നുണ്ടെന്നത് തീർച്ച.

■





തലശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിൽ നിന്ന് ധാർമികദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഡോ. ജോയ് ഫ്രാൻസിസ് (ഫിസിഷ്യൻ, കാർമൽ മെഡിക്കൽ സെന്റർ, പാലാ)

# ശില്പമനോഹരം ഈ കത്തീഡ്രൽ



ശ്രീദേവി എസ്.കെ.

റഷ്യയിലെ ചരിത്രപ്രസിദ്ധമായ ചുവന്ന ചതുര (റെഡ് സ്ക്വയർ)ത്തിൽ സ്ഥിതി ചെയ്യുന്ന സെന്റ്ബേസിൽസ് കത്തീഡ്രൽ ഒരു അപൂർവസൃഷ്ടിയാണ്. പകരംവയ്ക്കാനില്ലാത്ത ഒരു നിർമിതി. പതിനേഴാംനൂറ്റാണ്ടിൽ റഷ്യയിലെ വാസ്തുശില്പകലാശൈലി തീക്ഷ്ണമായ നിറസങ്കലനങ്ങൾകൊണ്ടു പ്രശസ്തമായിരുന്നു. ഒറ്റനോട്ടത്തിൽ ഒരു യക്ഷിക്കഥയിലെ മാന്ത്രികക്കൊട്ടാരംപോലെ തോന്നിക്കുന്ന ഈ ദേവാലയം റെഡ് സ്ക്വയർ പട്ടണത്തിന്റെ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. വശ്യമായ നിറങ്ങളും താഴികക്കുടങ്ങളും മധ്യകാല റഷ്യൻ വാസ്തുശില്പകലാവൈദഗ്ദ്ധ്യം വിളിച്ചോതുന്നവയാണ്. വെളിപാടു പുസ്തകത്തിലെ സ്വർഗീയനഗരം – ദ ഹെവൻലി സിറ്റി–എന്ന ആശയം ശരിവയ്ക്കുന്ന ഒരു നിർമിതിയാണിത്. മോസ്കോയുടെ സിംബലാണ് കത്തീഡ്രൽ ഓഫ് വാസ്‌ലി ദി ബ്ലെസ്ഡ് എന്ന ഈ ചർച്ച്.

1438–1552 കാലഘട്ടത്തിൽ വോൾഗ–ബൾഗേറിയൻ അധിനിവേശത്തിൽനിന്ന് റഷ്യയിലെ കസാൻഖാനേറ്റ് തിരിച്ചുപിടിച്ചതിന്റെ സ്മരണാർത്ഥം പ്രശസ്തനായ സാർ ചക്രവർത്തി ഇവാൻ ദി ടെറിബിളിന്റെ നേതൃത്വത്തിലാണ് ഈ ദേവാലയം പൂർത്തീകരിക്കുന്നത്. 1551–'61 കാലഘട്ടത്തിലാണ് ഇതിന്റെ നിർമിതി. റെഡ് സ്ക്വയറിൽ ഇതിന്റെ അടുത്തുതന്നെ റഷ്യൻ പ്രസിഡണ്ടിന്റെ വസതിയായ ക്രെംലിൻ കൊട്ടാരവുമുണ്ട്. കൊത്തുപണികളും വർണ്ണങ്ങളും ചേർന്ന ഒരു അപൂർവ്വവശ്യത. ഇതിന്റെ ശില്പികൾ പോസ്നിക് യകോവ്ലെവും ഇവാൻ ബർമയുമാണ്.

പത്തു ചെറിയ പള്ളികൾ പരസ്പരം ബന്ധിപ്പിച്ച് ഗാലറിയും ഇടനാഴികളും അടങ്ങുന്ന ഒരു പള്ളിസമുച്ചയമാണ് ഈ ദേവാലയം. ഓരോ ചാപ്പലിനു മുകളിലും ഉള്ളിയുടെ ആകൃതിയിലുള്ള മകുടങ്ങൾ കാണാം. പതിനേഴാം നൂറ്റാണ്ടിലും പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും റഷ്യൻ ശില്പകലയിൽ ഉണ്ടായിരുന്ന ബൈസൻടൈൻ മോസ്കോ ബറോക്ക് എന്ന ശൈലിയാണ് ഈ നിർമിതിക്ക് ഉപയോഗിച്ചിരിക്കുന്നത്. പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പടിഞ്ഞാറൻ യൂറോപ്യൻ ഫറോക്ക് ശൈലിയിലുള്ള വാസ്തുശില്പകലയും പാരമ്പര്യ റഷ്യൻ വാസ്തുകലയും ചേർന്ന് പുതിയൊരു രീതി നിലവിൽവന്നിരുന്നു – അതാണ് മസ്കോവിറ്റ് ബറോക്ക്. സെന്റ് ബേസിൽ കത്തീഡ്രൽ റഷ്യൻ മസ്കോവിറ്റ് ശൈലിയുടെ മകുടോദാഹരണമാണ്. ഉള്ളിയുടെ ആകൃതിയിലുള്ള താഴികക്കുടങ്ങൾ റഷ്യൻ വാസ്തുശില്പവിദ്യയുടെ സവിശേഷതയാണ്.

ക്രെംലിനഭിമുഖമായി നോക്കുമ്പോൾ സമതുലനമായ ഒരു രൂപമാണ് ഈ കത്തീഡ്രലിനുള്ളത്. ഒരു ഒറ്റക്കൽ സ്മാരകംപോലെ അത്യുജ്ജ്വലമായ ഒരു സൃഷ്ടി. എന്നാൽ, കൃത്യമായ ഒരു രൂപഘടന ഇതിനില്ല. വശങ്ങളിലുള്ള ചെറിയ പള്ളികളുടെ ക്രമീകരണവും വ്യക്തമായ അനുപാതത്തിലല്ല. നടുക്കുള്ള ദേവാലയം കിഴക്കുവശത്തെ ഗായകസംഘം ഇരിക്കുന്ന ഭാഗത്തെക്കൂടി ഉൾക്കൊണ്ട് പടിഞ്ഞാറേക്കു തിരിഞ്ഞിരിക്കുന്നു. ബാഹ്യഭാഗം വളരെ ആകർഷകമാണ്. വർണാഭമായ ഒരു രൂപകല്പന. ഇതിന്റെ നിർമാണത്തിന് 200 വർഷങ്ങൾക്കുശേഷമാണ് തീവ്രമായ നിറസംയോജനങ്ങൾ നടന്നത്. ആദ്യകാലങ്ങളിൽ വെളുത്ത നിറമുള്ള ദേവാലയത്തിന് സ്വർണ നിറമുള്ള താഴികക്കുടങ്ങളാണ് ഉണ്ടായിരുന്നത്.



സെന്റ് ബേസിൽസ് കത്തീഡ്രൽ

ഒൻപതു താഴികക്കുടങ്ങളുണ്ട്. ഇതിൽ എട്ടെണ്ണം കസാൻ ആക്രമണങ്ങളെ സൂചിപ്പിക്കുന്നു. പത്താമത്തെ ദേവാലയം കൂട്ടിച്ചേർത്തത് 1558 ലാണ്. പിന്നീട് ഹിസ്റ്റോറിക്കൽ മ്യൂസിയത്തിന്റെ ഭാഗമായി ഇതു സംരക്ഷിക്കപ്പെട്ടു.

അനുഗൃഹീതനായ റഷ്യൻ ഓർത്തഡോക്സ് പുരോഹിതൻ ബേസിലിന്റെ പേരിലാണ് ഈ കത്തീഡ്രൽ അറിയപ്പെടുന്നത്. ഇദ്ദേഹം 1547 ലെ മോസ്കോയ്ക്കു നാശം വിതച്ച അഗ്നിബാധ പ്രവചിച്ചിരുന്നു. ദരിദ്രനായി ജീവിച്ച, സ്വന്തമായി വീടില്ലാത്ത, കാലാവസ്ഥയ്ക്കനുസൃതമായ കുപ്പായങ്ങളും ഷൂസും ധരിക്കാത്ത പുരോഹിതൻ. അദ്ദേഹം അന്തരിച്ചപ്പോൾ ഔദ്യോഗികബഹുമതികളോടെ നടന്ന ശവസംസ്കാരച്ചടങ്ങിൽ ഇവാൻ ദി ടെറിബിൾ ശവമഞ്ചവാഹകരിൽ ഒരുവനായി ഉണ്ടായിരുന്നു. 1588 ൽ ബേസിലിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം പത്താമത്തെ ചർച്ചിൽ അടക്കംചെയ്തിരിക്കുന്നു.

മോസ്കോയുടെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന സെന്റ് ബേസിൽസ് ദേവാലയം ഒന്നിലധികം പ്രാവശ്യം അപകടഭീഷണി നേരിട്ടിട്ടുണ്ട്. 1812 ൽ ഫ്രഞ്ച് സൈന്യം മോസ്കോയിൽനിന്നു പിൻവാങ്ങിയപ്പോൾ ദേവാലയം തകർക്കാൻ നോക്കിയെങ്കിലും പരാജയപ്പെട്ടു. 1929 സോവിയറ്റ് അധികാരികൾ പള്ളിയിലെ മണികൾ ഉരുക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഒരെണ്ണം മാത്രം പതിനാറാം നൂറ്റാണ്ടിലെ വിശുദ്ധ നാദം ഇപ്പോഴും പ്രവഹിപ്പിക്കുന്നു.

1560 ൽ നിർമാണം പൂർത്തിയായ ദേവാലയം 1923 മുതൽ മ്യൂസിയമാണ്. 1929 ൽ സ്റ്റേറ്റ് ഹിസ്റ്റോറിക്കൽ മ്യൂസിയത്തിന്റെ ഭാഗമായി. 1990–കളിൽ മതപരമായ ചടങ്ങുകൾക്കായി ഇതു തുറന്നുകൊടുത്തു. 1990 ൽ യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഈ ദേവാലയം ഇടംനേടി. 2010 മുതൽ ജൂലൈ 12 ന് ദേവാലയത്തിന്റെ ബർത്ത് ആനിവേഴ്സറി നടത്തുന്നു. സന്ദർശകരെ സ്വീകരിക്കുവാൻ ഇവാൻ ദി ടെറിബിളിന്റെ വേഷത്തിൽ കവാടങ്ങളിൽ ആളുകൾ കാത്തുനിന്ന് ആ ദിനത്തിന്റെ പ്രാധാന്യം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നു. ആഘോഷങ്ങളിൽ രാത്രി പത്തുമണി വരെ സന്ദർശകർക്കായി മ്യൂസിയം തുറന്നിടും. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഇവിടേക്ക് സന്ദർശകർ ഒഴുകിയെത്തുന്നു.

സെന്റ് ബേസിൽസ് ചർച്ച് ലോകപ്രശസ്തമായ ഒരു ടൂറിസ്റ്റുകേന്ദ്രമാണ്. റഷ്യയിലെ 16 യുനെസ്കോ സാംസ്കാരിക സൈറ്റുകളിൽ ഒന്നാണിത്.

■

കവിത

എസ്.പി. നമ്പൂതിരി

## പുതുകാലം പിറക്കുമ്പോൾ

കൊറോണയാം കഷ്ടകാല-
മെങ്കിലും നേർന്നിടുന്നു ഞാൻ
നവവർഷശുഭാശംസ
അഷ്ടൈശ്വര്യസമൃദ്ധിയും
കാലമാം വന്മരത്തിന്റെ
യിലപോലൊരു വർഷവും
പൊഴിയുന്നു, തളിർക്കുന്നു
പുതുവർഷപ്രതീക്ഷകൾ
അകന്മഷനവോന്മേഷം
നന്മയും നല്ല നാളെയും
കൈവരാനായ് ശ്രമിച്ചീടാം
ആത്മാവർപ്പിച്ചനാരതം.
പുതുവർഷം പിറക്കാനായ്
പേറ്റുനോവിന്റെ യാതന
നേരിടും ഗതകാലത്തിൻ
വർഷസംക്രമവേളയിൽ.
വേട്ടയാടുന്നിതിന്നിപ്പോൾ
ആരോഗ്യപ്രതിസന്ധികൾ
മുറിച്ചുകയറാനാർജ്ജിക്കാം
പുതുവർഷക്കരുത്തുകൾ.
നവവർഷാഗമത്തോടെ
സങ്കീർണപരിതസ്ഥിതി
നേരിടാനായ് ജയാംശംസ
ആയുരാരോഗ്യസൗഖ്യവും.
നവവത്സരമെന്നാളും
മംഗളോദാരമാകുവാൻ
കൈകോർക്കാമൊത്തുചേർന്നിടാം
പുതുവർഷപ്രതീക്ഷയിൽ.
വർഗ്ഗവർണമതാതീത-
മാനുഷ്യകസമൂഹമായ്
വിടർന്നുവികസിക്കട്ടെ
ലോകമേകകുടുംബമായ്.

# വിദ്യാഭ്യാസത്തിനു വേണം 'ഫിൻലൻഡ് മാതൃക'



റ്റോം ജോസ് തഴുവംകുന്ന്

ലോകത്തിനുതന്നെ മാതൃകയാകുന്ന വിദ്യാഭ്യാസസമ്പ്രദായമുള്ള ഫിൻലൻഡാണ് 2019 ലെ വേൾഡ് ഹാപ്പിനെസ് റിപ്പോർട്ടു പ്രകാരം ഏറ്റവും സന്തോഷഭരിതമായ രാജ്യം. ലോകമെമ്പാടുമുള്ള വിദ്യാഭ്യാസസമ്പ്രദായങ്ങളെ വിലയിരുത്തുന്നതിനായുള്ള 'പ്രോഗ്രാം ഫോർ ഇന്റർനാഷണൽ സ്റ്റുഡന്റ്സ് അസ്സസ്മെന്റ്' (പിസ) പ്രകാരം സ്ഥിരമായി ഉന്നതനിലവാരം പുലർത്തുന്ന വികസിതരാജ്യങ്ങളിൽ ഫിൻലൻഡ് ഉൾപ്പെടുന്നു. കേരളത്തിന്റെ ആറിലൊന്നു ജനസംഖ്യ മാത്രമുള്ള ഈ രാജ്യത്തെ അഴിമതിയുടെയും അക്രമത്തിന്റെയും കുറവും സാമൂഹികപിന്തുണയും ഉന്നതനിലവാരവും ആയുസും ലോകശ്രദ്ധ നേടുന്നതാണ്.

സമ്മർദ്ദരഹിതമായ ബാല്യം മക്കൾക്കു നൽകുന്നതിൽ അതീവശ്രദ്ധയുണ്ടിവിടെ. മൂന്നു വയസ്സുവരെ കുട്ടികളെ നോക്കുവാൻ അച്ഛനമ്മമാർക്കു ജോലിയിൽനിന്ന് അവധിയെടുക്കാം. ഫിന്നിഷ് ഭാഷയിൽ 'നവോള' എന്നു വിളിക്കുന്ന സവിശേഷസമ്പ്രദായത്തിൽ പ്രത്യേകം പരിശീലനം നേടിയവരുടെ നിരീക്ഷണങ്ങളും പരിശീലനങ്ങളും വിലയിരുത്തലുകളും ഏഴു വയസ്സുവരെ ഉണ്ടാകും. ലോകത്ത് ഏറ്റവും വൈകി വിദ്യാഭ്യാസം തുടങ്ങുന്നത് ഫിൻലൻഡിലാണ്. ഏഴാംവയസ്സിൽ മാത്രമാണ് കുട്ടികൾ അക്ഷരങ്ങളുടെ ലോകത്തു പ്രവേശിക്കുക. ഇതു പ്രാഥമികവിദ്യാഭ്യാസത്തിനു ബലമേറ്റുന്നു.

ഏഴുമുതൽ പതിനാറു വയസ്സുവരെ ഏകീകൃതരൂപമുള്ള പ്രീപ്രൈമറിവിദ്യാഭ്യാസം. അടിസ്ഥാനവിദ്യാഭ്യാസം കഴിഞ്ഞ് പൊതുവായതിലോ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട പഠനശാഖകളിലോ അപ്പർ സെക്കൻഡറി മൂന്നു വർഷം ചെയ്യാം. ഇതിനുശേഷം സർവ്വകലാശാലാബിരുദം.

വിഷയബന്ധിയായ പുസ്തകക്കെട്ടുകൾക്കുപകരം ഭാവിയെ അഭിമുഖീകരിക്കാനുതകുന്ന തരത്തിൽ പ്രശ്നാധിഷ്ഠിതപഠനമാണ് ഫിൻലഡിലെ രീതി. നമ്മുടെ രാജ്യത്ത് ക്ലാസ്പരീക്ഷമുതൽ ടേമ്‌ലി എക്സാമിനേഷനും ഫൈനൽ എക്സാമിനേഷനും ഇതര മത്സരപ്പരീക്ഷകളും വരെ നടത്തി മക്കളുടെ ജീവിതത്തെ അതിസമ്മർദ്ദത്തിലാക്കുമ്പോൾ, ഫിൻലൻഡിൽ അടിസ്ഥാനവിദ്യാഭ്യാസത്തിനൊടുവിൽ നടത്തുന്ന നാഷണൽ മെട്രിക്കുലേഷൻ പരീക്ഷ മാത്രമാണുള്ളത്. സർഗ്ഗാത്മകതയെ പോഷിപ്പിക്കുകയും പഠനരീതിയും പഠനഭാരം ലഘൂകരിക്കുകയും ചെയ്യുന്ന രീതി. തോൽക്കുവാനും ജയിക്കുവാനുമെന്നതിനെക്കാൾ ഒന്നിച്ചു ജീവിക്കുവാനുതകുന്ന സൗഹൃദഭാവം മക്കളിൽ വളർത്തുകയെന്നത് പഠനരീതിയിൽ പ്രാധാന്യമർഹിക്കുന്നു.

അധ്യാപനം ഏറ്റവും ആദരണീയമായ തൊഴിലാണ് ഫിൻലൻഡിൽ. ഒരു പ്രഫസറുടെ ശമ്പളത്തെക്കാൾ കൂടുതലാണ് പ്രഥമാധ്യാപകരുടെ ശമ്പളമെന്നത് നമ്മെ അതിശയിപ്പിച്ചേക്കാം. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസപരിഷ്കാരങ്ങളിലും, നയരൂപീകരണത്തിലും, സിലബസും കരിക്കുലവും തയ്യാറാക്കുന്നതിലും, എന്തിനേറെ പാഠപുസ്തകസമിതിയിൽവരെ ഒളിഞ്ഞും തെളിഞ്ഞും രാഷ്ട്രീയം ദർശിക്കാം. എന്നാൽ, ഫിൻലൻഡിൽ വിദ്യാഭ്യാസനയരൂപീകരണത്തിലും പാഠപുസ്തകസമിതിയിലും പാഠ്യപദ്ധതി തയ്യാറാക്കലിലും മൂല്യനിർണയത്തിലും അധ്യാപകർക്കാണ് മുൻഗണന. മികച്ച സംവേദനക്ഷമതയും കാര്യക്ഷമതയും മികവുറ്റ പെരുമാറ്റവും തർക്കമറ്റ വിദ്യാഭ്യാസയോഗ്യതകളും അധ്യാപകതിരഞ്ഞെടുപ്പിലെയും നിയമനത്തിലെയും അടിസ്ഥാനവിലയിരുത്തലുകളാണ്. സാധാരണ പ്രൈമറി ക്ലാസ്സുകളിൽ ഇരുപത്തിനാലു കുട്ടികൾ എന്നു നിജപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികളുമായുള്ള സംവേദനക്ഷമതയ്ക്ക് അത് ആക്കംകൂട്ടുന്നു. അധ്യാപകർക്കു വിദ്യാർത്ഥികളുടെമേൽ നല്ല കരുതലും ശിക്ഷണാധികാരങ്ങളുമുണ്ട്. അടിസ്ഥാനപരമായി പഠനമുറികളിൽ ഒരു അച്ചടക്കസാധ്യത തെളിയുന്നുവെന്നുള്ളത് വിദ്യാർത്ഥികളുടെ ഭാവിയെ സുരക്ഷിതമാക്കുന്നതോടൊപ്പം സമൂഹത്തിന്റെ സാഹോദര്യഭാവവും മികവുറ്റതാക്കുന്നു.







ഇന്ത്യയിലേക്കു വരാം. പഠനങ്ങളും നിരീക്ഷണങ്ങളും നയപരിപാടികളും മാറിയാലും അടിസ്ഥാനാശയം മാറേണ്ടതില്ലേ? വിദ്യാഭ്യാസം വെറും സാങ്കേതികതയിലോ ശാസ്ത്രീയപഠനങ്ങളിലോ യോഗ്യതാരേഖ കരസ്ഥമാക്കുന്നതിലോ ഒതുങ്ങിയാൽ മതിയോ? 'വിദ്യാഭ്യാസം ഒരു നാണയമാണ്. അതിന്റെ ഒരുവശം പ്രവൃത്തിയെയും മറുവശം ജ്ഞാനത്തെയും കാണിക്കുന്നു' എന്നാണ് രവീന്ദ്രനാഥടാഗോർ പറയുന്നത്. ഇതിൽ ജ്ഞാനസമ്പാദനത്തിൽ നമ്മുടെ വിദ്യാഭ്യാസനയങ്ങൾ മികവുറ്റതാകുമ്പോഴും പ്രവൃത്തി അഥവാ വിജ്ഞാനത്തിന്റെ പ്രായോഗികതയിൽ വിജയം കാണുന്നുണ്ടോയെന്നു വിലയിരുത്തണം. ഫിൻലൻഡിലെ ജാതിവർഗങ്ങൾക്കതീതമായ അവസരസമത്വങ്ങൾ നാം പഠനവിധേയമാക്കണം. മൂന്നുമുതൽ ആറുവരെ വയസ്സുള്ള മക്കളെ സ്കൂൾവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിലെ 'അമിതഭാരം' നാമെന്താണു കാണാതെ പോകുന്നത്?

ജീവിതത്തിലേക്കുള്ള ഉറപ്പായ പരിശീലനമാകുന്നുണ്ടോ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസമെന്നു വിലയിരുത്തണം. സാക്ഷരതയിൽ മുന്നിലാകുന്നതു നല്ലതുതന്നെ. പക്ഷേ, നമ്മുടെ വിദ്യാഭ്യാസരേഖയുമായി പുറത്തേക്കിറങ്ങിയാൽ എവിടെയാണു തൊഴിൽ? ഇതരരാജ്യങ്ങളിലെത്തിയാലും നമ്മുടെ മക്കൾക്കു മറ്റെന്തെങ്കിലും 'പ്രായോഗികവിദ്യാഭ്യാസം' ചെയ്താലല്ലേ പിടിച്ചുനില്ക്കാനാകുകയുള്ളൂ? വളരെ ലളിതവും ആയാസരഹിതവും ടെൻഷൻഫ്രീയുമായി ഇതരരാജ്യങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നവർക്ക് തൊഴിലുമുണ്ട് ജീവിതവുമുണ്ട്. ഇവിടെയെന്തുകൊണ്ട് വിദ്യാഭ്യാസം 'കാമ്പസിൽ' അവസാനിക്കുന്നു? ജീവിതത്തിന്റെ ആദ്യകാലങ്ങളിലാണ് മനുഷ്യന് അവസരങ്ങൾ ലഭിക്കേണ്ടത്. ഈ അവസരങ്ങളിലേക്ക് നാളെയുടെ മക്കളെ കൂട്ടിക്കൊണ്ടുവരാനും വ്യക്തിക്കും കുടുംബത്തിനും രാജ്യത്തിനും വ്യക്തിത്വമികവ് ഉപയുക്തമാക്കാനും നമുക്കു സാധിക്കണം. ജീവിക്കാൻ ഉത്സാഹം നൽകുന്നതാകണം പഠനം. ഒപ്പം, പ്രതിസന്ധികളെ തരണംചെയ്യാനും വിദ്യാഭ്യാസത്തിലൂടെ സാധിക്കണം.

കുഞ്ഞുങ്ങളെ കുഞ്ഞുങ്ങളാകാൻ അനുവദിക്കാത്ത സമ്മർദ്ദപഠനങ്ങളും പുസ്തകക്കൂമ്പാരങ്ങളും ആപത്താണ്. സന്തോഷഭരിതമായ മനുഷ്യസമൂഹത്തെ രൂപപ്പെടുത്തണമെങ്കിൽ 'ടെൻഷൻ ഫ്രീ' വിദ്യാഭ്യാസം ഉണ്ടാകണം. ഒപ്പം, പഠനവും ജോലിയുമെന്ന ആഗോളസങ്കല്പത്തിന്റെ സാധ്യതകൾ പ്രായോഗികവുമാകണം. പഠനംകൊണ്ട് സ്വജീവിതത്തെയും മറ്റുള്ളവരുടെ ജീവിതത്തെയും കൈപിടിച്ചുയർത്താൻ ഉതകുന്നതാകണം വിദ്യാഭ്യാസം. സഹകരണമനോഭാവത്തിലൂന്നിയ സമഗ്രവ്യക്തിത്വവികാസം വിദ്യാഭ്യാസകാലത്തു നേടിയെടുക്കാൻ പര്യാപ്തമായ വിദ്യാലയാന്തരീക്ഷം നമ്മുടെ നാട്ടിൽ ഉണ്ടാകണമെന്നത് നയരൂപീകരണത്തിലെ പ്രധാന ലക്ഷ്യങ്ങളിലൊന്നാകണം. ■

## പൂവാടി

അനുജി കെ. ഭാസി

എത്ര പൂക്കളീ
പുഷ്പവാടിയിൽ
അത്ര വർണമായ്
പെയ്തുതോർന്നപോൽ

എത്രവേഗമീ
ഉൾത്തുടിപ്പുകൾ
ചിത്തഭംഗി,
പതംഗമായതോ?

അമ്മ ചൊല്ലൂ,
'അഴക് പൂക്കുമീ
വർണമെങ്ങനെ
തൊടിയിൽ വന്നുപോയ്?'

'ശങ്കവേണ്ട,
മനുഷ്യനും മീതേ
ദൈവമുണ്ട–തിൻ
സ്പർശമിങ്ങനെ'

Deepanalam Weekly
RNI No : 16998/68
Vol. 53 No. 35 Date of Publication 7 January 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

മൂല്യാധിഷ്ഠിത പത്രപ്രവർത്തനം 54

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ഫോൺ: 04822 – 212842
*internet edition: www.deepanalam.org*
*Email: editordeepanalam@gmail.com, deepanalam@rediffmail.com*

പാലാ രൂപതയുടെ നേതൃത്വത്തിൽ വ്യാഴാഴ്ചതോറും പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഉത്തമകുടുംബവാരിക

പ്രചാരത്തിലും ഉള്ളടക്കത്തിലും മുൻപന്തിയിലേക്ക്

## അറനൂറ്റാണ്ടിലേറെയായി മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിലൂടെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വേറിട്ട ശബ്ദമായി നിലകൊള്ളുന്ന പ്രസിദ്ധീകരണം

● കാലികപ്രസക്തമായ മുഖലേഖനങ്ങൾ ● സമൂഹമനഃസാക്ഷിയാകുന്ന എഡിറ്റോറിയൽ ● സമൂഹത്തിലെ മൂല്യനിരാസങ്ങൾക്കും നീതിനിഷേധങ്ങൾക്കുമെതിരേയുള്ള തുറന്ന വിചാരണ വർത്തമാനം ● സമകാലികസർഗ്ഗവ്യാപാരങ്ങളെ അന്വേഷണവിധേയമാക്കുന്ന സാഹിത്യവിചാരം ● കാണാത്ത ദേശങ്ങളും വേറിട്ട കാഴ്ചകളുമായി സഞ്ചാരം ● സമൂഹത്തിൽ അനേകർക്കു വെളിച്ചമായിത്തീർന്ന മഹജ്ജീവിതങ്ങളെ പരിചയപ്പെടുത്തുന്ന വിളക്കുമരം ● കണ്ണിനും കാതിനും വിരുന്നേകുന്ന പ്രകൃതിക്കാഴ്ചകളുമായി ചുറ്റുവട്ടം ● കാലത്തിനും കാലാവസ്ഥയ്ക്കുമിണങ്ങിയ കൃഷിയറിവുകളുമായി കൃഷിപാഠം ● വായനക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കാർട്ടൂൺ പംക്തി മറുപുറം ● കാവ്യസൂക്തങ്ങളുടെ അകംപൊരുൾ അനാവൃതമാക്കുന്ന സൂക്തിമഞ്ജരി ● ഹൃദയങ്ങൾക്ക് ആധ്യാത്മികവെളിച്ചമേകുന്ന വചനനാളം

ഹൃദയാവർജ്ജകമായ നോവലുകൾ ▪ കഥകൾ ▪ കവിതകൾ ▪ അന്തർദ്ദേശീയ – ദേശീയ – പ്രാദേശികവാർത്തകൾ ▪ ഹരിതപാഠം ▪ കുടുംബദർശനം ▪ ആരോഗ്യപംക്തി ▪ സിനിമാ – സ്പോർട്സ് വിശേഷങ്ങൾ ▪ പാചകക്കുറിപ്പുകൾ etc...

ഒറ്റപ്രതി : 6.00 രൂപ
വാർഷികവരിസംഖ്യ: 300 രൂപ
വിദേശത്തേയ്ക്ക്: 3000 രൂപ

### പ്രതിഭ

എല്ലാ മാസവും ആദ്യത്തെ ആഴ്ച ദീപനാളം കുട്ടികളോടൊപ്പം

● ആകർഷകമായ വ്യക്തിത്വത്തിനുള്ള രസതന്ത്രങ്ങൾ ● കാര്യക്ഷമത കൂട്ടാനുള്ള വിജയമന്ത്രങ്ങൾ ● വിജയികളുടെ നേരറിവുകളും അനുഭവങ്ങളും ● മഹത്തുക്കളുടെ പ്രചോദനാത്മകചിന്തകൾ ● കുട്ടികളുടെ സർഗരചനകൾക്ക് ഒരു തുറന്ന വഴി.

കോപ്പികൾക്ക് : മാനേജർ, ദീപനാളം, പാലാ, 686575

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.




ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001:2015 Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822 262835

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com